

# റഷ്യൻ വിപ്ലവം

ലിയോൺ ട്രോട്സ്കി

On November 27, 1932, Leon Trotsky lectured at a Sunday meeting of a Socialist student gathering in Copenhagen where he excitingly emphasised his version of Socialism. A excert of the famous Speech by Trotsky reads as follows: Revolution means a change of the Social order. It tranfers the power from the hands of a class which has exhausted itself into those of another class, which is on the rise. The insurrection is the sharpest and most critical moment in the struggle of two classes for power.

Scanned and uplod by Fourth International

# കുറിപ്പ്.

ലോക ചരിത്രത്തിൽ എല്ലാം കൊണ്ടും അതീവ പ്രാധാന്യമർഹിക്കുന്നതും പുതിയൊരു വിസ്തൃതമായ വിമോചനവഴി വെട്ടിത്തുറന്നതുമായ ഒരു മഹൽ സംഭവമാണ് 'റഷ്യൻ വിപ്ലവം'. അതിന്റെ യഥാർത്ഥ ഘടനയുടെ രത്നച്ചുരുക്കമാണ് ട്രോട്സ്കിയുടെ കോപ്പൻ ഹേഗൻ പ്രസംഗം. 1932-ൽ ആണ് ട്രോട്സ്കി ഈ പ്രസംഗം ചെയ്തതു്.

ഞങ്ങളുടെ അഭ്യർത്ഥനയനുസരിച്ച് പ്രസ്തുത പ്രസംഗത്തിന്റെ പരിഭാഷ ഡോ: സി. പി. ദാമോദരക്കുറുപ്പ് ഞങ്ങൾക്ക് നല്കിയിട്ട് കൊല്ലങ്ങൾ രണ്ടു കഴിഞ്ഞു. ട്രോട്സ്കിയുടെ പ്രസംഗത്തിന്റെ മലയാള പരിഭാഷയുടെ മിക്ക ഭാഗങ്ങളും "തീനാളം" വാരികയുടെ 1959 ആഗസ്റ്റ് മുതൽ ഒക്ടോബർ വരെയുള്ള ലക്കങ്ങളിൽ പ്രസിദ്ധീകരിച്ചിരുന്നതാണ്. പരിഭാഷകന്റെ ആമുഖത്തോടു കൂടിയ അതിന്റെ പൂർണ്ണ തർജ്ജമയാണ് ഈ കൊച്ചു പുസ്തകം.

ഞങ്ങളുടെ വകയായി ഞങ്ങൾ പ്രസിദ്ധീകരിക്കുന്ന ആദ്യത്തെ പുസ്തകമാണിതു്. വായനക്കാർ ഇതർഹിക്കുന്ന പ്രോത്സാഹനം ഞങ്ങൾക്കു നല്കുമെന്നു വിശ്വസിക്കട്ടെ.

ഇരിഞ്ഞാലക്കുട
ഒക്ടോബർ, 1962.

പ്രസാധകർ.

# ആമുഖം

"വാരിത്തേപ്പിതസൂയ സച്ചരിതമേ
നിന്മേലഴുക്കെങ്കിലും,
നേരിൽ കൈകളൊരിയ്ക്കലാക്കരി
തുടച്ചെല്ലാം വെടിപ്പാക്കിടും"

(വള്ളത്തോൾ)

മഹത്സംഭവങ്ങളിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്ന ചില വ്യക്തികളുണ്ട്—ക്രോംവെൽ, വാഷിങ്ങ്ടൺ, ഡാൻടൻ, ലിങ്കൻ, ലെനിൻ, കമാൽഅത്താതുർക്ക്, സൺയാററ്സൺ മുതലായവർ. പക്ഷെ അവരാരുംതന്നെ തങ്ങൾ പങ്കെടുത്ത സംഭവങ്ങളെ ശാസ്ത്രീയമായി അപഗ്രഥിച്ച് രേഖപ്പെടുത്തിയിട്ടില്ല. ആ വിധം അപഗ്രഥനത്തിന്ന് പുറപ്പെട്ട ചരിത്രകാരന്മാരാകട്ടെ, സംഭവങ്ങളിൽ പങ്കെടുക്കുകയും ചെയ്തിരുന്നില്ല. ട്രവ്ലിയൻ, ബീർഡ്, ടോയൽബി, കാർ മുതലായവർ ചരിത്രസംഭവങ്ങളിൽ പങ്കെടുത്തിട്ടില്ല; അവയേപ്പററി പഠിയ്ക്കുകയേ ചെയ്തിട്ടുള്ളു. ഇതിന്നൊരപവാദമാണ് ലിയോൺ ട്രോട്സ്കി. അദ്ദേഹം വിപ്ലവകാരിയും ചരിത്രകാരനുമായിരുന്നു. റഷ്യൻ വിപ്ലവത്തിൽ ലെനിനെക്കഴിച്ചാൽ ഏററവും പ്രധാനമായ പങ്ക് വഹിച്ചതു് അദ്ദേഹമായിരുന്നു; വിപ്ലവത്തിന്റെ ചരിത്രമെഴുതിയവരിൽ അദ്ദേഹം എന്തുകൊണ്ടും മുൻഗണനയർഹിയ്ക്കുന്നുവെന്ന് പൊതുവെ സമ്മതിയ്ക്കപ്പെട്ടിട്ടുമുണ്ട്.

വിപ്ലവത്തിൽ ട്രോട്സ്കി വഹിച്ച പങ്കിനെപ്പററി, പിൻകാലത്ത് അദ്ദേഹത്തിന്റെ ഉഗ്ര വൈരിയായിത്തീർന്ന ജോസഫ് സ്റ്റാലിൻ 1918ൽ—വിപ്ലവം കഴിഞ്ഞ് ഒരു കൊല്ലത്തിനു ശേഷം—ഇങ്ങിനെ എഴുതിയിരുന്നു.

"സായുധാക്രമണത്തിന്റെ പ്രായോഗിക സംഘടനയെ സംബന്ധിച്ച എല്ലാ പ്രവൃത്തികളും സഖാവ് ട്രോട്സ്കിയുടെ നേരിട്ടുള്ള നേതൃത്വത്തിലാണ് നടന്നത്. സൈന്യ വിഭാഗങ്ങൾ അതിവേഗം സോവ്യററിന്റെ ഭാഗത്തേയ്ക്ക് വന്നതിന്നും, സൈനിക വിപ്ലവക്കമ്മിററിയുടെ പ്രവർത്തനം കാര്യക്ഷമമായിചെയ്തുതീർത്തതിന്നും പാർട്ടി കടപ്പെട്ടിരിയ്ക്കുന്നത് പ്രധാനമായും മററാരെക്കാളുമധികവും, സഖാവ് ട്രോട്സ്കിയോടാണെന്ന് യാതൊരു സംശയവും കൂടാതെ പറയാം"

"സ്റ്റാലിൻ എടുത്തുപറഞ്ഞിരിയ്ക്കുന്ന ആ "സൈനിക വിപ്ലവക്കമ്മിററി" യാണ് 1917 നവമ്പർ 7ാംനു-കെറൻസ്കിയുടെ മുതലാളിത്ത ഗവമ്മേണ്ടിനെ മറിച്ചിട്ട് രാഷ്ട്രീയാധികാരം മുഴുവനും സോവ്യററുകൾക്കേൽപ്പിച്ചു കൊടുത്തത്; ട്രോട്സ്കിയായിരുന്നു ആ കമ്മിററിയുടെ അദ്ധ്യക്ഷനും നേതാവും. ആ നിലയിലാണ് അദ്ദേഹം വിപ്ലവത്തിന്റെ വിജയം സാധിച്ചത്. പക്ഷെ ഇതു മാത്രമല്ല അദ്ദേഹം ചെയ്ത മഹൽ കൃത്യം.

വിപ്ലവത്തിനു ശേഷം ചതുശ്ശക്തി ഗവമ്മേണ്ടുകളുടെ പ്രതിനിധികളുമായി സമാധാന സംഭാഷണങ്ങൾ നടത്താൻ സോവ്യററ് ഗവമ്മേണ്ട് അയച്ച പ്രതിനിധി സംഘത്തിന്റെ നേതാവ് ട്രോട്സ്കിയായിരുന്നു. ബ്രസ്റ്റ്ലിറേറാവ്സ്ക് നഗരത്തിൽ വെച്ചു നടന്ന സംഭാഷണങ്ങളിൽ പ്രത്യക്ഷപ്പെട്ടത്, സായുധാക്രമണത്തിന്റെ തന്ത്ര വിദഗ്ദ്ധനായ ട്രോട്സ്കിയല്ലാ രാജ്യതന്ത്ര വിദഗ്ദ്ധനായ ട്രോട്സ്കിയായിരുന്നു. ആ നിലയിലും അദ്ദേഹം തന്റെ അസാമാന്യമായ കഴിവുകൾ പ്രദർശിപ്പിച്ചു. വളരെയടുത്ത് മാത്രം രാജ്യതന്ത്ര പ്രവർത്തനങ്ങളിലേയ്ക്കു് പ്രവേശിച്ചിരുന്ന ഈ മനുഷ്യൻ, ജർമ്മനി, ആസ്ത്രീയ, തുർക്കി എന്നീ മൂന്നു വൻസാമ്രാജ്യങ്ങളുടെ കൂട്ടായ രാജതന്ത്ര വൈദഗ്ദ്ധ്യത്തെ മണ്ണു കപ്പിച്ച കാഴ്ച, അന്നത്തെ ലോകം അത്ഭുത തസ്മിതമായി നോക്കി നിന്നിട്ടുണ്ട്. സോവ്യററ് ഗവമ്മേണ്ടിന്റെ വിദേശ കാര്യങ്ങളും ഇക്കാലത്ത് ട്രോട്സ്കി തന്നെയാണ് നടത്തിയിരുന്നത്. സാധാരണമട്ടിലുള്ള ഒരു വിദേശ കാര്യ മന്ത്രിയോടല്ല തങ്ങൾക്കിടപെടേണ്ടതെന്ന് മുതലാളിത്ത ഗവമ്മേണ്ടുകൾ അന്ന് മനസ്സിലാക്കി. പിന്നീട് ട്രോട്സ്കി ഏറെറടുത്ത കർത്തവ്യം, മുമ്പത്തേക്കാളും വമ്പിച്ചതായിരുന്നു. സോവ്യററ് ഗവമ്മേണ്ടിന്ന് അന്ന് സ്വന്തമായ പട്ടാളമുണ്ടായിരുന്നില്ല. രാജ്യത്തിലെങ്ങും വിപ്ലവ വിരോധികൾ സൈന്യ ശേഖരണം നടത്തി പുതിയ ഗവമ്മേണ്ടിന്നെതിരായി യുദ്ധം പ്രഖ്യാപിച്ചിരുന്നു. സാമ്രാജ്യത്വശക്തികൾ അവരെ ആളും ആയുധവും പണവും കൊടുത്ത് സഹായിയ്ക്കുകയും ചെയ്തിരുന്നു. ജനങ്ങളാണെങ്കിൽ ദാരിദ്ര്യത്തിലും സാമ്പത്തികത്തകർച്ചയിലും പെട്ട് വലയുകയുമായിരുന്നു. ആ അവസരത്തിലാണ് ചെമ്പടയെ സംഘടിപ്പിയ്ക്കാനുള്ള ജോലി ബോൾഷെവിക്ക് പാർട്ടി ട്രോട്സ്കിയ്ക്കു് നൽകിയത്. മുമ്പ് തോക്കുപയോഗിച്ചിട്ടില്ലാത്ത അദ്ദേഹം ആ കർത്തവ്യവും പ്രശംസാർഹമാം വിധം നിറവേററി. 18 മുതലാളിത്ത രാജ്യങ്ങളുടെ സൈന്യങ്ങൾ റഷ്യയിൽത്തന്നെയുണ്ടായിരുന്ന വിപ്ലവ വിരോധികൾ സംഘടിപ്പിച്ച സൈന്യങ്ങൾ ഇവയ്ക്കു പുറമെയാണ്.—5000 നാഴിക വിസ്തീർണ്ണമുണ്ടായിരുന്ന ഒരു സ്ഥലപരിധിയിൽ ഒരേ സമയത്ത് 5 രംഗങ്ങളിൽ വെച്ച് സോവ്യററ് ഗവമ്മേണ്ടിനോട് പട വെട്ടിയിരുന്നു. തൊഴിലാളികളുടേയും കൃഷിക്കാരുടേയും ഇടയിൽ നിന്ന് ആളുകളെ റിക്രൂട്ട് ചെയ്ത് ട്രോട്സ്കി ചെമ്പടയെ സംഘടിപ്പിച്ചു. അദ്ദേഹത്തിന്റെ സമുജ്ജ്വലമായ നേതൃത്വത്തിൽ ചെമ്പട എല്ലാ വിപ്ലവ വിരോധികളേയും തുരത്തി. യുദ്ധം നടന്ന മൂന്നു കൊല്ലക്കാലവും അദ്ദേഹം ജീവിച്ചിരുന്നത് ഒരു തീവണ്ടിയിലായിരുന്നു. അതിലിരുന്നുകൊണ്ടാണ് ഓരോ രംഗത്തിലേയും സമര പരിപാടികൾക്ക്

അദ്ദേഹം നേതൃത്വം നല്കിയതു്. യുദ്ധ ശാസ്ത്രത്തിൽ തനിയ്ക്കുള്ള പ്രാവീണ്യവും അദ്ദേഹം വെളിപ്പെടുത്തി. അഭ്യന്തര യുദ്ധത്തിൽ ജയിച്ച ആ മഹത്തായ നേട്ടത്തെ അനുസ്മരിച്ചു കൊണ്ടു് ലെനിൻ ട്രോട്സ്കിയെപ്പററി ഇങ്ങിനെ പറഞ്ഞതായി ഗോർക്കി അദ്ദേഹത്തിന്റെ സ്മരണകളിൽ രേഖപ്പെടുത്തിയിട്ടുണ്ടു്.

“വെറും ആറു മാസം കൊണ്ടു് ഒന്നാന്തരമായൊരു പട്ടാളത്തെ അടി മുതൽ സംഘടിപ്പിച്ചുണ്ടാക്കുകയും യുദ്ധത്തിൽ വിജയങ്ങൾ നേടുകയും ചെയ്യാൻ കഴിവുള്ള മററൊരു മനുഷ്യനെ എനിയ്ക്കു് കാണിച്ചു തരാമോ? ഞങ്ങൾക്കങ്ങിനെയൊരു മനുഷ്യനുണ്ടു്.”

ഇക്കാലമത്രയും സോവ്യററ് ഗവർമ്മേണ്ടിന്റെ യുദ്ധകാര്യ കമ്മിസ്സാർ ആയിരുന്നു ട്രോട്സ്കി. പക്ഷെ പട്ടാളത്തെ സംഘടിപ്പിയ്ക്കലും യുദ്ധം ചെയ്യലും മാത്രമല്ല അദ്ദേഹം ചെയ്തതു്. തോക്കുപയോഗിച്ചിരുന്നപ്പോൾ പോലും അദ്ദേഹത്തിന്റെ തൂലിക വെറുതെയിരുന്നില്ല. സാമ്പത്തികവും രാഷ്ട്രീയവും സാംസ്കാരികവുമായി വിപ്ലവത്തിന്നു നേരിടേണ്ടി വന്ന പുതിയ പ്രശ്നങ്ങളെപ്പററിയെല്ലാം പുസ്തകങ്ങളും ലഘുലേഖനങ്ങളും ലേഖനങ്ങളുമായി അദ്ദേഹം ഇക്കാലത്തു് ഒട്ടു വളരെ എഴുതിയിട്ടുണ്ടു്. കമ്മ്യൂണിസ്റ്റ് ഇൻടർനാഷനലിന്റെ മാനിഫെസ്റ്റോവും അദ്ദേഹം ഇക്കാലത്താണു് തയ്യാറാക്കിയതു്. ഇതിന്നുപുറമെ ജനങ്ങളേയും പട്ടാളക്കാരേയും ആവേശഭരിതരാക്കുന്നതിന്നു വേണ്ടി ചെയ്ത നിരവധി പ്രസംഗങ്ങൾ വേറെയും. വിപ്ലവത്തിന്റെ ഏററവും പ്രഗത്ഭനായ വാഗ്മിയായിരുന്നു അദ്ദേഹം. പലപ്പോഴും തുടർച്ചയായ പരാജയങ്ങൾ മൂലം അസ്തവീര്യരായിത്തീർന്ന പട്ടാളക്കാർ ട്രോട്സ്കിയുടെ പ്രസംഗം കേട്ട ശേഷം വൈദ്യുതപ്രസരമേററ കമ്പി പോലെ വർദ്ധിതവീര്യരായി പടയ്ക്കു പോയിട്ടുണ്ടു്.

ഇത്രയൊക്കെ കാര്യങ്ങൾ ട്രോട്സ്കിയ്ക്കു് ചെയ്യാൻ സാധിച്ചതു് യാദൃച്ഛികമല്ല. വിപ്ലവത്തിന്നു മുമ്പത്തെ അദ്ദേഹത്തിന്റെ ജീവിതം മുഴുവനും ഈ കാര്യങ്ങൾ ചെയ്യുന്നതിന്നുള്ള ഒരുക്കം മാത്രമായിരുന്നു. **18**-ാമത്തെ വയസ്സിൽ മാർക്സിസത്തിന്റെ വിമോചനസന്ദേശവുമായി തൊഴിലാളികളെ സമീപിച്ച ട്രോട്സ്കി, പിന്നീടൊരിക്കലും ആ വർഗ്ഗത്തോടും ആ ആശയ സംഹിതയോടുമുള്ള കൂറിൽ നിന്നു് കടുകിട വ്യതിചലിച്ചിട്ടില്ല. **22** വയസ്സു് പ്രായമുള്ളപ്പോൾ തന്നെ, വിജ്ഞാനത്തിലും ആശയാവിഷ്കരണപാടവത്തിലും അന്യാദൃശമായ കഴിവു് പ്രദർശിപ്പിച്ചു് പാർട്ടിയുടെ സമുന്നത നേതാക്കന്മാരുടെ ശ്രദ്ധയാകർഷിയ്ക്കാൻ അദ്ദേഹത്തിന്നു കഴിഞ്ഞു. അങ്ങിനെയാണു് അദ്ദേഹം പ്ലഖനോവ്, ലെനിൻ, മാർട്ടോവു് മുതലായ അന്നത്തെ മഹാരഥന്മാരുടെ കൂടെ പ്രവർത്തിയ്ക്കാൻ വിളിയ്ക്കപ്പെട്ടതു്.

**1903**-ൽ ബോൾഷെവിക്കുകാരും മെൻഷെവിക്കുകാരും തമ്മിൽ ഭിന്നിച്ചപ്പോൾ അദ്ദേഹം ആദ്യം മെൻഷെവിക്കുകാരുടെ കൂടെ നിന്നുവെങ്കിലും അവരുടെ മിതവാദ നയങ്ങളിൽ മടുത്തു് താമസിയാതെ അവരിൽ നിന്നും അകന്നു പോ

യി. അതിന്നു ശേഷം 1917വരെ അദ്ദേഹം ഒരു ഗ്രൂപ്പിലും അംഗമാവാതെ സ്വതന്ത്രമായി പ്രവത്തിച്ചു കൊണ്ടിരുന്നു. പക്ഷെ വ്യക്തിപരമായ ഉയർച്ചയല്ല, വിപ്ലവത്തിൻെറ വളർച്ചയായിരുന്നു അദ്ദേഹത്തിൻെറ ലക്ഷ്യം. ഒരു ജീവ ചരിത്രകാരൻ എഴുതിയ പോലെ "ട്രോട്സ്കി തൻെറ വ്യക്തിത്വത്തിൻെറ കീഴിലാണ്; പക്ഷെ അയാളുടെ വ്യക്തിത്വം വിപ്ലവത്തിൻെറ കീഴിലാണ്"

1905-ലാണ് ട്രോട്സ്കി 'അനുസ്യൂതവിപ്ലവം' എന്ന പ്രസിദ്ധമായ തത്വമാവിഷ്ക്കരിച്ചതു്. അതിന്നടുത്തു തന്നെ ഒന്നാമത്തെ റഷ്യൻ വിപ്ലവം പൊട്ടിപ്പുറപ്പെട്ടു. അതുവരെ ലേഖന വ്യവസായത്തിലും പ്രസംഗത്തിലും മാത്രമേർപ്പെട്ടിരുന്ന ട്രോട്സ്കി ഉടൻ തൂലിക മാററി വെച്ച് റഷ്യയുടെ തലസ്ഥാന നഗരത്തേയ്ക്ക് കുതിച്ചു. അവിടെ ഉണർന്നെഴുന്നേററ തൊഴിലാളി വർഗ്ഗം ഏകാധിപത്യത്തിന്നെതിരായി കൂട്ടമായി അണിനിരന്നിരുന്നു. അവരുടെ ഇടയിലേയ്ക്കാണ് ട്രോട്സ്കി നേരെ കടന്നു ചെന്നതു. വിപ്ലവോന്മുഖരായി മുന്നോട്ടു നീങ്ങുന്ന സാമാന്യ ജനങ്ങളുടെ ഇടയിൽ പ്രവത്തിയ്ക്കാനാണ് അദ്ദേഹം ഏററവുമധികം ഇഷ്ടപ്പെട്ടിരുന്നതു്. അപ്പോഴാണ് അദ്ദേഹത്തിൻെറ കഴിവുകൾ ഏററവുമധികം പ്രശോഭിച്ചിരുന്നതു്. അങ്ങിനെ അദ്ദേഹം തലസ്ഥാന നഗരത്തിലെ സോവ്യററിൻെറ അദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടു. ആ നിലയിൽ അദ്ദേഹം 1905ലെ വിപ്ലവത്തിൻെറ ഏററവും സമുന്നതനായ നേതാവായിത്തീന്നു. മറെറാരു വിപ്ലവകാരിയ്ക്കും—ലെനിന്നു പോലും—അന്ന് ട്രോട്സ്കിയെപ്പോലെ ശോഭിയ്ക്കുവാനോ, വിപ്ലവത്തിൽ പങ്കെടുക്കുവാനോ കഴിഞ്ഞിരുന്നില്ല.

വിപ്ലവത്തിൻെറ പരാജയത്തിനു ശേഷം ജീവപയ്യന്തം തടവിന്നു ശിക്ഷിയ്ക്കപ്പെട്ട ട്രോട്സ്കി തടവു ചാടി വീണ്ടും യൂറോപ്പിലെത്തി. പിന്നത്തെ 12 കൊല്ലങ്ങൾ യൂറോപ്പിലെ പല രാജ്യങ്ങളിലും അദ്ദേഹം മാറി മാറി പ്രവത്തിച്ചു. താൻ എത്തിച്ചേന്ന രാജ്യങ്ങളിലെ വിപ്ലവപ്രസ്ഥാനങ്ങളിൽ പങ്കെടുക്കുകയും, ഭാഷകൾ പഠിക്കുകയും, അവിടത്തെ ജനങ്ങളുമായി അടുത്തിടപഴകുകയും അദ്ദേഹത്തിൻെറ പതിവായിരുന്നു. അങ്ങിനെ യൂറോപ്പ്യൻ സംസ്കാരത്തിൻേറയും വിപ്ലവ പ്രസ്ഥാനങ്ങളുടേയും ഉള്ളിലേയ്ക്കിറങ്ങി ചെല്ലുവാനും മററു പല വിപ്ലവകാരികളുമായും പരിചയപ്പെട്ട്, സ്വന്തം വീക്ഷണഗതിയും വിജ്ഞാനവും വിശാലമാക്കുവാനും അദ്ദേഹത്തിന്നു കഴിഞ്ഞു. റഷ്യൻ ഭാഷയ്ക്കു പുറമെ, ഇംഗ്ലീഷ്, ഫ്രഞ്ച്, ജർമ്മൻ, ഇററാല്യൻ, സ്പാനിഷ് മുതലായ ഭാഷകളും അദ്ദേഹത്തിന്നു വശമായിരുന്നു.

ഒന്നാം മഹായുദ്ധം തുടങ്ങിയപ്പോൾ അതിനെ എതൃത്ത ചുരുക്കം ചില വിപ്ലവകാരികളിലൊരാളായിരുന്നു ട്രോട്സ്കി. ഇതിൻെറ ഫലമായി ഒരു രാജ്യത്തിലും സ്ഥിരമായി താമസിയ്ക്കാൻ സാധിയ്ക്കാതെ അദ്ദേഹത്തിന്ന് അലഞ്ഞു തിരിയേണ്ടി വന്നു. യുദ്ധ വിരോധിയായ ഒരു വിപ്ലവകാരിയെ തങ്ങളുടെ രാജ്യത്തു് വെച്ചുകൊണ്ടിരിയ്ക്കാൻ ഒരു ഗവർമ്മേണ്ടും തയ്യാറായില്ല. യുദ്ധം തുടങ്ങിയപ്പോൾ

അദ്ദേഹം ആസ്ത്രിയായിലായിരുന്നു; അവിടെ നിന്ന് പുറത്താക്കപ്പെട്ടപ്പോൾ സ്വിററ്സർലാണ്ടിലേയ്ക്കു പോയി. പിന്നീട് ഫ്രാൻസിലാണ് ജീവിച്ചതു്; യുദ്ധത്തെ എതിർത്ത് പ്രചാരവേല ചെയ്തതു കാരണം അവിടെ നിന്നും പുറത്താക്കപ്പെട്ടപ്പോൾ സ്പെയിനിലേയ്ക്ക് തിരിച്ചു. സ്പാനിഷ് ഗവർമ്മേണ്ടും അദ്ദേഹത്തെ പുറത്താക്കി; യുദ്ധത്തിന്നെതിരായി ജർമ്മൻ ഭാഷയിൽ ഒരു ലഘുലേഖയെഴുതി പ്രസിദ്ധപ്പെടുത്തിയതു കാരണം ഒരു ജർമ്മൻ കോടതി അദ്ദേഹത്തിൻെറ അസാന്നിദ്ധ്യത്തിൽ തന്നെ അദ്ദേഹത്തെ ശിക്ഷിച്ചിരുന്നു. യൂറോപ്പിലെ മറെറാരൊററ ഗവർമ്മേണ്ടും ട്രോട്സ്കിയ്ക്ക് തങ്ങളുടെ രാജ്യത്തിലേയ്ക്ക് പ്രവേശനം നൽകിയില്ല. അവസാനം അദ്ദേഹം യൂറോപ്പ് വിട്ട് അത്ലാന്തിക്കിന്നപ്പുറം അമേരിയ്ക്കയിലേയ്ക്ക് പോയി. ഇതും ഭാവിയുടെ ഒരു മുൻസൂചനയായിരുന്നു. 1929-ൽ സ്റ്റാലിന്നെതിരായ സമരത്തിൽ പരാജയപ്പെട്ട് വീണ്ടും വിദേശ വാസത്തിന്നു പോവേണ്ടി വന്നപ്പോൾ, യൂറോപ്പിലെ ഒരു രാജ്യത്തിലും സ്ഥിരമായി താമസിയ്ക്കാനദ്ദേഹത്തിന്നു സമ്മതം ലഭിച്ചില്ല. ഓരോ രാജ്യത്തിലും മാറി മാറിത്താമസിച്ച് അദ്ദേഹം അവസാനം മുമ്പുചെയ്ത പോലെ, അത്ലാന്തിക്കിന്നപ്പുറം മെക്സിക്കോവിലേയ്ക്കു പോയി.

1917-ൽ ഫിബ്രവരി വിപ്ലവത്തിൻെറ ഫലമായി സാറിസ്റ്റ് ഭരണം തകർന്നുവീണപ്പോൾ അദ്ദേഹം വീണ്ടും റഷ്യയിലേയ്ക്ക് മടങ്ങി. അവിടെവെച്ച്, അസംഗതമായി കഴിഞ്ഞിരുന്ന മുമ്പത്തെ അഭിപ്രായ വ്യത്യാസങ്ങളെല്ലാം വിസ്മരിച്ച് ലെനിനും ട്രോട്സ്കിയും യോജിച്ച് വിപ്ലവത്തിന്ന് നേതൃത്വം നൽകി.

സോവ്യററ് ഭരണം ഉറച്ചു കഴിയുകയും ലെനിൻ മരിയ്ക്കുകയും ചെയ്ത ശേഷം ട്രോട്സ്കിയെ അധികാരത്തിൽ നിന്നകററുവാൻ വേണ്ടി മററ് ബോൾഷെവിക്ക് നേതാക്കന്മാർ നടത്തിയ ഗൂഢാലോചനയുടെ ഫലമായി അദ്ദേഹം യുദ്ധകാര്യ കമ്മിസ്സാർ സ്ഥാനത്തു നിന്ന് നീക്കം ചെയ്യപ്പെട്ടു. ജനാധിപത്യത്തിന്നു വേണ്ടി അദ്ദേഹം നടത്തിയ സമരവും പരാജയപ്പെട്ടു. വിപ്ലവം അതിൻെറ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ നിന്നും ആദർശങ്ങളിൽ നിന്നും വഴുതിപ്പോവുന്നുണ്ടെന്നും, നേതൃത്വം ഉദ്യോഗസ്ഥമേധാവിത്വത്തിൻെറ ജിഹ്വമായിത്തീരുന്നുണ്ടെന്നും മനസ്സിലാക്കിയ ട്രോട്സ്കി അതിന്നെതിരായി സമരമാരംഭിച്ചു. സ്റ്റാലിനായിരുന്നു വിപ്ലവ വിരുദ്ധ പ്രവണതകളുടെ നേതാവ്. ആ സമരത്തിൽ ട്രോട്സ്കി പരാജയപ്പെട്ടു. യുദ്ധം, വിപ്ലവം, അഭ്യന്തരയുദ്ധം, ക്ഷാമം എന്നിവ നിമിത്തം വന്നു ചേർന്ന കടുത്ത കഷ്ടപാടുകൾ പത്തു കൊല്ലത്തോളം തുടച്ചയായി അനുഭവിക്കേണ്ടിവന്ന റഷ്യൻ ജനതയ്ക്ക് വീണ്ടുമൊരു സമരത്തിന്ന് കെൽപുണ്ടായിരുന്നില്ല. അതുകൊണ്ടാണ് ട്രോട്സ്കി പരാജയപ്പെട്ടതും, സ്റ്റാലിൻെറ പാർട്ടിയന്ത്രം ജയിച്ചതും. ആ പരാജയത്തിന്നു ശേഷം ട്രോട്സ്കി ആദ്യം മദ്ധ്യേഷ്യയിലെ ആൽമആററയിലേയ്ക്ക് നാടുകടത്തപ്പെട്ടു. പിന്നീട് റഷ്യയിൽ നിന്നു തന്നെ പുറത്താക്കപ്പെട്ടു. അടുത്ത നാലു കൊല്ലം അദ്ദേഹം തുർക്കി ഗവർമ്മേണ്ടിൻെറ അധീനത്തിലായിരുന്ന ഫ്രിങ്കിപ്പോ എന്ന ദ്വീപിലായിരുന്നു. ആ നാലു കൊല്ലത്തിന്നിടയിലാണ് അദ്ദേഹം റഷ്യൻ വിപ്ലവത്തിൻെറ ചരിത്രമെഴുതിയതു്.

8 മാസങ്ങളിടവിട്ട് നടന്ന ഫെബ്രുവരി–ഒക്ടോബർ എന്നീ രണ്ടു വിപ്ലവങ്ങളുടെ ചരിത്രമാണ് ട്രോട്സ്കി എഴുതിയതു്. സംഭവങ്ങൾ വെറുതെ രേഖപ്പെടുത്തി വെയ്ക്കുക മാത്രമല്ല, അവയുടെ ഉത്ഭവവും, പരസ്പരബന്ധവും, വളർച്ചയും വ്യക്തമാക്കുക കൂടി അദ്ദേഹം ചെയ്തിട്ടുണ്ട്. രേഖപ്പെടുത്തിവെച്ച വിവരങ്ങൾ കിട്ടാവുന്നതു് മുഴുവനും ശേഖരിച്ച്, ഒത്തുനോക്കി, തരം തിരിച്ച്, ശാസ്ത്രീയമായി അടുക്കിവെച്ച് ഓരോ സംഭവത്തേയും മററുള്ളവയുമായി ബന്ധപ്പെടുത്തി, വസ്തുനിഷ്ഠമായി വിശകലനം ചെയ്തു് എഴുതിയ ഒരു ഗ്രന്ഥമാണതു്. ഗവേഷണമൂല്യവും സാഹിത്യ ഭംഗിയും അതിൽ ഒത്തിണങ്ങിയിട്ടുണ്ട്. വിപ്ലവത്തേപ്പോലെ സമുജ്ജ്വലമാണ് അതിന്റെ ചരിത്രവും. വിപ്ലവത്തിന്റെ സംഘടനയ്ക്കു് നേതൃത്വം നൽകുകയും, ചെമ്പടയെ വളർത്തിയെടുത്തു് സോവ്യററ് റിപ്പബ്ളിക്കിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുകയും ചെയ്തതു് വഴി പ്രാവർത്തികരംഗത്തിൽ ട്രോട്സ്കി കരസ്ഥമാക്കിയ നേട്ടങ്ങളോട് താരതമ്യം വഹിയ്ക്കുന്നതാണ് ഈ പുസ്തകമെഴുതിയതു് വഴി ഗ്രന്ഥ രചനാരംഗത്തിൽ അദ്ദേഹത്തിന്നു് സിദ്ധിച്ച നേട്ടം. രചനയേയും ശൈലിയേയും സംബന്ധിച്ചേടത്തോളം അതൊരു കലാസൃഷ്ടിയാണ്; വസ്തുനിഷ്ഠമായ ഗവേഷണത്തെ സംബന്ധിച്ചേടത്തോളം മാർക്സിസ്റ്റ് ചരിത്ര നിർമ്മിതിയ്ക്കു് ഒരുത്തമോദാഹരണവുമാണ്.

ട്രോട്സ്കിയുടെ പുസ്തകം വായിച്ചു് ആവേശഭരിതനായി മുൻ കേരള മുഖ്യ മന്ത്രി ശ്രീ. ഇ. എം. എസ്സ്. നമ്പൂതിരിപ്പാട് 23 കൊല്ലം മുമ്പ് അതിന്റെ ഒരു സംഗ്രഹം 1917 എന്ന പേരിൽ മലയാളികൾക്ക് നല്കിയിരുന്നു. ട്രോട്സ്കിയെ സ്തുതിച്ചു കൊണ്ടു് പലതും പറഞ്ഞകൂട്ടത്തിൽ അദ്ദേഹത്തെ "വിശൈക വിപ്ലവ വീരൻ" എന്നാണ് നമ്പൂതിരിപ്പാട് വിശേഷിപ്പിച്ചതു്. ഇതൊക്കെ തെററാണ് എന്ന് പിന്നീട് നമ്പൂതിരിപ്പാട് പറഞ്ഞിട്ടുണ്ടെന്നതു് ശരിതന്നെ. പക്ഷെ കത്തോലിക്ക പൌരോഹിത്യത്തിന്റെ പിടുത്തത്തിൽ പെട്ട ഗലീലിയോവും പറയുകയുണ്ടായി; ഭൂമി സൂര്യനെ ചുററിത്തിരിയുന്നുണ്ടെന്നു് താൻ പറഞ്ഞതു് തെററാണെന്ന്. അതുകൊണ്ടു് സൂര്യന്നു ചുററുമുള്ള ഭൂമിയുടെ ഭ്രമണം നിലച്ചു പോയിട്ടില്ല. അതുപോലെത്തന്നെ സ്റ്റാലിനിസത്തിന്റെ പിടിയിൽ പെട്ടുപോയ നമ്പൂതിരിപ്പാട്, ട്രോട്സ്കിയെപ്പററി മുമ്പ് താനെഴുതിയിരുന്നതു് തെററാണെന്നു് പറഞ്ഞതുകൊണ്ടു് സത്യം സത്യമല്ലാതാവുകയില്ല.

റഷ്യയിൽ നിന്നു് പുറത്താക്കപ്പെട്ടപ്പോൾ ട്രോട്സ്കി "ഇടതു് എതുപക്ഷത്തിന്റെ ബുള്ളററിൻ" എന്നൊരു പത്രം പ്രസിദ്ധിപ്പെടുത്തിയിരുന്നു. റഷ്യയിലെ തൊഴിലാളികൾക്കിടയിൽ അതു് രഹസ്യമായി വിതരണം ചെയ്യുകയും ചെയ്തിരുന്നു. നേതൃത്വം സോഷ്യലിസ്റ്റ് തത്വങ്ങളെ ബലി കഴിയ്ക്കുകയാണെന്നും ഈ വിധം തുടന്നാൽ ബഹുജനങ്ങളുടെ ഗുണത്തിന്നു വേണ്ടി ആരംഭിയ്ക്കപ്പെട്ട വിപ്ലവം ഉദ്യോഗസ്ഥന്മാരുടേയും അവരുടെ പാർശ്വവർത്തികളുടേയും മാത്രം ഗുണത്തിന്നു വേണ്ടി ആയിത്തീരുമെന്നും ജനാധിപത്യ ശക്തികൾ നിഹനിയ്ക്കപ്പെടുന്നതു് തുടന്നു പോയാൽ അവസാനം ക്രൂരമായ ഏകാധിപത്യത്തിന്നു് റഷ്യൻ ജനത വിധേയ

രായിത്തീരുമെന്നും അദ്ദേഹം താക്കീതു് നല്കിയിരുന്നു. അതിന്നു് പകരം വീട്ടാൻ സ്റ്റാലിനും ലോകത്തിലെങ്ങുമുള്ള "കമ്മ്യൂണിസ്റ്റ്"കാരും അദ്ദേഹത്തെ അടക്കി പുലഭ്യം പറഞ്ഞു. ട്രോട്സ്കിയെപ്പററി അവർ പറയാത്ത അപവാദങ്ങളോ നുണകളോ ഇല്ല. ലോകത്തിൽ വലിയൊരു ഭാഗം ആളുകളെ ഇങ്ങിനെ നുണപ്രചരണം കൊണ്ടു് അവക്ക് തെററിദ്ധരിപ്പിയ്ക്കാൻ കഴിഞ്ഞിട്ടുണ്ടു്. പക്ഷേ സത്യം തീരേ മറച്ചുവെയ്ക്കാൻ അവക്ക് കഴിഞ്ഞിട്ടില്ല. സ്റ്റാലിൻെറ ഏകാധിപത്യം നടത്തിയ കൊടും കൃത്യങ്ങൾ അന്നു തന്നെ ട്രോട്സ്കി തുറന്നു കാണിച്ചിരുന്നു. ഇന്നു് സ്റ്റാലിൻെറ കൂട്ടാളികൾ തന്നെ അവ സമ്മതിച്ചിട്ടുണ്ടു്. പക്ഷെ അന്നു് അതു് വെളിപ്പെടുത്തിയതിന്നു് ട്രോട്സ്കിയെ അവർ ഫാസിസ്റ്റ് ഏജൻറു് എന്നു വിളിച്ചു. അവസാനം അദ്ദേഹത്തിൻെറ ശബ്ദം മററു യാതൊരു രീതിയിലും അടക്കിനിർത്താൻ നിവൃത്തി ഇല്ലെന്നു കണ്ടു് സ്റ്റാലിൻ ഒരു ഘാതകനെ അയച്ചു് അദ്ദേഹത്തെ അടിച്ചു കൊല്ലിച്ചു.

ട്രോട്സ്കിയെഴുതിയ "റഷ്യൻ വിപ്ലവചരിത്രം" 1300ലധികം പേജുകളുള്ള ഒരു ബൃഹൽ ഗ്രന്ഥമാണു്. അധികം പേക്കും അതു് മിനക്കെട്ടു് വായിയ്ക്കാൻ കഴിഞ്ഞെന്നുവരില്ല; ഇപ്പോൾ അതിൻെറ ചുരുക്കം ചില കോപ്പികൾ മാത്രമേ നിലവിലുള്ളുതാനും. (കുറച്ചു് മുമ്പ് അമേരിക്കയിലെ മിച്ചിഗൻ സർവ്വകലാശാല അതിൻെറ ഒരു പുതിയ പതിപ്പിറക്കിയിട്ടുണ്ടു്. പക്ഷെ 65ക വില വരുന്ന ആ പുസ്തകം സാധാരണക്കാക്കിടയിൽ പ്രചരിയ്ക്കുമെന്നു് തോന്നുന്നില്ല) റഷ്യൻ വിപ്ലവത്തെപ്പററി അധികം മിനക്കെടാതെ അടിസ്ഥാനപരമായ ഒരു ധാരണയുണ്ടാവണമെന്നാഗ്രഹമുള്ളവക്ക് ഏററവുമധികം ഉപകരിയ്ക്കുന്ന ഒന്നാണു് മലയാളികളുടെ മുമ്പിൽ ഞങ്ങളവതരിപ്പിയ്ക്കുന്ന ഈ കൊച്ചു പുസ്തകം. 1932–ൽ കോപ്പൻ ഹേഗനിൽവെച്ചു് ട്രോട്സ്കിചെയ്ത ഒരു പ്രസംഗത്തിൻെറ പരിഭാഷയാണിതു്. തൻെറ റഷ്യൻ വിപ്ലവ ചരിത്രത്തിൽ പറഞ്ഞിരുന്ന കാര്യങ്ങളെ ചുരുക്കി മിക്കവാറും ഗുളികാപ്രായമാക്കി അവതരിപ്പിയ്ക്കുകയാണു് ട്രോട്സ്കി ഈ പ്രസംഗത്തിൽ ചെയ്തതു്. വിപ്ലവത്തെപ്പററി അറിഞ്ഞിരിയ്ക്കേണ്ട അടിസ്ഥാനപരമായ എല്ലാ കാര്യങ്ങളും അദ്ദേഹം ഇതിൽ പരാമർശിച്ചിട്ടുണ്ടു്.

വിപ്ലവത്തെ വിശകലനം ചെയ്യുക മാത്രമല്ല, വിപ്ലവത്തോടും സോവ്യററുയൂണിയനോടും തനിയ്ക്കുള്ള മനോഭാവം വ്യക്തമാക്കുകകൂടി ചെയ്യുന്നുണ്ടു് ട്രോട്സ്കി. താൻ റഷ്യയിൽ നിന്നു് പുറത്താക്കപ്പെട്ടുവെങ്കിലും, വ്യക്തിപരമായ ആ അനുഭവത്തെ മുൻനിറുത്തിയല്ല ട്രോട്സ്കി വിപ്ലവത്തെപ്പററി അഭിപ്രായം പറഞ്ഞിരിയ്ക്കുന്നതു്. വ്യക്തികളുടെ ഇഷ്ടാനിഷ്ടങ്ങളേയോ, ഉല്ക്കർഷാപകർഷങ്ങളേയോ മുൻനിർത്തിയല്ല ചരിത്ര സംഭവങ്ങളെ മനസ്സിലാക്കേണ്ടതെന്നു് അദ്ദേഹത്തിന്നു നിർബ്ബന്ധമുണ്ടായിരുന്നു. ആ രീതിയിലാണു് അദ്ദേഹം മുതലാളിത്ത വിമർശകന്മാർക്കെതിരെ വിപ്ലവത്തെ വീറോടുകൂടി ന്യായീകരിക്കുന്നതു്. ട്രോട്സ്കിയെപ്പററി

സ്റ്റാലിനിസ്റ്റ്കാർ നടത്തിയിട്ടുള്ള തെറി പ്രചരണത്തിന്ന് ഈ ലഘുലേഖ ഫലപ്രദമായ ഒരു മറുപടിയാണ്. ട്രോട്സ്കി സോവ്യറ്റ് വിരോധിയാണെന്നും സോവ്യറ്റ് യൂണിയനെ നശിപ്പിയ്ക്കാൻവേണ്ടി മുതലാളിത്ത രാഷ്ട്രങ്ങളുമായി ഗൂഢാലോചനയിലേർപ്പെട്ടിട്ടുണ്ടെന്നും, സോവ്യറ്റ് യൂണിയനിൽ അട്ടിമറിനടത്താൻ ശ്രമിച്ചിട്ടുണ്ടെന്നും മററുമായി അങ്ങേയററം നീചമായ അനേകം ആരോപണങ്ങൾ സ്റ്റാലിനിസ്റ്റുകാർ അദ്ദേഹത്തിന്നെതിരായി ഉന്നയിച്ചിട്ടുണ്ട്. ആരോപണങ്ങൾ ഉന്നയിയ്ക്കുകയെന്നതല്ലാതെ, ഒരുതുണ്ടം തെളിവുപോലും അവർ ഹാജരാക്കിയിട്ടില്ല. പക്ഷെ ആ ആരോപണങ്ങളെ അവരുടെ സമർത്ഥമായ പ്രചരണ യന്ത്രം ലോകത്തിലെ എല്ലാം മൂലകളിലും എത്തിച്ചിട്ടുണ്ട്. എതിരാളികളെപ്പററി എന്തു നുണയും തെറിയും പറയാൻ സ്റ്റാലിനിസ്റ്റുകാർ മടിയ്ക്കയില്ലെന്ന് ഇന്ന് ലോകത്തിന്നറിയാം—വിശേഷിച്ചും ടിറേറാവിൻെറ അനുഭവത്തിനുശേഷം—പക്ഷെ 25കൊല്ലം മുമ്പ് സ്ഥിതി അതായിരുന്നില്ല. എന്നിട്ടും ട്രോട്സ്കി ആ നുണപ്രചരണത്തിന്ന് ഒട്ടൊക്കെ ഫലപ്രദമായ രീതിയിൽ തിരിച്ചടി നല്കിയിരുന്നു. ജോൺ ഡ്യൂയിയുടെ അദ്ധ്യക്ഷതയിൽ രൂപീകരിക്കപ്പെട്ട അന്വേഷണക്കമ്മീഷൻ, ട്രോട്സ്കിയുടെ മേലാരോപിച്ച കുററങ്ങളെപ്പററി നിഷ്കൃഷ്ടമായി അന്വേഷണം നടത്തുകയും, ആരോപണങ്ങൾ കള്ളമായി കെട്ടിച്ചമച്ചവയാണെന്നും ഒരെതിരാളിയെ ലോകത്തിന്നു മുമ്പിൽ കരി തേയ്ക്കാൻ വേണ്ടിയാണ് അതു് ചെയ്തതെന്നും അഭിപ്രായപ്പെട്ടിട്ടുണ്ട്. സ്റ്റാലിനിസ്റ്റുകാർ ട്രോട്സ്കിയെപ്പററി പ്രചരിപ്പിച്ച നുണകൾ അവരുടെ പിടിയിൽപ്പെട്ട് അന്ധതബാധിച്ചുപോയ 'ശുദ്ധ വിശ്വാസി'കളല്ലാതെ ആരും ഇന്ന് വിശ്വസിയ്ക്കുന്നില്ല. വിശ്വാസികൾക്കും സത്യം അറിയണമെന്നുണ്ടെങ്കിൽ, ഇന്നു വിഷമമില്ല. പക്ഷെ വിശ്വാസികളല്ലാത്തവരും ചിലപ്പോൾ സ്റ്റാലിനിസ്റ്റ് പ്രചരണത്തിന്നടിപ്പെട്ടു പോവാറുണ്ട്. അത്തരക്കാർക്ക് ട്രോട്സ്കിയുടെ യഥാർത്ഥ നിലപാട് മനസ്സിലാക്കുവാൻ ഈ ലഘുലേഖ സഹായകമാവും. ട്രോട്സ്കിയ്ക്ക് ഒരു വിപ്ലവം സംഘടിപ്പിച്ച് വിജയത്തിലേയ്ക്ക് നയിയ്ക്കാനുള്ള കെല്പുണ്ടായിരുന്നു; സ്റ്റാലിന്ന് വിജയത്തിൻെറ ഫലമുണ്ണാനുള്ള കെല്പേ ഉണ്ടായിരുന്നുള്ളു.

ലോകത്തിലെ ഏററവും വലിയ ഒരു സംഘടനയാണ് സ്റ്റാലിനിസ്റ്റുകാരുടേതു്. വമ്പിച്ച ഒരു രാഷ്ട്രത്തിൻെറ സഹായം അതിന്നുണ്ട്. ഈ ശക്തിയൊക്കെയുണ്ടായിട്ടും ട്രോട്സ്കിയെന്ന ഒററ മനുഷ്യൻെറ വിപ്ലവാശയങ്ങൾ ജനങ്ങൾക്കിടയിൽ പ്രചരിയ്ക്കുന്നതിനെ അവർ ഭയപ്പെട്ടു. ഈ മനുഷ്യനിൽ നിന്നു് സത്യം ജനങ്ങളറിയുമെന്നും അവർ ഭയപ്പെട്ടു. അങ്ങിനെയാണ് സത്യത്തിന്നു ചുററും നുണ കൊണ്ടൊരു മതിൽ കെട്ടാനവരൊരുങ്ങിയതു്. ട്രോട്സ്കിയെ എന്തുചെയ്തും കരിവാരിത്തേയ്ക്കാനവർ ശ്രമിച്ചതും ഇതുകൊണ്ടായിരുന്നു. ട്രോട്സ്കിയുടെ ഒരു ലേഖനം പോലും മലയാളത്തിൽ തർജ്ജിമചെയ്ത് വന്നതിന്നു മുമ്പുതന്നെ ഇവിടത്തെ സ്റ്റാലിനിസ്റ്റുകാർ ട്രോട്സ്കിയ്ക്കെതിരായി ലേഖനങ്ങളും ഒരു ലഘുലേഖയും ഇറക്കുകയുണ്ടായി. അത്രയ്ക്കുണ്ടായിരുന്നു അവർക്ക് ട്രോട്സ്കിയോടുള്ള വെറുപ്പ്

ഭയവും. പക്ഷെ ഈ സ്റ്റാലിനിസ്റ്റ് നുണ കൂമ്പാരങ്ങളെയെല്ലാം തുളച്ച് കടന്ന് ട്രോട്സ്കിയെപ്പററിയുള്ള സത്യങ്ങളും അദ്ദേഹത്തിൻെറ ആശയങ്ങളും ജനങ്ങളെ സാവധാനത്തിലായാലും സമീപിയ്ക്കുന്നുണ്ട്. 1936 ൽ അദ്ദേഹം ഇങ്ങിനെ പറയുകയുണ്ടായി. "നമ്മുടെ എല്ലുകൾ പതപ്പിച്ചുപോയാലും തരക്കേടില്ല, സത്യം വിജയിയ്ക്കും". ട്രോട്സ്കിയുടേയും മററനേകം വിപ്ലവകാരികളുടേയും എല്ലുകൾ സ്റ്റാലിനിസം പതപ്പിച്ചുകളഞ്ഞിട്ടുണ്ട്; പക്ഷെ സത്യം വിജയിയ്ക്കുന്നുണ്ട്. സത്യത്തെ തടുത്തു നിർത്താൻ പോന്ന ഒരു മതിൽക്കെട്ട് ഇതുവരെ ആർക്കും ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല; സ്റ്റാലിനിസ്റ്റുകാർക്കും അത് സാധിക്കുകയില്ല. സത്യം കൂടുതൽ ആളുകൾക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിൽ ഈ ലഘുലേഖ തീർച്ചയായും സഹായകമായിരിയ്ക്കും.

1932 ലാണ് ട്രോട്സ്കി ഈ പ്രസംഗം ചെയ്തതു്. അതിന്നു ശേഷം ഒരു കാൽ നൂററാണ്ടിലധികം കഴിഞ്ഞു. അതിലിടയ്ക്ക് റഷ്യയിലും ലോകത്തിലും അനേകം സംഭവവികാസങ്ങളുണ്ടായിട്ടുണ്ട്. ട്രോട്സ്കിയുടെ ശൈലിയിൽ പറഞ്ഞാൽ "ഒർസ്പന്ത് നദിയിലേയും കടലിടുക്കുകളിലേയും വെള്ളം അനേകം തവണ മാറിപ്പോയിട്ടുണ്ട്. യൂറോപ്പിലെ നദികളും കടലുകളും ഒട്ടധികം രക്തം ഒഴക്കിക്കളഞ്ഞിട്ടുണ്ട്". റഷ്യയിലെ നദികളിൽ കൂടി സ്റ്റാലിൻ വീഴ്ത്തിയ ഒട്ടേറെ രക്തം ഒഴകിപ്പോയിട്ടുമുണ്ട്, എന്ന് നമുക്ക് ഇതിനെ പൂരിപ്പിയ്ക്കാം.

തർജ്ജമയിൽ മൂല കൃതിയുടെ ഗൌരവവും ഭംഗിയും ചോർന്നു പോവാതിരിയ്ക്കാൻ കഴിയുന്നതും ശ്രമിച്ചിട്ടുണ്ട്. അതേ അവസരത്തിൽ ഭാഷ കഴിയുന്നതും ലളിതമാക്കുവാനും നോക്കിയിട്ടുണ്ട്. ഇതിന്നുവേണ്ടി വാക്യാനുവാക്യ തർജ്ജിമ ചുരുക്കമായേ ചെയ്തിട്ടുള്ളൂ. എന്നാലും പലയിടങ്ങളിലും ട്രോട്സ്കിയുടെ ശൈലിയുടെ ഊർജ്ജസ്വലത പരിഭാഷയിൽ നഷ്ടപ്പെട്ടിട്ടുണ്ടെന്ന് പരിഭാഷകന്നു തന്നെ അറിയാം. ചിലേടത്തു് തർജ്ജമ മിക്കവാറും ദുഷ്കരമായിരുന്നു—വിശേഷിച്ചും അവസാനഘട്ടത്തിൽ. എന്നിരുന്നാലും ട്രോട്സ്കിയുടെ ആശയങ്ങൾ ചോർന്നുപോവാതേയും അംഗഭംഗം വരാതെയും പരിഭാഷയിൽ വരുത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് വിശ്വാസം. ട്രോട്സ്കി ഈ പ്രസംഗം ചെയ്തതു് ജർമ്മൻ ഭാഷയിലായിരുന്നു. അതിൻെറ ഇംഗ്ലീഷ് പരിഭാഷയാണ് ഈ തർജ്ജിമയ്ക്കുപയോഗിച്ചിരിയ്ക്കുന്നതു്.

ദാമോദരക്കുറുപ്പ്.

# റഷ്യൻ വിപ്ലവം

## ട്രോട്സ്കി ചെയ്ത പ്രസംഗം.

കോപ്പൻഹേഗനിൽ ഞാനാദ്യമായി വന്നതു് അന്താരാഷ്ട്രീയ സോഷ്യലിസ്റ്റ് സമ്മേളനത്തിൽ പങ്കെടുക്കാനായിരുന്നു. നിങ്ങളുടെ ഈ നഗരത്തെപ്പററി അനേകം മധുരസ്മരണകളും കൊണ്ടാണു് ഞാൻ അന്നു തിരിച്ചു പോയതു്. പക്ഷെ അതു് കാൽ നൂററാണ്ടിനു മുമ്പായിരുന്നു. അതിനു ശേഷം നിങ്ങളുടെ ഓർസുന്തു് ജലാശയത്തിലേയും കടലിടുക്കുകളിലേയും വെള്ളം അനേകം തവണ മാറിപ്പോയിട്ടുണ്ടു്; വെള്ളം മാത്രമല്ല, മററു പലതും. യുദ്ധം പഴയ യൂറോപ്യൻ ഭൂഖണ്ഡത്തിൻെറ നട്ടെല്ലു് പൊട്ടിച്ചുകളഞ്ഞു. യൂറോപ്പിലെ നദികളും കടലുകളും ഒട്ടധികം രക്തം ഒഴുക്കിക്കളഞ്ഞിട്ടുണ്ടു്. മനുഷ്യരാശി, യൂറോപ്പിലെ മനുഷ്യരാശി പ്രത്യേകിച്ചും, രൂക്ഷമായ പരീക്ഷണങ്ങളിൽക്കൂടി കടന്നു പോയിട്ടുണ്ടു്; കൂടുതൽ അപ്രസന്നമായിത്തീർന്നിട്ടുണ്ടു് കൂടുതൽ നിർദ്ദയമായിട്ടുണ്ടു്. ഏതു രീതിയിലുള്ള സംഘട്ടനവും അധികമധികം തീക്ഷ്ണമായിരിക്കുകയാണു്. വമ്പിച്ച ഒരു പരിവർത്തനത്തിൻെറ ഘട്ടത്തിലേയ്ക്കു് ലോകം പ്രവേശിച്ചിരിക്കുന്നു. ഈ ഘട്ടത്തിൻെറ അങ്ങേയററത്തോളമെത്തിയ പ്രകടന രൂപങ്ങളാണു് യുദ്ധവും വിപ്ലവവും.

പ്രസംഗ വിഷയമായ 'വിപ്ലവ'ത്തിലേയ്ക്കു് കടക്കുന്നതിനു മുമ്പു് ഈ പൊതുയോഗത്തിനേർപ്പാടു ചെയ്ത സോഷ്യൽ ഡെമോക്രാററിക്കു് വിദ്യാർത്ഥി സംഘടനയോടു് നന്ദി പ്രകടിപ്പിക്കേണ്ടതു് എൻെറ ചുമതലയായി ഞാൻ കരുതുന്നു. ഞാനിതു ചെയ്യുന്നതു് ഒരു രാഷ്ട്രീയ പ്രതിയോഗിയുടെ നിലയിലാണു്. എൻെറ പ്രസംഗം ചരിത്രപരവും, ശാസ്ത്രീയവുമായ സരണികളെയാണു്, രാഷ്ട്രീയ സരണികളെയല്ല, പിൻതുടരുന്നതു് എന്ന കാര്യം വാസ്തവം തന്നെ. ഇതു് ആദ്യം തന്നെ ഉറപ്പിച്ചു പറയുവാൻ ഞാനാഗ്രഹിക്കുന്നു. പക്ഷേ, സോവ്യയററു് റിപ്പബ്ളിക്കിന്നു് പിറവി നൽകിയ ഒരു വിപ്ലവത്തെപ്പററി സംസാരിക്കുമ്പോൾ ഒരു രാഷ്ട്രീയ നിലപാടെടുക്കാതെ നിവൃത്തിയില്ല. വിപ്ലവത്തിൽ പങ്കെടുത്തപ്പോൾ ഞാൻ നിന്നിരുന്ന ആ പതാകയുടെ കീഴിൽത്തന്നെയാണു് ഒരു പ്രാസംഗികനെന്ന നിലയിലും ഞാൻ നില്ക്കുന്നതു്.

യുദ്ധാരംഭംവരെ ബോൾഷേവിക്കു് പാർട്ടി സോഷ്യൽ ഡെമോക്രാററിക്കു് ഇൻറർനേഷണലിൻെറ ഭാഗമായിരുന്നു. **1914** ആഗസ്റ്റ് **4**-ാംനു- ജർമ്മനിയിലെ സോഷ്യൽ-ഡെമോക്രാററുകാർ യുദ്ധച്ചിലവുകൾക്കനുകൂലമായി ചെയ്ത

വോട്ടു് ഈ ബന്ധത്തെ എന്നേക്കമായി അവസാനിപ്പിച്ചു; ബോൾഷേവിസവും, സോഷ്യൽ ഡെമോക്രസിയും തമ്മിൽ വിട്ടുവീഴ്ചയില്ലാത്ത, അപ്രതിഹതമായ ഒരു സമരവും അതോടുകൂടി ആരംഭിച്ചു. ഈ യോഗത്തിനേർപ്പാടു ചെയ്തവർ എന്നെ പ്രസംഗിക്കാൻ ക്ഷണിച്ചതു് തെററാണെന്നാണോ ഇതിന്നർത്ഥം? ഈ കാര്യത്തിൽ എന്റെ പ്രസംഗം കഴിഞ്ഞ ശേഷം മാത്രമെ സഭാവാസികൾക്കു് ഒരു വിധി പറയുവാൻ സാധിയ്ക്കുയുള്ളു. റഷ്യൻ വിപ്ലവത്തെപ്പററി ഒരു റിപ്പോർട്ടു് സമർപ്പിക്കാനുള്ള ക്ഷണനം സ്വീകരിച്ചതിന്റെ ന്യായീകരണമായി ഒരു കാര്യം ഞാൻ ചൂണ്ടിക്കാണിക്കട്ടെ: 35 കൊല്ലം നീണ്ടു നിന്ന എന്റെ രാഷ്ട്രീയ പ്രവർത്തനത്തിൽ, എന്റെ ചിന്തയുടേയും പ്രവർത്തനങ്ങളുടേയുമെല്ലാം പ്രായോഗികവും താത്വികവുമായ അച്ചുതണ്ടു് റഷ്യൻ വിപ്ലവത്തിന്റെ പ്രശ്നമായിരുന്നു. തുർക്കി രാജ്യത്തിൽ ഞാൻ കഴിച്ച നാലു കൊല്ലവും റഷ്യൻ വിപ്ലവത്തിന്റെ പ്രശ്നങ്ങളെ ചരിത്രപരമായി വിശദീകരിക്കുന്നതിന്നു വേണ്ടിയാണു് പ്രധാനമായും വിനിയോഗിയ്ക്കപ്പെട്ടതു്. വിപ്ലവത്തിന്റെ സുഹൃത്തുക്കളേയും അനുഭാവികളേയും മാത്രമല്ല, ശത്രുക്കളെ കൂടിയും, മുമ്പു് അവരുടെ ശ്രദ്ധയിൽ പെടാതെ കിടന്നിരുന്ന പല വശങ്ങളേയും മനസ്സിലാക്കുവാൻ സഹായിക്കുന്നതിൽ ഭാഗികമായെങ്കിലും ഞാൻ വിജയിക്കുമെന്നാശിയ്ക്കാൻ ഇതു് വഴി നൽകുന്നുണ്ടു്. അതെന്തായാലും എന്റെ പ്രസംഗത്തിന്റെ ഉദ്ദേശം, 'മനസ്സിലാക്കാൻ സഹായിക്കുക' എന്നതാണു്. എന്റെ ഉദ്ദേശം വിപ്ലവത്തിന്നു വേണ്ടി പ്രചാരവേല നടത്തുകയല്ല, വിപ്ലവത്തിൽ ചേരാൻ നിങ്ങളെ ക്ഷണിക്കുകയുമല്ല, വിപ്ലവത്തെ വിശദമാക്കുക മാത്രമാണു്.

സാമൂഹ്യ ശാസ്ത്ര സംബന്ധിയായ ചില പ്രാഥമിക തത്വങ്ങളെപ്പററി പറഞ്ഞുകൊണ്ടു് നമുക്കു് തുടങ്ങാം. ഈ തത്വങ്ങൾ നിങ്ങൾക്കെല്ലാം സംശയമെന്യേ പരിചിതമായിരിക്കും. എന്നാലും വിപ്ലവത്തെപ്പോലെ അത്രയധികം സങ്കീർണ്ണമായ ഒരു പ്രതിഭാസത്തെ സമീപിക്കുമ്പോൾ ഇവയെ നമ്മുടെ സ്മരണയിൽ പുതുക്കി വെയ്ക്കുന്നതാവശ്യമാണു്.

മനുഷ്യ സമുദായമെന്നതു് നിലനില്പിന്നു വേണ്ടിയുള്ള സമരത്തിൽ ചരിത്രപരമായി ഉയർന്നുവരുന്ന ഒരു കൂട്ടുജോലിയും, തലമുറകൾ നിലനില്ക്കുമെന്നതിന്റെ ഉറപ്പുമാണു്. ഒരു സമുദായത്തിന്റെ സ്വഭാവം നിർണ്ണയിക്കുന്നതു്, അതിന്റെ സാമ്പത്തിക ഘടനയുടെ സ്വഭാവമാണു്.

ഉല്പാദന ശക്തികളുടെ വളർച്ചയിലെ ഓരോ ബൃഹൽ കാലഘട്ടത്തോടും പൊരുത്തപ്പെട്ടുകൊണ്ടു്, സുവ്യക്തമായ ഓരോ സാമൂഹ്യ ക്രമവുമുണ്ടായിരിയ്ക്കും. ഓരോ സാമൂഹ്യ ക്രമവും ഇതുവരെയായി ഭരണ വർഗ്ഗത്തിന്നു വമ്പിച്ച ഗുണങ്ങൾ നേടിക്കൊടുത്തിട്ടുണ്ടു്.

സാമൂഹ്യ ക്രമങ്ങൾ ശാശ്വതങ്ങളല്ലെന്നു് ഇതിൽ നിന്നു വ്യക്തമാണു്. അവ ചരിത്രപരമായി ഉയർന്നു വരുന്നു; പിന്നീടു് പുരോഗതിയുടെ ചങ്ങലകളായി

ത്തീരുന്നു. "ഉയന്നു വരുന്നതെല്ലാം നശിപ്പിക്കപ്പെടാനർഹമാണ്."

പക്ഷേ, യാതൊരു ഭരണാധികാരി വർഗ്ഗവും സ്വമേധയാ സമാധാനപരമായി അധികാരത്തിൽ നിന്നു് ഒഴിഞ്ഞിട്ടില്ല. ജീവൻമരണ പ്രശ്നങ്ങളിൽ ശക്തിയെ ആസ്പദപ്പെടുത്തിയ വാദത്തിന്നു പകരം, യുക്തിയെ ആസ്പദപ്പെടുത്തിയ വാദം ഒരിയ്ക്കലും വിലപ്പോയിട്ടില്ല. ഇതു് വ്യസനകരമായിരിയ്ക്കാം; എങ്കിലും കാൎയ്യമങ്ങിനെയാണ്. ഈ ലോകമുണ്ടാക്കിയതു് നമ്മളല്ലല്ലൊ? ഏതു രീതിയിലാണോ അതു് ഉള്ളതു് ആ രീതിയിൽത്തന്നെ അതിനെ സ്വീകരിക്കുകയേ നമുക്കു നിൎവ്വാഹമുള്ളൂ.

## വിപ്ലവത്തിന്റെ അൎത്ഥം

വിപ്ലവമെന്നു വെച്ചാൽ സാമൂഹ്യ ക്രമത്തിലൊരു പരിവൎത്തനം എന്നാണൎത്ഥം. കഴിവുകളവസാനിച്ചുകഴിഞ്ഞ ഒരു വൎഗ്ഗത്തിന്റെ കൈകളിൽ നിന്നു്, ഉയന്നുവരുന്ന ഒരു വൎഗ്ഗത്തിന്റെ കൈകളിലേയ്ക്കു് അധികാരം മാററുകയാണ് വിപ്ലവം ചെയ്യുന്നതു്. രണ്ടു വൎഗ്ഗങ്ങൾ തമ്മിൽ അധികാരത്തിന്നുവേണ്ടി നടക്കുന്ന സമരത്തിലെ ഏററവും തീക്ഷ്ണമായ, നിൎണ്ണായകമായ നിമിഷമാണ് സായുധാക്രമണം. (Insurrection) വിപ്ലവത്തിന്റെ യഥാൎത്ഥ വിജയത്തിലേയ്ക്കും പുതിയൊരു സമുദായ വ്യവസ്ഥയുടെ സ്ഥാപനത്തിലേയ്ക്കും സായുധാക്രമണം നീങ്ങണമെങ്കിൽ, അതു് ഒരു പുരോഗാമി വൎഗ്ഗത്തെ അടിസ്ഥാനപ്പെടുത്തിയിരുന്നാലെ പററൂ. ജനങ്ങളിൽ വമ്പിച്ച ഭൂരിപക്ഷത്തേയും ചുററും അണി നിരത്തുവാൻ ആ വൎഗ്ഗത്തിന്നു കഴിയുകയും വേണം.

പ്രകൃതിയിൽ നടക്കുന്ന സംഭവങ്ങളിൽ നിന്നു് വിപ്ലവത്തിനുള്ള വ്യത്യാസമിതാണ്: വിപ്ലവം നടത്തുന്നതു് മനുഷ്യ ജീവികളാണ്; മനുഷ്യ ജീവികളിൽ കൂടിയാണതു് നടക്കുന്നതും. പക്ഷെ, വിപ്ലവം നടക്കുമ്പോൾപോലും, മനുഷ്യർ പ്രവൎത്തിക്കുന്നതു് സാമൂഹ്യ പരിതഃസ്ഥിതികളുടെ സ്വാധീനതയേററുകൊണ്ടാണ്. ആ പരിതഃസ്ഥിതികൾ കഴിഞ്ഞ കാലങ്ങളിൽ നിന്നു് അവൎക്കു് ഏല്പിച്ചു കിട്ടുന്നവയാണ്; അവർ ഇഷ്ടംപോലെ തിരഞ്ഞെടുക്കുന്നവയല്ല; മനുഷ്യരവലംബിയ്ക്കേണ്ട മാൎഗ്ഗം അവ ശാസനാപൂൎവ്വം ചൂണ്ടിക്കാണിക്കുകയും ചെയ്യും. ഈ കാരണം കൊണ്ടു്—ഈ കാരണംകൊണ്ടു മാത്രം —വിപ്ലവം ചില നിയമങ്ങളെ അനുസരിയ്ക്കുന്നു.

പക്ഷേ, മനുഷ്യബോധം അതിന്റെ വസ്തുനിഷ്ഠമായ പരിതഃസ്ഥിതികളെ നിൎജ്ജീവമായങ്ങനെ പ്രതിഫലിപ്പിയ്ക്കുക മാത്രമല്ല ചെയ്യുന്നുള്ളു. ആ പരിതഃസ്ഥിതികളുടെ നേരെ സജീവമായ ഒരു പ്രതികരണമുളവാക്കുന്നതും മനുഷ്യബോധത്തിന്റെ പതിവാണ്. ചില പ്രത്യേകാവസരങ്ങളിൽ ആ പ്രതികരണം, ഉൽക്കടമായ, വികാരോജ്ജ്വലമായ, ബഹുജനാധിഷ്ഠിതമായ സ്വഭാവം കൈക്കൊള്ളുന്നു. അപ്പോൾ അവകാശത്തിന്റേയും ബലത്തിന്റേയുമായ എല്ലാ തടസ്ഥങ്ങളും

തട്ടിനീക്കപ്പെട്ടും. ചരിത്ര സംഭവങ്ങളിൽ ബഹുജനങ്ങൾ സജീവമായി ഇടപെടുകയെന്നതു് വിപ്ലവത്തിൻെറ ഒഴിച്ചുകൂടാത്ത ഒരു ഘടകമാണു്.

പക്ഷെ അങ്ങേയററം പ്രചണ്ഡമായ പ്രവത്തനം പോലും വിപ്ലവത്തിലേയ്ക്കുയരാതെ വെറുമൊരു പ്രകടനത്തിൻേറയോ ലഹളയുടേയോ നിലയിൽ തന്നെ നിന്നേയ്ക്കാം. ജനതയുടെ ഉയിർത്തെഴുന്നേല്പ് ഒരു വർഗ്ഗത്തിൻെറ മേധാവിത്വത്തെ മറിച്ചിട്ടു് മറെറാരു വർഗ്ഗത്തിൻെറ മേധാവിത്വം സ്ഥാപിയ്ക്കുന്നതിൽ ചെന്നെത്തണം. എന്നാൽ മാത്രമെ ഒരു വിപ്ലവം സാക്ഷാത്കരിക്കപ്പെടുകയുള്ളൂ. ജനങ്ങളുടെ ഉയിർത്തെഴുന്നേല്പ് ഒററപ്പെട്ട ഒരു സംഭവ വികാസമല്ല; ആക്കം അതു് ഇഷ്ടമുള്ളപ്പോളങ്ങു് തട്ടിയുണ്ടാക്കാനും സാദ്ധ്യമല്ല. വിപ്ലവത്തിൻെറ വളർച്ചയിലെ വസ്തു നിഷ്ഠിതമായ ഒരു ഘടകമാണതു; അതുപോലെ തന്നെ വിപ്ലവമെന്നതു് സമുദായത്തിൻെറ വളച്ചയിലെ വസ്തു നിഷ്ഠിതമായ ഒരു പ്രക്രിയയാണു്. ജനങ്ങളുടെ ഉയിർത്തെഴുന്നേല്പിനാവശ്യമായ പരിതസ്ഥിതികൾ നിലനില്പുണ്ടെങ്കിൽ, നിഷ്ക്രിയരായി വെറുതെ കയ്യുംകെട്ടി വാപിളർന്നിരിക്കുകയല്ല വേണ്ടതു്. ഷേക്സ്പീയർ പറയുന്നപോലെ: „മാനുഷിക കാര്യങ്ങളിൽ ഏററിറക്കങ്ങളുണ്ടു്; വേലിയേററത്തിൽ കയറിപ്പിടിച്ചാൽ വിജയത്തിലെത്താം.''

കാലഹരണം വന്ന ഒരു സാമൂഹ്യ ക്രമത്തെ തുടച്ചു മാററണമെങ്കിൽ, പുരോഗാമിയായ വർഗ്ഗം അതിൻെറ അവസരം വന്നിരിക്കുന്നുവെന്നു മനസ്സിലാക്കി, അധികാരം കരസ്ഥമാക്കാനുള്ള ലക്ഷ്യം മുന്നിൽ വെച്ചു് പ്രവത്തിയ്ക്കണം. ഇവിടെയാണു് ബോധപൂവ്വമായ വിപ്ലവ പ്രവത്തനത്തിൻെറ രംഗം തുറക്കുന്നതു്. ദീഘദൃഷ്ടിയും കണക്കു കൂട്ടലും ഇവിടെ വെച്ചു് കരുളുറപ്പും ധൈര്യവുമായി കൂടിച്ചേരുന്നു. മററുവാക്കുകളിൽ പറഞ്ഞാൽ പാട്ടിയുടെ പ്രവത്തനരംഗം ഇവിടെ വെച്ചു് ആരംഭിക്കുന്നു.

പുരോഗാമിയായ വഗ്ഗത്തിൻെറ ഏററവും നല്ല ഭാഗത്തെ പാട്ടി തന്നിൽ യോജിപ്പിച്ചു് നിത്തണം. സാഹചര്യങ്ങൾക്കനുസരിച്ചു് സ്വന്തം വീക്ഷണഗതി രൂപവല്ക്കരിയ്ക്കാനും, സംഭവഗതികളുടെ നീക്കവും പരസ്പര ബന്ധവും മനസ്സിലാക്കുവാനും, നേരത്തെ തന്നെ ജനങ്ങളുടെ വിശ്വാസമാജ്ജിയ്ക്കാനും കഴിവുള്ള ഒരു പാട്ടിയില്ലെങ്കിൽ തൊഴിലാളിവഗ്ഗ വിപ്ലവത്തിൻെറ വിജയം അസാദ്ധ്യമാണു്. സായുധാക്രമണത്തിൻേറയും വിപ്ലവത്തിൻേറയും മനോനിഷ്ഠവും വസ്തുനിഷ്ഠവുമായ ഘടകങ്ങളുടെ പരസ്പരബന്ധം ഇതൊക്കെയാണു്.

വാദപ്രതിവാദങ്ങളിൽ, പ്രത്യേകിച്ചും മതപരമായ വാദപ്രതിവാദങ്ങളിൽ, ശാസ്ത്രീയ സത്യത്തെ അവമതിയ്ക്കാൻ വേണ്ടി എതിരാളികൾ സത്യത്തെ അസംബന്ധത്തിലേയ്ക്കു് ഉന്തിനീക്കുക പതിവുണ്ടെന്നു് നിങ്ങൾക്കറിയാമല്ലോ. തക്കശാസ്ത്രത്തിൽ ഇതിനു പറയുക 'റിഡക്ക്യോ എഡ് അബ്സർഡം' (Reductio Ad Absurdom) എന്നാണു്. നാം ഇതിന്നു വിപരീതമായ ഒരു മാഗ്ഗം പിന്തു

ടരുക. നമുക്കു് ഒരു അസംബന്ധത്തിൽ നിന്നു തുടങ്ങാം; അങ്ങിനെയായാൽ കൂടുതൽ രക്ഷാബോധത്തോടു കൂടി സത്യത്തെ സമീപിയ്ക്കാം. അസംബന്ധങ്ങളില്ലെന്നു യാതൊരു പരാതിയ്ക്കും അവകാശമില്ല. അവയിൽ ഏററവും പുതിയതും ഏററവും അരോചകവുമായ ഒന്നിനെ നമുക്കു പരിശോധിക്കുക.

ഇററാലിയൻ ഗ്രന്ഥകാരനായ 'മാലാപാർത്ത്', കുറച്ചുമുമ്പു് 'അധികാര കയ്യേററ * ത്തിൻെറ തന്ത്രത്തെ'പ്പററി ഒരു പുസ്തകമിറക്കിയിട്ടുണ്ടു്. അദ്ദേഹം ഏതാണ്ടൊരു ഫാസിസ്റ്റ് താത്വികവിദഗ്ദ്ധനാണു്; അങ്ങിനെയുമുണ്ടു് ചില കൂട്ടർ. തികച്ചും സ്വാഭാവികമായിത്തന്നെ ഈ ഗ്രന്ഥകാരൻ തൻെറ 'അന്വേഷണ'ത്തിലൊരു നല്ലഭാഗം ഒക്ടോബർ വിപ്ലവത്തിന്നു വേണ്ടിയാണു് ചിലവാക്കിയതു്.

ലെനിൻെറ തന്ത്രങ്ങൾ 1917-ൽ റഷ്യയിൽ നില നിന്നിരുന്ന സാമൂഹ്യവും രാഷ്ട്രീയവുമായ സ്ഥിതിഗതികളോടു് എപ്പോഴും ബന്ധപ്പെട്ടുനിന്നിരുന്നു. പക്ഷെ, അതിൽനിന്നു വ്യത്യസ്ഥമായ രീതിയിൽ, 'ട്രോട്സ്കിയുടെ തന്ത്രങ്ങൾ', മാലാപ്പാർത്തയുടെ വാക്കുകളിൽ, 'യാതൊരു രീതിയിലും രാജ്യത്തിലെ പൊതുസ്ഥിതികളുമായി ബന്ധപ്പെട്ടിരുന്നില്ല'. ഇതാണു് ആ പുസ്തകത്തിലെ പ്രധാനാശയം. തൻെറ പുസ്തകത്തിൻെറ പേജുകളിൽവെച്ചു് ഒട്ടനേകം സംഭാഷണങ്ങൾ നടത്താൻ ലെനിനേയും ട്രോട്സ്കിയേയും മാലാപാർത്ത് നിർബ്ബന്ധിക്കുന്നു. പ്രകൃതി മാലാപാർത്തെയ്ക്കു് നല്കിയത്ര മാനസികാവഗാഹം ഈ സംഭാഷണങ്ങളിൽ പങ്കെടുക്കുന്ന രണ്ടുപേരും പ്രദർശിപ്പിക്കുന്നുമുണ്ടു്. ജനങ്ങളുടെ ഉയിർത്തെഴുന്നേല്പിന്നു് ആവശ്യം ഉണ്ടായിരിക്കേണ്ട സാമൂഹ്യവും രാഷ്ട്രീയവുമായ മുൻഉപാധികളെപ്പററി ലെനിൻ ഉന്നയിച്ച പരിഗണനകൾക്കു് മറുപടിയായി മാലാപാർത്ത് തൻെറ ട്രോട്സ്കിയെക്കൊണ്ടു് പറയിപ്പിക്കുകയാണു്; "നിങ്ങളുടെ തന്ത്രത്തിന്നു് ഒട്ടുവളരെ അനുകൂലപരിതസ്ഥിതികൾ വേണം; സായുധാക്രമണത്തിന്നു് ഒന്നും വേണ്ട; അതു് സ്വയംപര്യാപ്തമാണു്." കേട്ടില്ലെ! "സായുധാക്രമണത്തിന്നു് ഒന്നും വേണ്ട." ഇതാണു് സത്യത്തിലെത്തിച്ചേരാൻ നമ്മെ സഹായിക്കുന്ന അസംബന്ധം. ഒക്ടോബർ വിപ്ലവത്തിൽ ലെനിൻെറയല്ല, ട്രോട്സ്കിയുടെ തന്ത്രങ്ങളാണു് വിജയിച്ചതെന്നു് ഗ്രന്ഥകാരൻ മടുപ്പില്ലാതെ ആവർത്തിച്ചിട്ടുണ്ടു്. ഈ തന്ത്രങ്ങൾ യൂറോപ്യൻ രാജ്യങ്ങളുടെ സമാധാനത്തിന്നു് ഇപ്പോഴും ഒരാപത്താണു്,

---

* COUP D'ETAT—ഇംഗ്ലീഷ് ഭാഷയിൽ പൌരാവകാശം സിദ്ധിച്ചിട്ടുള്ള ഈ ഫ്രഞ്ചു് വാക്കിന്നു് ഒരു വിവരണമല്ലാതെ കൃത്യമായ ഒരു തർജ്ജമ സാദ്ധ്യമല്ല. 'അധികാര കയ്യേററ'മെന്നതു് വിടവടയ്ക്കാനുള്ള ഒരു വാക്കു് മാത്രമെ ആവുന്നുള്ളു. രാഷ്ട്രീയവും സാമ്പത്തികവും, സാമൂഹ്യവുമായ സാഹചര്യങ്ങളെയൊന്നും പരിഗണിയ്ക്കാതെ, ഒരു ന്യൂനപക്ഷമാളുകൾ, രഹസ്യമായി കൂട്ടുചേർന്നു്, പെട്ടെന്നൊരാക്രമണം നടത്തി രാഷ്ട്രീയാധികാരം കൈയ്ക്കലാക്കുവാൻ ശ്രമിക്കുന്നതാണു് COUP D'ETAT. ഏതാണ്ടൊരു 'കൊട്ടാര വിപ്ലവം'.

(പരിഭാഷകൻ)

അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ. ഞാൻ അദ്ദേഹത്തിന്റെ വാക്കുകൾതന്നെ ഉദ്ധരിക്കാം: "യൂറോപ്പിലെ രാജ്യങ്ങൾക്ക് ലെനിന്റെ തന്ത്രത്തിൽ നിന്നു സത്വരമായ യാതൊരാപത്തും നേരിടാനില്ല. പക്ഷെ ഉദ്യോഗസ്ഥന്മാരുടെ ഭരണം നിലനില്ക്കുന്നേടത്തോളം ട്രോട്സ്കിയുടെ തന്ത്രം അവക്ക് യഥാർത്ഥവും ശാശ്വതവുമായ ഒരു ആപത്താണ്". മാലാപാർത് കൂടുതൽ വസ്തുനിഷ്ഠമായി പറയുന്നു, "കെറൻസ്കിയുടെ സ്ഥാനത്ത് പോയിൻകാറെ * വെച്ചുകൊള്ളൂ. എന്നാലും 1917 ഒക്ടോബറിൽ ബോൾഷേവിക്കുകൾ നടത്തിയ അധികാരകയ്യേററം ജയിക്കുമായിരുന്നു." ഇങ്ങിനെയെല്ലാമുള്ളൊരു പുസ്തകം പല ഭാഷകളിലേക്കും തർജ്ജമ ചെയ്യപ്പെടുകയും ഗൌരവപൂർവ്വം പരിഗണിക്കപ്പെടുകയും ചെയ്തിട്ടുണ്ടെന്ന് വിശ്വസിക്കാൻ വിഷമമാണ്. ചരിത്രപരമായി രൂപംകൊണ്ട ലെനിന്റെ തന്ത്രത്തിന്റെ ആവശ്യം തന്നെയെന്താണ്, അതേ ആവശ്യങ്ങൾ ഏതു പരിതഃസ്ഥിതിയിലും നിറവേററുവാൻ ട്രോട്സ്കിയുടെ തന്ത്രങ്ങൾക്ക് കഴിയുമെങ്കിൽ? ഇതു കണ്ടുപിടിക്കുവാൻ ഈ പുസ്തകം നോക്കിയിട്ടു ഫലമില്ല. വിപ്ലവത്തിന്റെ വിജയത്തിന്ന് കുറെ സാങ്കേതിക സൂത്രങ്ങൾ മാത്രം മതിയെങ്കിൽ വിജയിച്ച വിപ്ലവങ്ങൾ ഇത്ര കുറവായിരിക്കാനെന്താണ് കാരണം?

ലെനിനും ട്രോട്സ്കിയും തമ്മിൽ നടന്നതെന്ന രീതിയിൽ ഈ ഫാസിസ്റ്റ് ഗ്രന്ഥകാരൻ അവതരിപ്പിച്ചിരിക്കുന്ന സംഭാഷണം ഉള്ളടക്കത്തിലെന്നപോലെ രൂപത്തിലും ആദ്യവസാനം നിറമില്ലാത്ത കൃത്രിമമാണ്. അത്തരം കൃത്രിമച്ചരക്കുകൾ ഒട്ടനവധി ഇപ്പോൾ ലോകത്തിനു ചുററും സഞ്ചരിക്കുന്നുണ്ട്. ഉദാഹരണത്തിന്ന്: മാഡ്രിഡിൽ "ലെനിന്റെ ജീവിതം" എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. മാലാപാർതിന്റെ സാങ്കേതിക സൂത്രങ്ങൾക്കെന്നപോലെ ഈ പുസ്തകത്തിനും എനിക്ക് യാതൊരുത്തരവാദിത്വവുമില്ല. പക്ഷെ 'എസ്റ്റമ്പ' എന്ന മാഡ്രിഡ് വാരിക ട്രോട്സ്കിയുടേതെന്നും പറഞ്ഞു ഈ പുസ്തകത്തിലെ കുറെ അദ്ധ്യായങ്ങൾ നേരത്തെതന്നെ പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്റെ സമകാലീനന്മാരിൽ മററാരേക്കാളുമേറെ ഞാൻ വിലമതിച്ചിട്ടുള്ള, ഇപ്പോഴും വിലമതിക്കുന്ന, ആ മനുഷ്യന്റെ (ലെനിന്റെ) സ്മരണയെ അസഹ്യമായ രീതിയിൽ ആ പുസ്തകം കയ്യേററം ചെയ്തിട്ടുണ്ട്.

എങ്കിലും നമുക്ക് ഈ കൃത്രിമച്ചരക്കു നിർമ്മാതാക്കളെ അവരുടെ പാട്ടിനു തന്നെ വിടുക. അവിസ്മരണീയനായ പോരാളിയും വീരനുമായ കാറൽ ലീബ്നേക്ടിന്റെ അച്ഛൻ, വില്യം ലീബ്നേക്ട് പറയാറുണ്ടായിരുന്നു, വിപ്ലവകാരിയായ ഒരു രാജ്യതന്ത്രജ്ഞൻ കട്ടിയുള്ള തൊലി അണിഞ്ഞിരിക്കണമെന്ന്. ഡോക്ടർ സ്റ്റോക്ക്മാൻ ഇതിലും വ്യക്തമായ രീതിയിൽ തന്നെ ശുപാർശ ചെയ്തിട്ടുണ്ട്, സമുദായത്തിന്റെ അഭിപ്രായത്തിന്ന് വിപരീതമായി പ്രവർത്തിക്കാൻ

---

* ഭരണ വൈദഗ്ദ്ധ്യത്തിന്ന് പ്രശസ്തനായ ഫ്രഞ്ച് ബൂർഷ്വാ രാജ്യതന്ത്രജ്ഞൻ.

തീച്ചയാക്കുന്ന യാതൊരാളും പുതിയ ഉടുപ്പ് ഇടരുതെന്ന്* ഈ സദുപദേശങ്ങൾ രണ്ടും മനസ്സിൽവെച്ചുകൊണ്ട് നമുക്ക് മുന്നോട്ടു പോവാം.

## വിപ്ലവത്തിന്റെ കാരണങ്ങൾ

ചിന്തിക്കുന്ന ഒരു മനുഷ്യന്റെ മനസ്സിൽ എന്തെന്തു് ചോദ്യങ്ങളാണ് 'ഒക്ടോബർ വിപ്ലവം' ഉയർത്തുന്നതു്?

1. ഈ വിപ്ലവം എന്തുകൊണ്ടു്, എങ്ങിനെ സംഭവിച്ചു? കൂടുതൽ സമൂർത്തമായിപ്പറഞ്ഞാൽ, തൊഴിലാളി വിപ്ലവം എന്തുകൊണ്ടാണ്, യൂറോപ്പിലെ ഏററവും പിന്നോക്കാവസ്ഥയിലുള്ള ഒരു രാജ്യത്തിൽ വിജയം പ്രാപിച്ചതു്?

2. എന്തെല്ലാമാണ് ഒക്ടോബർ വിപ്ലവത്തിന്റെ ഫലങ്ങൾ? അവസാനമായി,

3. ഒക്ടോബർ വിപ്ലവം കാലത്തിന്റെ പരീക്ഷയിൽ വിജയിച്ചിട്ടുണ്ടോ?

വിപ്ലവത്തിന്റെ കാരണങ്ങളെ സംബന്ധിച്ച ആദ്യത്തെ ചോദ്യത്തിന് ഇപ്പോൾ മിക്കവാറും പൂർണ്ണമായിത്തന്നെ മറുപടി പറയാം. 'റഷ്യൻ വിപ്ലവത്തിന്റെ ചരിത്രം' എന്ന എന്റെ പുസ്തകത്തിൽ ഞാനിതു് ചെയ്യാൻ ശ്രമിച്ചിട്ടുണ്ടു്. ഇവിടെ ഏററവും പ്രധാനപ്പെട്ട നിഗമനങ്ങളെ പ്രസ്താവിയ്ക്കുവാനെ എനിയ്ക്കു് നിവൃത്തിയുള്ളു.

തൊഴിലാളിവർഗ്ഗം ആദ്യമായി അധികാരത്തിലെത്തിയതു്, മുമ്പത്തെ സാറിസ്റ്റ് റഷ്യയെപ്പോലുള്ള ഒരു പിന്നോക്ക രാജ്യത്തിലാണെന്ന സംഗതി ആദ്യ വീക്ഷണത്തിൽ മാത്രമെ മനസ്സിലാക്കാൻ വിഷമമുള്ളതായി തോന്നുകയുള്ളു. വാസ്തവത്തിൽ അതു് ചരിത്ര നിയമത്തെ കൃത്യമായും അനുസരിക്കുന്നുണ്ടു്. അതു് മുൻകൂട്ടി കാണാൻ കഴിയുമായിരുന്നു. മുൻകൂട്ടി കണ്ടിട്ടുമുണ്ടു്. മാത്രവുമല്ല, ഇങ്ങിനെ മുൻകൂട്ടി കണ്ടതിന്റെ അടിസ്ഥാനത്തിൽ, വിപ്ലവകാരികളായ മാർക്സിസ്റ്റ്കാർ നിർണ്ണായക സംഭവങ്ങളുണ്ടാവുന്നതിന്നു് എത്രയോ മുമ്പുതന്നെ അവരുടെ തന്ത്രം വളർത്തിയെടുക്കുകയും ചെയ്തിരുന്നു.

പ്രഥമവും സാമാന്യവുമായ വിശദീകരണം ഇതാണു്: റഷ്യ ഒരു പിന്നോക്കരാജ്യമാണെങ്കിലും ലോക സാമ്പത്തിക ഘടനയുടെ ഒരു ഭാഗമാണു്; മുതലാളിത്തത്തിന്റെ ലോക വ്യവസ്ഥയിലെ ഒരു ഘടകമാണു്. ഈ അർത്ഥത്തിൽ റഷ്യൻ വിപ്ലവത്തിന്റെ ദുർഗ്രാഹ്യതയെ ലെനിൻ സംക്ഷിപ്തമായ ഒരു വാചകം കൊണ്ടു്

---

* സ്റ്റോക്ക്മാൻ: ഇബ്സന്റെ 'ജനശത്രു' (An Enemy of The People) എന്ന നാടകത്തിലെ ഒരു കഥാപാത്രം

(പരിഭാഷകൻ)

വിശദമാക്കുകയുണ്ടായി: "ചങ്ങല പൊട്ടിയതു് അതിന്റെ ഏററവും ദുർബ്ബലമായ കണ്ണിയിൽവെച്ചാണു്".

അല്പം ഇടുങ്ങിയ ഒരുദാഹരണം നോക്കു: ലോക സാമ്രാജ്യത്വത്തിന്റെ വൈരുദ്ധ്യങ്ങളുടെ ഫലമായി ഉയർന്നുവന്ന മഹായുദ്ധം അതിന്റെ ചുഴിയിലേയ്ക്കു് വളർച്ചയുടെ പല ഘട്ടങ്ങളിലുമെത്തിയിരുന്ന രാജ്യങ്ങളെ പിടിച്ചു വലിച്ചെടുത്തു; പക്ഷെ എല്ലാ രാജ്യങ്ങളിൽ നിന്നും ഒരേ രീതിയിലുള്ള ത്യാഗങ്ങളാണു് യുദ്ധം ആവശ്യപ്പെട്ടതു്. ഏററവുമധികം പിന്നോക്കം നില്ക്കുന്ന രാജ്യങ്ങൾക്കു് യുദ്ധത്തിന്റെ ഭാരങ്ങൾ പ്രത്യേകിച്ചും അസഹ്യമായിരിയ്ക്കുമെന്നു് വ്യക്തമാണല്ലൊ. യുദ്ധരംഗം വിട്ടു പോവാൻ ആദ്യംതന്നെ നിർബ്ബന്ധിതമായതു് റഷ്യയാണു്. പക്ഷെ, യുദ്ധത്തിൽ നിന്നു് വിട്ടു പോരുന്നതിന്നു് റഷ്യൻ ജനതയ്ക്കു് ഭരണാധികാരി വർഗ്ഗങ്ങളെ മറിച്ചിടേണ്ടിവന്നു. ഈ രീതിയിൽ യുദ്ധത്തിന്റെ ചങ്ങല, അതിന്റെ ഏററവും ദുർബ്ബലമായ കണ്ണിയിൽ വെച്ചു പൊട്ടി.

പക്ഷെ, യുദ്ധം ഭൂകമ്പത്തെപ്പോലെ പുറമെ നിന്നു വരുന്ന ഒരാപത്തല്ല മറിച്ചു്, ക്ലോസ്‌വിററ്സ് പറഞ്ഞപോലെ, നയങ്ങൾ തുടർന്നു കൊണ്ടു പോവാനുള്ള മറെറാരു മാർഗ്ഗം മാത്രമാണു്. സാമ്രാജ്യത്വ വ്യവസ്ഥയുടെ സമാധാന കാലത്തിലെ പ്രധാന പ്രവണതകൾ കൂടുതൽ രൂക്ഷമായി പ്രകടിയ്ക്കപ്പെടുകയാണു് കഴിഞ്ഞ യുദ്ധത്തിലുണ്ടായതു്. ഉല്പാദന ശക്തികൾ എത്രയധികം ഉയർന്നിരിക്കുന്നുവോ, ലോക മാർക്കററിൽ നടക്കുന്ന മത്സരം എത്രയധികം തീക്ഷ്ണമാണോ, ശത്രുത്വം എത്രയധികം മൂച്ചയുള്ളതാണോ, ആ യുദ്ധമത്സരം എത്രയധികം ഭ്രാന്തു പിടിച്ചതാണോ, അത്രയുമധികം പ്രയാസമായിരിക്കും ദുർബ്ബല രാഷ്ട്രങ്ങൾക്കു് യുദ്ധത്തിൽ പങ്കെടുക്കുകയെന്നതു്. അതുകൊണ്ടു തന്നെയാണു് യുദ്ധത്തകർച്ചകളുടെ ഘോഷയാത്രയിൽ ദുർബ്ബല രാജ്യങ്ങൾ ആദ്യസ്ഥാനങ്ങൾക്കർഹരായതു്. ലോക മുതലാളിത്തത്തിന്റെ ചങ്ങല എപ്പോഴും അതിന്റെ ഏററവും ദുർബ്ബലമായ കണ്ണിയിൽ വെച്ചു പൊട്ടാനാണിടയുള്ളതു്.

അസാധാരണമോ, അസാധാരണമാംവിധം പ്രതികൂലമോ ആയ പരിതസ്ഥിതികളുടെ ഫലമായി—ഉദാഹരണത്തിനു്, പുറമെ നിന്നുള്ള ഒരു സായുധ ഇടപെടലിന്റെ ഫലമായിട്ടു്, അല്ലെങ്കിൽ സോവിയററു് ഗവർമ്മേണ്ടിന്റെ തന്നെ തിരുത്താനാവാത്ത തെററുകളുടെ ഫലമായിട്ടു് എന്നു സങ്കല്പിക്കുക—റഷ്യയുടെ അതിവിസ്തൃതമായ സ്ഥല പരിധിയിൽ മുതലാളിത്തം വീണ്ടും ഉയർന്നു വന്നാൽ തന്നെയും അതോടൊപ്പം തന്നെ അതിന്റെ ചരിത്രപരമായ പോരായ്മയും ഉയർന്നുവരും. അത്തരമൊരു മുതലാളിത്തം, 1917—ൽ അതിനെ പൊട്ടിത്തെറിപ്പിച്ചു കളഞ്ഞ അതേ വൈരുദ്ധ്യങ്ങളുടെ ഇരയായിത്തീരുകയും ചെയ്യും. റഷ്യ ഒക്ടോബർ വിപ്ലവത്തെ സ്വന്തം വയററിൽക്കൊണ്ടു നടന്നിരുന്നില്ലെങ്കിൽ യാതൊരു സാങ്കേതിക സൂത്രങ്ങൾക്കും അതിനെ പുറത്തുകൊണ്ടുവരുവാൻ കഴിയുമായിരുന്നില്ല.

കുട്ടിയെ പുറത്തെടുക്കാനുള്ള ഒരു ശസ്ത്രക്രിയ നടത്തുക എന്ന ജോലി മാത്രമെ വിപ്ലവ പാർട്ടിയ്ക്കവകാശപ്പെടാൻ വയ്ക്കൂ.

ഇതിന്നു് മറുപടിയായി ഇങ്ങിനെ പറയപ്പെട്ടേയ്ക്കാം. "പിന്നോക്കാവസ്ഥയിലിരുന്ന മുതലാളിത്തവും പാപ്പരായിക്കഴിഞ്ഞിരുന്ന കൃഷിക്കാരും ഇവരുടെ മീതെ ഇത്തിക്കണ്ണി പോലുള്ള ഒരു പ്രഭുവർഗ്ഗവും ക്ഷയിച്ചുകൊണ്ടിരുന്ന ഒരു രാജഭരണവും ഒക്കെക്കൂടി നിലനിന്നിരുന്ന പഴയ റഷ്യ തകന്നു പോയതെങ്ങിനെയെന്നു് നിങ്ങളുടെ പൊതുവായ പരിചിന്തനങ്ങൾ വേണ്ടും വണ്ണം വിശദീകരിയ്ക്കുന്നുണ്ടായിരിയ്ക്കാം. പക്ഷെ ചങ്ങലയുടേയും അതിൻെറ ഏററവും ദുർബ്ബലമായ കണ്ണിയുടേയുമായ ആ ഉപമയിൽ യഥാർത്ഥ പ്രശ്നത്തിൻെറ താക്കോൽ ഇനിയും കാണുന്നില്ല. ഒരു പിന്നോക്ക രാജ്യത്തിൽ സോഷ്യലിസ്റ്റ് വിപ്ലവത്തിന്നു് എങ്ങിനെയാണു് വിജയിയ്ക്കാൻ കഴിയുക? രാജ്യങ്ങളും പരിഷ്കാര വ്യവസ്ഥകളും ക്ഷയിച്ച് പഴയ മേലാളിവർഗ്ഗങ്ങൾ തകന്നു വീണിട്ടും പുരോഗാമിയായ മറെറാരു വർഗ്ഗം അവരുടെ സ്ഥാനത്തു് വരാതിരുന്നതിന്നു് ചരിത്രത്തിൽ കുറേയേറെ ഉദാഹരണങ്ങളുണ്ടു്. പഴയ റഷ്യയുടെ തകർച്ച, ആദ്യവീക്ഷണത്തിൽ, ആ രാജ്യത്തെ, ഒരു സോഷ്യലിസ്റ്റ് രാഷ്ട്രമാക്കുകയല്ല, ഒരു മുതലാളിത്ത രാഷ്ട്രമാക്കുകയായിരുന്ന വേണ്ടതു്."

ഈ തടസ്ഥവാദം വളരെ രസകരമാണു്. പ്രശ്നത്തിൻെറ കേന്ദ്ര ബിന്ദുവിലേക്കു് അതു് നമ്മളെ ആനയിക്കുന്നു. എന്നാലും ഈ വാദം അബദ്ധമാണു്; അതിന്നു് ഉൾച്ചേർച്ചയില്ലെന്നു് പറയാം. ഒരു ഭാഗത്തു്, അതു് റഷ്യയുടെ പിന്നോക്കാവസ്ഥയെ പെരുപ്പിച്ചു കാണിക്കുന്നു; മറുഭാഗത്തു്, ചരിത്രപരമായ പിന്നോക്കാവസ്ഥയെ പൊതുവായും അതു പെരുപ്പിച്ചു കാണിയ്ക്കുന്നു.

മനുഷ്യനടക്കമുള്ള ജീവ ജന്തുക്കൾ അവയുടെ വളർച്ചയിൽ വയസ്സുകൾക്കനുസരിച്ച് ഒരേമാതിരിയിലുള്ള ഘട്ടങ്ങളിൽ കൂടി കടന്നു പോവാറുണ്ടു്. അഞ്ചു വയസ്സു പ്രായമായ ഒരു സാധാരണ കുഞ്ഞിന്നു്, തൂക്കം, വലുപ്പം, എന്നിവയിലും ആന്തരാവയവങ്ങളിലും ഒരു പൊരുത്തമൊക്കെയുണ്ടായിരിയ്ക്കും. പക്ഷെ മനുഷ്യ ബോധം അങ്ങിനെയല്ല. ശരീര ഘടന അവയവ ക്രമം ഇവയിൽ നിന്നു് വ്യത്യസ്തമായ രീതിയിൽ മാനസികാവസ്ഥയ്ക്കു്—അതു് വ്യഷ്ടിഗതമായാലും സമഷ്ടിഗതമായാലും — കാര്യങ്ങളുൾക്കൊള്ളുവാനുള്ള അസാമാന്യമായ കഴിവുണ്ടു്; അതിനെ വലിച്ചു നീട്ടുവാനും, കുറക്കുവാനും സാധിയ്ക്കും. മൃഗ ശാലയിലെ തൻെറ ഏററവും അടുത്ത ബന്ധുക്കളായ കുരങ്ങന്മാരുടെ മേൽ മനുഷ്യനുള്ള കുലീനതത്തിൻെറ ഒരു മെച്ചമാണതു്. യഥാർത്ഥമായ, എന്നു വെച്ചാൽ ജീവ ശാസ്ത്ര പരമായ, ജീവ രൂപങ്ങളിൽ നിന്നു് വ്യത്യസ്തമായ രീതിയിൽ, സാമൂഹ്യമെന്നു് പറയപ്പെടുന്ന ജീവ രൂപങ്ങൾക്കു് അനുഭവങ്ങളുൾക്കൊള്ളുവാനും വലുതാവാനും ചെറുതാവാനും കെൽപ്പുള്ള ഒരു ഹൃദയമുണ്ടു്. അതുകൊണ്ടു്, ചരിത്രപരമായ പുരോഗതിയ

ടെ ആവശ്യോപാധിയെന്ന നിലയിൽ, അവയുടെ ആന്തരഘടനയ്ക്കു്, അന്യാദൃശമായ പരിവർത്തനാത്മകതയുണ്ടാവുന്നു. ജനതകളുടേയും രാഷ്ട്രങ്ങളുടേയും വളർച്ചയിൽ—വിശേഷിച്ചും മുതലാളിത്ത രാഷ്ട്രങ്ങളുടെ വളർച്ചയിൽ—ക്രമമോ, സാമ്യതയോ ഒന്നുമില്ല. പരിഷ്കാരത്തിന്റെ വിവിധ ഘട്ടങ്ങൾ, ധ്രുവാന്തരമുള്ളവ പോലും, ഒരേ ഒരു രാജ്യത്തിന്റെ ജീവിതത്തിൽ പരസ്പരം സമീപിയ്ക്കുകയും അന്യോന്യം കൂടിച്ചേരുകയും ചെയ്യുന്നുണ്ടു്.

ചരിത്രപരമായ പിന്നോക്കാവസ്ഥ, എന്നതു് ഒരു ആപേക്ഷിക സംജ്ഞയാണെന്നു് നാം മറന്നു പോവരുതു്. മുന്നോക്കവും പിന്നോക്കവും നില്ക്കുന്ന രാജ്യങ്ങളുള്ളപ്പോൾ ഒരോന്നും മറേറതിനെ സ്വാധീനിയ്ക്കുന്ന തരത്തിലുള്ള ഒരു പരസ്പര ബന്ധമുളവാകും. മുന്നോക്ക രാജ്യങ്ങൾ പിന്നോക്ക രാജ്യങ്ങളുടെ മേൽ സമ്മർദ്ദം ചെലുത്തുന്നുണ്ടു്. പിന്നോക്ക രാജ്യങ്ങൾക്കു് മുന്നോക്ക രാജ്യങ്ങളുടെ ഒപ്പമെത്തേണ്ടതുണ്ടു്; അവരുടെ സാങ്കേതികത്വവും ശാസ്ത്രവും കടം വാങ്ങേണ്ടതുണ്ടു്. ഈ രീതിയിലാണു് കൂട്ടു ചേർന്നുള്ള വളർച്ചയുണ്ടാവുന്നതു്. പിന്നോക്കാവസ്ഥയുടെ അംശങ്ങളോടൊപ്പം ലോകത്തിലെ ഏററവും വളർന്ന സാങ്കേതിക വൈദഗ്ധ്യവും ചിന്തയും ഒന്നിച്ചുചേർന്നു നില നില്ക്കും. അവസാനമായി, ചരിത്രപരമായി പിന്നോക്കാവസ്ഥയിലുള്ള രാജ്യങ്ങൾ, അവരുടെ പിന്നോക്കാവസ്ഥയിൽ നിന്നു് രക്ഷപ്പെടുവാൻ വേണ്ടി പലപ്പോഴും മററു രാജ്യങ്ങളേക്കാൾ മുന്നോട്ടു കുതിയ്ക്കുവാൻ നിർബ്ബന്ധിതരായിത്തീരും.

സമഷ്ടിയുടെ ബോധത്തിനു് വികസിയ്ക്കുവാനും ചുരുങ്ങുവാനും കഴിയുമെന്നതുകൊണ്ടു്, വ്യക്തിഗതമായ മനഃശാസ്ത്രത്തിൽ, 'അപകർഷതാബോധത്തെ കീഴടക്കൽ' എന്നറിയപ്പെടുന്ന ആ ഫലം സാമൂഹ്യ രംഗത്തു് സാക്ഷാല്ക്കരിയ്ക്കാൻ കഴിയും. ഈ അർത്ഥത്തിൽ, ഒക്ടോബർ വിപ്ലവം റഷ്യക്കാർ അവരുടെ സാമ്പത്തികവും സാംസ്കാരികവുമായ അപകർഷതയെ കീഴടക്കാൻ വേണ്ടി അവലംബിച്ച വീരോചിതമായ ഒരു മാർഗ്ഗമായിരുന്നുവെന്നു പറയാം.

ചരിത്രപരവും, ദാർശനികവുമായ, ഒരു പക്ഷെ കേവലപ്രായങ്ങളായ ഈ പൊതു തത്വങ്ങളെ മാററി വെച്ചു്, നമുക്കു് ഈ പ്രശ്നം സമൂർത്തമായി, അതായതു് സജീവമായ സാമ്പത്തിക യാഥാർത്ഥ്യങ്ങളുടെ നടുവിൽ വെച്ചുകൊണ്ടു്, അവതരിപ്പിയ്ക്കുക. റഷ്യയുടെ പിന്നോക്കാവസ്ഥ 20—ാം നൂററാണ്ടിന്റെ ആരംഭത്തിൽ പ്രകടിയ്ക്കപ്പെട്ടതു് താഴെ പറയുന്ന രീതിയിലാണു്: കൃഷിയോടു താരതമ്യപ്പെടുത്തുമ്പോൾ നഗരത്തിനും, കർഷകരോടു താരതമ്യപ്പെടുത്തുമ്പോൾ തൊഴിലാളികൾക്കും ആ രാജ്യത്തിൽ ചെറിയൊരു സ്ഥാനം മാത്രമേ ഉണ്ടായിരുന്നുള്ളു. ഒട്ടാകെ നോക്കിയാൽ ഇതിന്നർത്ഥം, ദേശീയാധ്വാനത്തിന്റെ ഉല്പാദനക്ഷമത വളരെ കുറവായിരുന്നു എന്നാണു്. സാറിസ്റ്റു് റഷ്യ ക്ഷേമത്തിന്റെ ഉച്ചകോടിയിലെത്തിയിരുന്ന, യുദ്ധത്തിന്നു തൊട്ടു മുമ്പത്തെ കാലത്തു പോലും, ദേശീയ വരു

മാനം അമേരിയ്ക്കയുടേതിൻെറ പത്തിലൊന്നു മാത്രമെ ഉണ്ടായിരുന്നുള്ളു, എന്നു പറഞ്ഞാൽ കഴിഞ്ഞല്ലോ. ഇതാണു് റഷ്യയുടെ പിന്നോക്കാവസ്ഥയുടെ സംഖ്യാപരമായ വലുപ്പം--പിന്നോക്കാവസ്ഥയെപ്പററി 'വലുപ്പം' എന്ന വാക്കുപയോഗിയ്ക്കാമെങ്കിൽ.

അതേ അവസരത്തിൽ തന്നെ കൂട്ടായ വളർച്ചയുടെ നിയമം സാമ്പത്തിക രംഗത്തു് ഓരോ പതനത്തിലും, ലളിതവും സങ്കീർണ്ണവുമായ പ്രതിഭാസങ്ങളിൽ, ഒന്നുപോലെ പ്രകടിതമാവുന്നുണ്ടു്. നല്ല നിരത്തുകൾ പോലുമില്ലാതിരുന്ന റഷ്യ റെയിൽവേ പാത പണിയാൻ നിർബ്ബന്ധിതയായി. യൂറോപ്പിലെ കൈവേലയുടേയും മെനുഫെക്ചറിങ്ങിൻേറയും കാല ഘട്ടങ്ങളിൽ കൂടി കടന്നു പോവാതെ, റഷ്യ നേരിട്ടു് യന്ത്ര സഹായത്തോടു കൂടിയ ഉല്പാദനത്തിലേയ്ക്കു് കടന്നു. ഇടക്കാല ഘട്ടങ്ങളെ ചാടിക്കടക്കുകയെന്നതാണു് പിന്നോക്ക രാജ്യങ്ങളുടെ മാർഗ്ഗം.

റഷ്യയിൽ കൃഷി പലപ്പോഴും 17-ാം നൂററാണ്ടിൻെറ നിലവാരത്തിൽ തന്നെയായിരുന്നുവെങ്കിലും, വ്യവസായം, വലുപ്പത്തിലല്ലെങ്കിൽ രൂപത്തിൽ പുരോഗാമി രാജ്യങ്ങളുടെ നിലവാരത്തിലെത്തിയിരുന്നു; ചില വശങ്ങളിൽ, അവയെ കവച്ചു വെയ്ക്കുക പോലും ചെയ്തിരുന്നു. 1000 തൊഴിലാളികളിലധികം ജോലി ചെയ്തിരുന്ന ഫേക്ടറികളെ മാത്രമെടുത്തു് താരതമ്യപ്പെടുത്തി നോക്കുക. അമേരിയ്ക്കയിൽ ആകെയുള്ള തൊഴിലാളികളിൽ 18 ശതമാനം മാത്രമേ അത്തരം ഫേക്ടറികളിൽ പണിയെടുത്തിരുന്നുള്ളു. റഷ്യയിൽ 41 ശതമാനവും; റഷ്യയുടെ പിന്നോക്കാവസ്ഥയെപ്പററി സാധാരണ പുലർത്തി പോരുന്ന അഭിപ്രായവും ഈ യാഥാർത്ഥ്യവും തമ്മിൽ കൂട്ടിയിണക്കാൻ വിഷമമാണു്. പക്ഷെ, ഇതു പിന്നോക്കാവസ്ഥയുണ്ടെന്ന കാര്യത്തെ ഖണ്ഡിക്കുന്നില്ല; അതിനെ ദ്വന്ദ്വാത്മകമായി പൂർണ്ണമാക്കുകയേ ചെയ്യുന്നുള്ളു.

ഇതേ വൈരുദ്ധ്യ സ്വഭാവം തന്നെ രാജ്യത്തിൻെറ വർഗ്ഗ ഘടനയിലും കാണാം. യൂറോപ്പിൻെറ സഹായ മൂലധനം റഷ്യയെ ത്വരിത ഗതിയായി വ്യവസായവൽക്കരിച്ചു. വ്യവസായികോടമസ്ഥന്മാർ വളരെ വേഗം വൻകിട മുതലാളിത്വത്തിൻേറയും ജനകീയ വിരോധത്തിൻേറയുമായ സ്വഭാവം കൈക്കൊണ്ടു. മൂലധനമിറക്കിയ വിദേശികൾ റഷ്യയ്ക്കു പുറത്താണു് ജീവിച്ചിരുന്നതു്. തൊഴിലാളികളാകട്ടെ, സ്വാഭാവികമായും റഷ്യക്കാർ തന്നെയായിരുന്നു. എണ്ണത്തിൽ ദുർബ്ബലരും ദേശീയമായ വേരുകളില്ലാത്തവരുമായ റഷ്യൻ മുതലാളിവർഗ്ഗത്തെ അഭിമുഖീകരിച്ചുകൊണ്ടു്, താരതമ്യേന ശക്തവും, ജനങ്ങൾക്കിടയിൽ ആണ്ടിറങ്ങിച്ചെന്ന വേരുകളുള്ളതുമായ തൊഴിലാളി വർഗ്ഗം നിലനിന്നു.

തൊഴിലാളി വർഗ്ഗത്തിൻെറ വിപ്ലവ സ്വഭാവത്തെ വർദ്ധമാനമാക്കിയ ഒരു കാര്യം കൂടിയുണ്ടു്. ഒരു പിന്നോക്ക രാജ്യമെന്ന നിലയിൽ എതിരാളികളോടൊപ്പമെത്താൻ നിർബ്ബന്ധിതയായ റഷ്യയ്ക്കു് സാമൂഹ്യമോ രാഷ്ട്രീയമോ ആയ ഒരു

യാഥാസ്ഥികത്വം പരിത്യജിച്ചീത്തുടക്കാൻ കഴിഞ്ഞിരുന്നില്ല. യൂറോപ്പിലെ, ലോകത്തിലെ മുഴുവനും തന്നെ യാഥാസ്ഥിതിക രാജ്യം, ഏററവും പഴയ മുതലാളിത്ത രാജ്യമായ ഇംഗ്ലണ്ടാണെന്ന കരുതപ്പെടുന്നു; അതു് ശരിയുമാണ്. യാഥാസ്ഥികത്വത്തിൽനിന്നു് ഏററവുമധികം വിമുക്തമായ യൂറോപ്പ്യൻ രാജ്യം അധിക പക്ഷവും റഷ്യയായിരിക്കും.

പക്ഷെ, യുവത്വവും നവീനതയും കരുത്തും നിറഞ്ഞു നിന്നിരുന്ന റഷ്യൻ തൊഴിലാളി വർഗ്ഗം ജനതയിൽ ഒരു ചെറിയ ന്യൂനപക്ഷമെ ആയിരുന്നുള്ളു. അതിൻെറ വിപ്ലവ ശക്തിയുടെ കരുതൽ ധനം തൊഴിലാളി വർഗ്ഗത്തിന്നപ്പുറത്താണു് കിടന്നിരുന്നതു്—പകുതി അടിമത്തത്തിൽ ജീവിച്ചിരുന്ന കർഷകരിലും മർദ്ദിയ്ക്കപ്പെട്ടിരുന്ന ദേശ വിഭാഗങ്ങളിലും.

## കർഷകർ

കാർഷിക പ്രശ്നമായിരുന്ന വിപ്ലവത്തിൻെറ അടിമണ്ണു്. പുതിയ മുതലാളിത്ത ചൂഷണത്തിന്ന കീഴിൽ പഴയ നാടുവാഴി—രാജ്യത്വ വ്യവസ്ഥ കൂടുതൽ അസഹ്യമായിത്തീർന്നു. കൃഷിക്കാർ കൂട്ടായി ഉടമസ്ഥത വഹിച്ചിരുന്ന ഭൂമി ഒട്ടാകെ $23\frac{1}{4}$ കോടി ഏക്കറോളമുണ്ടായിരുന്നു. അതേ അവസരത്തിൽ, ഓരോരുത്തരും ശരാശരി 3300-ലധികം ഏക്കർ കൈവശം വെച്ചിരുന്ന 30,000 പ്രഭുക്കന്മാർ ആകെക്കൂടി 12 ലക്ഷം ഏക്കർ ഭൂമി കയ്യടക്കിയിരുന്നു. ഇതിന്നർത്ഥം ഈ പ്രഭുക്കന്മാർ അവരുടെ ഭൂമിയിൽ കൃഷി ചെയ്തിരുന്ന ഒരു കോടി കൃഷിക്കാരുടേയുംകൂടി ഉടമസ്ഥന്മാരായിരുന്നുവെന്നാണ്. ഭൂ കൈവശ വ്യവസ്ഥയെ സംബന്ധിച്ച ഈ സ്ഥിതിവിവരക്കണക്കുകൾ ഒരുക്കിത്തെയ്യാറാക്കിയ ഒരു കാർഷിക വിപ്ലവ പരിപാടിയായിരുന്നു.

ബൊഗക്കാർക്കിൻ എന്ന പ്രഭു 1919ൽ, നഗര സഭയുടെ അദ്ധ്യക്ഷനായ റോഡ്സിയാങ്കോ എന്ന ഉദ്യോഗസ്ഥനു് ഇങ്ങിനെ എഴുതുകയുണ്ടായി "ഞാനൊരു ഭൂവുടമയാണു്; സോഷ്യലിസ്റ്റ് തത്വം പരീക്ഷിയ്ക്കപ്പെടുക എന്ന അവിശ്വസനീയമായ ഒരുദ്ദേശത്തിന്ന വേണ്ടി എൻെറ ഭൂമി നഷ്ടപ്പെടേണ്ടിവരികയെന്നതു് എനിയ്ക്കു് ഒട്ടും തന്നെ മനസ്സിലാക്കാൻ കഴിയുന്നില്ല." പക്ഷെ ഭരണാധികാരി വർഗ്ഗങ്ങളുടെ തലയിൽ കടക്കാത്ത കാര്യങ്ങൾ നടപ്പിലാക്കുകയെന്നതു് തന്നെയാണു് വിപ്ലവങ്ങളുടെ ജോലി.

1917-സെപ്തംബർ-ഒക്ടോബർ കാലത്തു് റഷ്യയുടെ നാട്ടിൻപുറങ്ങളാകമാനം കർഷക കലഹങ്ങളുടെ രംഗമായിരുന്നു. പഴയ റഷ്യയിലെ 624 ജില്ലകളിൽ, 482 എണ്ണത്തിലും, അതായതു് 77ശതമാനത്തിലും, ഈ പ്രസ്ഥാനത്തിൻെറ അലയടിച്ചിരുന്നു. നഗരങ്ങളിൽ നടന്ന സായുധാക്രമണത്തിൻെറ രംഗം ജാജ്വല്യമാനമാക്കിയതു് കത്തുന്ന ഗ്രാമങ്ങളായിരുന്നു.

പക്ഷെ കൃഷിക്കാർ ജന്മികൾക്കെതിരായി നടത്തുന്ന യുദ്ധം മുതലാളി

ത്ത വിപ്ലവങ്ങളുടെ സുപ്രധാന ഘടകമാണ്, തൊഴിലാളി വിപ്ലവത്തിൻേറതല്ല, എന്നു നിങ്ങൾ വാദിച്ചേയ്ക്കും.

അതു് തികച്ചും ശരിയാണ് എന്നാണെൻെറ മറുപടി. കഴിഞ്ഞ കാലത്തു് അങ്ങിനെയായിരുന്നു. പക്ഷെ ചരിത്രപരമായി പിന്നോക്കം നില്ക്കുന്ന ഒരു രാജ്യത്തു് നിലനില്പ് തുടരാൻ മുതലാളിത്ത സമുദായത്തിന്നുള്ള കഴിവുകേട് പ്രകടിപ്പിക്കപ്പെട്ടതു്, കൃഷക കലഹങ്ങൾ റഷ്യയിലെ മുതലാളി വർഗ്ഗത്തെ മുന്നോട്ടു നീക്കുന്നതിനു പകരം അവരെ എന്നന്നേയ്ക്കുമായി പിന്തിരിപ്പൻ ചേരിയിലേയ്ക്കു് ഓടിച്ചു എന്ന സംഗതിയിൽ കൂടിയാണ്. കൃഷിക്കാർക്ക് സമ്പൂർണ്ണ നാശത്തിൽ ചെന്നു പെടാതിരിയ്ക്കുവാൻ ഒരൊററ മാർഗ്ഗമേ ഉണ്ടായിരുന്നുള്ളു: വ്യവസായ തൊഴിലാളികളുമായി യോജിക്കുക. മർദ്ദിയ്ക്കപ്പെടുന്ന ഈ രണ്ടു വർഗ്ഗങ്ങളും തമ്മിലുള്ള വിപ്ലവപരമായ ഐക്യം ലെനിൻെറ അസാമാന്യ പ്രതിഭ നേരത്തേ തന്നെ കണ്ടറിഞ്ഞിരുന്നു; അദ്ദേഹം അതിന്നു വേണ്ടി തെയ്യാറെടുക്കുകയും ചെയ്തിരുന്നു.

മുതലാളി വർഗ്ഗം കാർഷിക പ്രശ്നത്തെ ധീരമായി പരിഹരിച്ചിരുന്നുവെങ്കിൽ റഷ്യയിലെ തൊഴിലാളികൾ 1917ൽ അധികാരത്തിലെത്തുമായിരുന്നില്ലെന്നു് വ്യക്തമാണ്. പക്ഷെ ദുര മൂത്തതും, ഭീരുവും, ചരിത്രരംഗത്തു് വൈകി വന്നതും അകാല വാർദ്ധക്യത്തിന്നിരയായതുമായ റഷ്യൻ മുതലാളി വർഗ്ഗം ജന്മിത്വത്തിന്നെതിരായി ഒരു ചെറുവിരൽ പോലുമുയർത്തിയില്ല. അക്കാരണം കൊണ്ടു് അതിന്നു രാഷ്ട്രീയാധികാരം തൊഴിലാളി വർഗ്ഗത്തിന്നു വിട്ടു കൊടുക്കേണ്ടിവന്നു; അതോടൊപ്പം തന്നെ, മുതലാളിത്ത സമുദായത്തിൻെറ ഭാഗധേയം നിർണ്ണയിയ്ക്കാനുള്ള അവകാശവും.

അങ്ങിനെ, സോവ്യററ് രാഷ്ട്രം നിലവിൽ വരുന്നതിന്നു ചരിത്രപരമായി വ്യത്യസ്ത സ്വഭാവമുള്ള രണ്ടു ഘടകങ്ങൾ കൂട്ടു ചേരേണ്ടിവന്നു; മുതലാളിത്ത വളർച്ചയുടെ ആരംഭം കുറിക്കുന്ന ഒരു പ്രസ്ഥാനമായ കർഷക സമരം; മുതലാളിത്ത വളർച്ചയുടെ അന്ത്യം കുറിയ്ക്കുന്ന തൊഴിലാളി വിപ്ലവം. ഇവിടെ റഷ്യൻ വിപ്ലവത്തിൻെറ കൂട്ടുചേർന്ന, സങ്കീർണ്ണമായ സ്വഭാവമാണ് നാം കാണുന്നതു്.

കരടി—കൃഷിക്കാരൻ—ഒരിയ്ക്കൽ അവൻെറ പിൻകാലുകളിൽ നിവർന്നു നിന്നാൽ പിന്നെ അവൻെറ കോപം ഭയാനകമായിരിയ്ക്കും. പക്ഷെ ആ കോപത്തിന്നു ബോധപൂർവ്വമായ പ്രകടനരൂപം നല്കുവാൻ അവന്നു കഴിവില്ല. അവന്നൊരു് നേതാവുണ്ടായിരിയ്ക്കണം. ലോക ചരിത്രത്തിലാദ്യമായി വിപ്ലവത്തിന്നൊരുങ്ങിയ കർഷകർ, തൊഴിലാളി വർഗ്ഗത്തിൽ വിശ്വാസ യോഗ്യനായ ഒരു നേതാവിനെ കണ്ടെത്തി.

വ്യവസായത്തിലും, ഗതാഗത മാർഗ്ഗങ്ങളിലും ജോലിയെടുത്തിരുന്ന 40 ലക്ഷം തൊഴിലാളികൾ, 1000 ലക്ഷം കൃഷിക്കാരെ നയിച്ചു. ഇതാണ് വിപ്ലവ

ത്തിന്നു തൊഴിലാളികളും കൃഷിക്കാരും തമ്മിൽ സ്വാഭാവികമായും അനിവാര്യമായും ഉണ്ടായിരുന്ന പരസ്പരബന്ധം.

## ദേശീയ പ്രശ്നം

തൊഴിലാളികളുടെ വിപ്ലവശക്തിയുടെ മറെറാരു കരുതൽധനം മർദ്ദിത ജന വിഭാഗങ്ങളായിരുന്നു. അവരാകട്ടെ ഏറിയകൂറും, കൃഷിക്കാരുമായിരുന്നു. രാജ്യത്തിൻെറ ചരിത്രപരമായ പിന്നോക്കാവസ്ഥയോട് ഒട്ടിച്ചേർന്നു നിന്ന ഒരു യാഥാർത്ഥ്യമായിരുന്നു ഭരണകൂടത്തിൻെറ വളർച്ച. ഒരു എണ്ണത്തുള്ളിയെപ്പോലെ ഭരണകൂടം മോസ്കോ എന്ന കേന്ദ്രത്തിൽ നിന്നു് ചുററുപാടും പരന്നുപിടിച്ചെത്തിയിരുന്നു. രാജ്യത്തിൻെറ കിഴക്കൻ പ്രദേശങ്ങളിൽ കൂടുതൽ പിന്നോക്കം നിന്ന ജനതകളെ കൂടി അതു് കീഴടക്കി. ഇവരുടെ മേൽ നിലയുറപ്പിച്ചു കൊണ്ടു് പടിഞ്ഞാറൻ പ്രദേശങ്ങളിലെ കൂടുതൽ വളർന്ന ജനതകളെ ശ്വാസം മുട്ടിച്ചു. ജനസംഖ്യയുടെ പ്രധാന ഭാഗമായിരുന്ന 7 കോടിയോളം വരുന്ന ബൃഹത് റഷ്യക്കാരോടു് 9 കോടിയോളം വരുന്ന മററു ജനവിഭാഗങ്ങൾ കൂട്ടിച്ചേർക്കപ്പെട്ടു.

ഈ രീതിയിലാണു് റഷ്യൻ സാമ്രാജ്യം ഉയർന്നു വന്നതു്. അതിൻെറ ഘടനയിൽ ഭരിക്കുന്ന ജനത 43 ശതമാനം മാത്രമേ ഉണ്ടായിരുന്നുള്ളൂ. ബാക്കിയുള്ള 57 ശതമാനം പരിഷ്കാരത്തിൻെറ പല ദശകളിലും നിന്നിരുന്നവരും വിവിധ രൂപങ്ങളിലുള്ള അവകാശനിഷേധങ്ങൾ അനുഭവിച്ചിരുന്നവരുമായ മററു ജനതകളായിരുന്നു. അയൽ രാജ്യങ്ങളിലുണ്ടായിരുന്നതിലുമധികം ക്രൂരമായിരുന്നു റഷ്യയിലെ ദേശീയ മർദ്ദനം—പടിഞ്ഞാറൻ അയൽ രാജ്യങ്ങളിൽ മാത്രമല്ല കിഴക്കൻ അയൽ രാജ്യങ്ങളിലുള്ളതിനേക്കാൾ കൂടുതൽ. ഇതു് ഒരു പൊട്ടിത്തെറിയുണ്ടാക്കാൻ മാത്രം പോന്ന വമ്പിച്ച ശക്തി ദേശീയ പ്രശ്നത്തിന്നു നല്കി.

ദേശീയ പ്രശ്നത്തിലും, കാർഷിക പ്രശ്നത്തിലും, മർദ്ദനത്തിൻേറയും ഹിംസയുടേയുമായ ഭരണത്തിന്നു് ചില ചില പരിഷ്കാരങ്ങൾ വരുത്തുകയെന്നതിന്നപ്പുറം വല്ലതും ചെയ്യാൻ റഷ്യയിലെ മിതവാദി മുതലാളി വർഗ്ഗം തെയ്യാറില്ലായിരുന്നു ബൃഹത് റഷ്യൻ മുതലാളി വർഗ്ഗത്തിൻേറയും ഉദ്യോഗസ്ഥന്മാരുടെയും താല്പര്യങ്ങളെ പ്രതിഫലിപ്പിച്ചിരുന്ന മിൽ യൂക്കോഫിൻേറയും കെറൻസ്കിയുടേയും ഗവർമ്മേണ്ടു ഭരണം നടത്തിയ എട്ടുമാസത്തിന്നിടയിൽ അസംതൃപ്തരായ ജനതകൾക്കു് ഒരു കാര്യം ബോദ്ധ്യപ്പെടുത്തിക്കൊടുക്കാൻ അവർ തിടുക്കം കൂട്ടിയിരുന്നു: "ബലമുപയോഗിച്ചാൽ കിട്ടുന്നതു മാത്രമെ നിങ്ങൾക്കു് ലഭിക്കുകയുള്ളു."

ഷരിദ്രവാസനയോടുകൂടിയ ഒരു ദേശീയ പ്രസ്ഥാനം വളർന്നുവരുന്നതു് അനിവാര്യമാണെന്നു ലെനിൻ നേരത്തെ തന്നെ കണക്കിലെടുത്തിരുന്നു. ദേശങ്ങളുടെ സ്വയം നിർണ്ണയാവകാശത്തിന്നുവേണ്ടി, അതായതു് പൂർണ്ണമായും പോകാന

ള്ള അവകാശത്തിന്നു വേണ്ടി, ബോൾഷെവിക് പാർട്ടി വളരെ കൊല്ലങ്ങളോളം വിട്ടുവീഴ്ചയില്ലാതെ സമരം ചെയ്തിരുന്നു. ദേശീയ പ്രശ്നത്തെ സംബന്ധിച്ച് സുധീരമായ ഈ നിലപാടെടുത്തതുകൊണ്ടു മാത്രമാണ് റഷ്യൻ തൊഴിലാളി വർഗ്ഗത്തിന്നു ക്രമേണ മറ്റിതര ജനവിഭാഗങ്ങളുടെ വിശ്വാസമാർജ്ജിക്കാൻ കഴിഞ്ഞതു്. ദേശീയ സ്വാതന്ത്ര്യത്തിന്നുവേണ്ടിയുള്ള പ്രസ്ഥാനം കർഷക പ്രസ്ഥാനത്തെപ്പോലെ അവശ്യം ഔദ്യോഗിക ജനാധിപത്യത്തിന്നെതിരായിത്തിരിഞ്ഞു്, തൊഴിലാളി വർഗ്ഗത്തിന്നു ശക്തികൂട്ടി, ഒക്ടോബർ വിപ്ലവത്തിന്റെ ഒഴുക്കിനോടു് ചേർന്നു.

## അനുസ്യൂത വിപ്ലവം

ചരിത്രപരമായി പിന്നോക്കം നില്ക്കുന്ന ഒരു രാജ്യത്തിൽ തൊഴിലാളി വിപ്ലവം നടന്നു എന്ന സംഗതിയുടെ ദുർഗ്രാഹ്യത ഈ രീതിയിൽ പരിഹരിക്കപ്പെടുന്നു.

സംഭവം നടക്കുന്നതിന്നു് എത്രയോ മുമ്പു തന്നെ മാർക്സിസ്റ്റ് വിപ്ലവകാരികൾ വിപ്ലവത്തിന്റെ ഗതിയേയും യുവത്വം തുളുമ്പിനിന്നിരുന്ന റഷ്യൻ തൊഴിലാളി വർഗ്ഗം അതിൽ വഹിക്കുന്ന പങ്കിനേയും ദീർഘദർശനം ചെയ്തിരുന്നു. **1905**ൽ ഞാനെഴുതിയ ഒരു പുസ്തകത്തിൽ നിന്നു് ചില ഭാഗങ്ങൾ ഉദ്ധരിയ്ക്കാൻ നിങ്ങളെന്നെ അനുവദിക്കണം.

സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന ഒരു രാജ്യത്തിൽ മുതലാളിത്തപരമായി കൂടുതൽ വളർന്ന ഒരു രാജ്യത്തിലേക്കാൾ നേർത്തെ തന്നെ തൊഴിലാളികൾക്കു് അധികാരത്തിലെത്താൻ കഴിയും.

ബൂർഷ്വാ മിതവാദിത്വത്തിന്നു ഭരണം നടത്താനുള്ള കഴിവു് പൂർണ്ണമായും പ്രകടിപ്പിക്കാൻ അവസരം കിട്ടുന്നതിന്നു മുമ്പു തന്നെ തൊഴിലാളി വർഗ്ഗത്തിന്നു അധികാരം കിട്ടിയേയ്ക്കാവുന്ന സാഹചര്യങ്ങൾ റഷ്യൻ വിപ്ലവം സൃഷ്ടിക്കുന്നുണ്ടു്. വിപ്ലവം വിജയിക്കുകയാണെങ്കിൽ തൊഴിലാളി വർഗ്ഗത്തിന്നു അധികാരം ലഭിക്കുകയും വേണം.

കൃഷിക്കാരുടെ ഏററവും പ്രാഥമികമായ വിപ്ലവ താല്പര്യങ്ങളുടെ ഭാഗധേയം പോലും വിപ്ളവത്തിന്റെ മുഴുവൻ ഭാഗധേയവുമായി, അതായതു് തൊഴിലാളി വർഗ്ഗത്തിന്റെ ഭാഗധേയവുമായി, ബന്ധപ്പെട്ടു കിടക്കുകയാണ്. അധികാരത്തിലെത്തുന്ന തൊഴിലാളി വർഗ്ഗം കൃഷിക്കാരുടെ മുമ്പിൽ വിമോചക വർഗ്ഗത്തെപ്പോലെയാണ് പ്രത്യക്ഷപ്പെടുക.

തൊഴിലാളി വർഗ്ഗം ഗവർമ്മേണ്ടിൽ പ്രവേശിക്കുക ജനതയുടെ വിപ്ളവ പ്രതിനിധി എന്ന നിലയിലാണ്; ഏകാധിപത്യ ഭരണത്തിന്നും അടിമത്ത

ത്തിന്റെ കിരാതത്വത്തിനുമെതിരായ സമരത്തിൽ ജനങ്ങളുടെ അംഗീകൃത നേതാവെന്ന നിലയിലാണ്.

തൊഴിലാളി ഭരണം ആദ്യം മുതൽക്ക് തന്നെ കാർഷിക പ്രശ്ന പരിഹാരത്തിനു വേണ്ടി നില കൊള്ളണം. റഷ്യയിലെ ജനകോടികളുടെ ഭാഗധേയം ഈ പ്രശ്നവുമായി കെട്ടുപിണഞ്ഞാണ് കിടക്കുന്നത്.

ഒക്ടോബർ വിപ്ലവത്തെപ്പററി ഞാനിന്നു നിങ്ങളുടെ മുമ്പാകെ അവതരിപ്പിച്ചിട്ടുള്ള നിഗമനം അലക്ഷ്യമായി കെട്ടിച്ചമച്ചതൊ കാര്യം നടന്നു കഴിഞ്ഞ ശേഷം സംഭവങ്ങളുടെ സമ്മർദ്ദമേററുകൊണ്ട് നിർമ്മിച്ചതോ അല്ല എന്നു തെളിയിക്കവാനാണ് ഞാൻ ഈ ഭാഗങ്ങളുദ്ധരിക്കാനൊരുങ്ങിയത്. ഒരു രാഷ്ട്രീയ വീക്ഷണ കോടിയെന്ന നിലയിൽ വിപ്ളവമുണ്ടാവുന്നതിനെത്രയോ മുമ്പു തന്നെ ഞാനിതാവിഷ്ക്കരിച്ചിരുന്നു. സംഭവങ്ങളുടെ ഗതി മുൻകൂട്ടി കണ്ടറിയാനും അവയെ സോദ്ദേശം സ്വാധീനിക്കാനും സഹായിക്കുന്നിടത്തോളം മാത്രമേ പൊതുവിൽ ഒരു തീയറിയ്ക്കു് വിലയുള്ള എന്നു നിങ്ങഠം സമ്മതിക്കുമല്ലൊ. പൊതുവിൽ പറഞ്ഞാൽ, ചരിത്രപരവും സാമൂഹ്യവുമായ വിശകലനത്തിന്നുള്ള ഒരായുധമെന്ന നിലയിൽ മാർക്സിസത്തിന്നുള്ള അതുല്യമായ പ്രാധാന്യം ഇതാണ്. എന്റെ പ്രസംഗത്തിന്റെ പരിധികഠം വളരെ പരിമിതമായതുകൊണ്ട് മുകളിൽ കൊടുത്ത ഉദ്ധരണത്തെ കൂടുതൽ വിശദീകരിക്കാൻ നിവൃത്തിയില്ലെന്നതിൽ ഞാൻ വ്യസനിക്കുന്നു. **1905**-ൽ ഞാൻ എഴുതിയ പുസ്തകത്തിന്റെ ഒരു രത്ന ചുരുക്കം മാത്രം പറഞ്ഞു് തൃപ്തിയടയുകയേ എനിക്കു നിവൃത്തിയുള്ളു

റഷ്യൻ വിപ്ലവം അതിന്റെ സത്വരമായ കടമകഠംക്കനുസരിച്ച് ഒരു മുതലാളി വിപ്ലവമാണ്. പക്ഷെ റഷ്യൻ മുതലാളി വർഗ്ഗം വിപ്ലവ വിരോധിയാണ്. അതു കൊണ്ടു് ഒരു തൊഴിലാളി വിപ്ലവമെന്ന നിലയിൽ മാത്രമെ റഷ്യൻ വിപ്ലവത്തിന്നു വിജയ സാദ്ധ്യതയുള്ളു. വിജയിയായ തൊഴിലാളി വർഗ്ഗം ബൃഷ്വാ ജനാധിപത്യത്തിന്റെ പരിപാടികൊണ്ടു് തൃപ്തിപ്പെടുകയില്ല. അതു് സോഷ്യലിസത്തിന്റെ പരിപാടിയിലേക്ക് മുന്നേറും. അങ്ങിനെ റഷ്യൻ വിപ്ലവം ലോക സോഷ്യലിസ്റ്റ് വിപ്ലവത്തിന്റെ ആദ്യ ഘട്ടമായിത്തീരും.

**1905**-ൽ ഞാനാവിഷ്ക്കരിച്ചതും പിന്നീട് ട്രോട്സ്കിയിസം എന്ന പേരിൽ രൂക്ഷമായ വിമർശനത്തിന്നു വിധേയമാവുകയും ചെയ്ത 'അനുസ്യൂത വിപ്ലവം' എന്ന തീയറി ഇതാണ്.

കൃത്യമായി പറഞ്ഞാൽ ഇതു് ആ തീയറിയുടെ ഒരു ഭാഗം മാത്രമാണ്. ഇന്നു് പ്രത്യേകിച്ചും കാലോചിതമായിരിക്കുന്ന മറേറ ഭാഗം ഇതാണ്.

ഇന്നത്തെ ഉല്പാദന ശക്തികഠം വളരെ മുമ്പു തന്നെ അവയുടെ ദേശീയ പരിധികളെ കവച്ചുവെച്ച് വളന്നിട്ടുണ്ട്. ദേശീയാതൃത്തികഠംക്കുള്ളിൽ ഒതുങ്ങി

നിന്നുകൊണ്ടു് ഒരു സോഷ്യലിസ്റ്റ് സമുദായം സാദ്ധ്യമല്ല. ഒററപ്പെട്ടു നില്ക്കുന്ന ഒരു തൊഴിലാളി രാഷ്ട്രത്തിന്റെ സാമ്പത്തിക വിജയങ്ങൾ ഗണനീയങ്ങളായേക്കാമെങ്കിലും 'ഏക രാജ്യ സോഷ്യലിസമെന്ന പരിപാടി പെററി ബൂർഷ്വാസിയുടെ—ഇടത്തർക്കാരുടെ—ഒരു സങ്കല്പം മാത്രമാണു്. ആദ്യം സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകൾ ചേർന്നുണ്ടാവുന്ന ഒരു യൂറോപ്യൻ ഫെഡറേഷനും പിന്നീട് ഒരു ലോക ഫെഡറേഷനും മാത്രമെ മൈത്രിയിലധിഷ്ഠിതമായ ഒരു സോഷ്യലിസ്റ്റ് സമുദായത്തിന്റെ പ്രവർത്തന രംഗമാവുകയുള്ളു.

സംഭവങ്ങളുടെ പരീക്ഷണം കഴിഞ്ഞു് ഇന്നു ഈ തീയറി ഉപേക്ഷിക്കുവാൻ എനിക്കു മുമ്പുണ്ടായിരുന്നത്ര പോലും കാരണമില്ല.

## ബോൾഷെവിക്ക് പാർട്ടി

ഇത്രയുമൊക്കെ പറഞ്ഞു കഴിഞ്ഞ ശേഷം ഏതു കാലാവസ്ഥയിലും പ്രയോഗിക്കാവുന്ന, പൊതു സ്ഥിതികളുമായി ബന്ധമില്ലാത്ത ഒരു കൂട്ടം സൂത്രങ്ങളായിരുന്നു എന്റെ തന്ത്രങ്ങൾ എന്നു പറയുന്ന ഫാസിസ്റ്റ് ഗ്രന്ഥകാരനായ മാലാപാർതിനെപ്പററി വീണ്ടും വല്ലതും പറയേണ്ടതുണ്ടോ? ഭാഗ്യംകെട്ട ഈ താത്വിക വിദഗ്ദ്ധന്റെ പേർ അധികാര കയ്യേററം വിജയപൂർവ്വം നടത്തിയ മറെറാരു മനുഷ്യന്റെ പേരിൽ നിന്നു് എളുപ്പം തിരിച്ചറിയാമെന്നതു് നല്ല കാര്യമാണു്. അതുകൊണ്ടു് മാലാപാർതിനെ ബോണാപാർതായി തെററിദ്ധരിക്കുകയെന്ന അപകടം ആക്കും പററാനിടയില്ല.

1917 നവമ്പർ 7–ാംനു– നടന്ന സായുധാക്രമണം ഉണ്ടായിരുന്നില്ലെങ്കിൽ സോവ്യററു് രാഷ്ട്രം നിലവിൽ വരില്ലായിരുന്നു. പക്ഷെ സായുധാക്രമണം ആകാശത്തിൽ നിന്നു അടർന്നു വീണതല്ല. ഒക്ടോബർ വിപ്ലവത്തിന്നു ചരിത്രപരമായ ഒരു കൂട്ടം മുൻ ഉപാധികൾ ആവശ്യമായിരുന്നു.

1. പ്രഭുക്കന്മാർ, രാജവംശം, ഉദ്യോഗസ്ഥന്മാർ മുതലായവരടങ്ങിയ പഴയ ഭരണാധികാരി വർഗ്ഗങ്ങളുടെ അധഃപതനം.

2. റഷ്യൻ ജനങ്ങൾക്കിടയിൽ വേരുറച്ചിട്ടില്ലാത്ത മുതലാളി വർഗ്ഗത്തിന്റെ ദൌർബ്ബല്യം.

3. കാർഷിക പ്രശ്നത്തിന്റെ വിപ്ലവ സ്വഭാവം.

4. മർദ്ദിത ജനവിഭാഗങ്ങളുടെ പ്രശ്നത്തിന്റെ വിപ്ലവ സ്വഭാവം.

5. തൊഴിലാളി വർഗ്ഗത്തിന്നു ചുമക്കേണ്ടിവന്ന ഗണ്യമായ സാമൂഹ്യ ഭാരങ്ങൾ.

സാമൂഹ്യ ഘടനയിൽ നിന്നു തന്നെ വളർന്നു വന്ന ഈ ഉപാധിക

ളുടെ അനുബന്ധമെന്നോണം സുപ്രധാനമായ മററു ചില ഉപാധികൾ കൂടിയുണ്ടു്.

6. 1905-ലെ വിപ്ലവമായിരുന്നു 1917-ലെ വിപ്ലവത്തിൻെറ വിദ്യാലയം—ലെനിൻെറ ഭാഷയിൽ ആദ്യത്തെ അണിഞ്ഞൊരുങ്ങൽ. തൊഴിലാളി വർഗ്ഗൈക്യത്തിൻെറ ഒഴിച്ചു കൂടാത്ത സംഘടിത രൂപമെന്ന നിലയിൽ സോവ്യററുകൾ ആദ്യമായി സൃഷ്ടിക്കപ്പെട്ടതു് 1905-ലായിരുന്നു.

7. സാമ്രാജ്യത്വ യുദ്ധം എല്ലാ വൈരുദ്ധ്യങ്ങൾക്കും മൂർച്ച കൂട്ടുകയും പിന്നോക്കം നിന്നിരുന്ന ബഹുജനങ്ങളെ അവരുടെ നിശ്ചലത്വത്തിൽ നിന്നു കെട്ടഴിച്ചു വിട്ടു് വിപ്ലവത്തിന്നു അതി ഗംഭീരമായ ഒരു രംഗം തയ്യാറാക്കുകയും ചെയ്തു.

പക്ഷെ ഈ ഉപാധികളെല്ലാം തന്നെ വിപ്ലവം പൊട്ടിപ്പുറപ്പെടുന്നതിന്നു മാത്രമെ മതിയാവുമായിരുന്നുള്ളു. വിപ്ലവത്തിൽ തൊഴിലാളി വർഗ്ഗം ജയിക്കേണ്ടതിന്നു ഇവ മതിയാകുമായിരുന്നില്ല. അതിന്നു ഒരു ഉപാധികൂടി ആവശ്യമായിരുന്നു.

8. ബോൾഷെവിക്കു് പാർട്ടി.

ഉപാധികളുടെ കൂട്ടത്തിൽ ഇതിനെ അവസാനമായി പറഞ്ഞതു് സംഭവ പരമ്പരയിൽ ഇതു് അവസാനത്തേതു് ആയതുകൊണ്ടു മാത്രമാണു്; അല്ലാതെ പ്രാധാന്യത്തിൻെറ കാര്യത്തിൽ ഞാൻ പാർട്ടിക്കു് അവസാനത്തെ സ്ഥാനം നല്കുന്നതുകൊണ്ടല്ല.

അത്തരം യാതൊരു ചിന്തയും എനിക്കില്ല. മിതവാദിയായ മുതലാളി വർഗ്ഗത്തിന്നു അവർ യാതൊരു പങ്കും വഹിച്ചിട്ടില്ലാത്ത സമരങ്ങളുടെ ഫലമായി അധികാരം പിടിച്ചെടുക്കാൻ കഴിയും. ഒന്നിലധികം തവണ അവരങ്ങിനെ അധികാരം പിടിച്ചെടുത്തിട്ടുമുണ്ടു്. അങ്ങിനെ ചെയ്യാൻ ഉതകുന്ന ഉപകരണങ്ങൾ അവരുടെ കയ്യിലുണ്ടു്. പക്ഷെ തൊഴിലാളികൾ വ്യത്യസ്തമായൊരു നിലയിലാണുള്ളതു്. അനേക കാലങ്ങളായി അവർ കൊടുക്കുവാൻ മാത്രമെ പരിശീലിച്ചിട്ടുള്ളു; എടുക്കുവാൻ പരിശീലിച്ചിട്ടില്ല. അവർ പണിയെടുക്കുന്നു, സാധിക്കുന്നത്ര ക്ഷമ കാണിക്കുന്നു, പ്രതീക്ഷിക്കുന്നു, ക്ഷമ കൈവിടുന്നു, ഉണർന്നെഴുന്നേററു് സമരം ചെയ്യുന്നു, മരിക്കുന്നു, മററുള്ളവർക്കു് വിജയം നേടിക്കൊടുക്കുന്നു, വഞ്ചിക്കപ്പെടുന്നു, നിരാശയിലാഴുന്നു, തലയും താഴ്ത്തി വീണ്ടും പണിയെടുക്കുന്നു; ഇതാണു് എല്ലാ ഭരണ ക്രമങ്ങളുടെ കീഴിലും സാമാന്യ ജനങ്ങളുടെ നില. ഉറച്ച കൈകളോടു കൂടി ഇടയിളക്കമില്ലാതെ അധികാരം കൈക്കലാക്കുന്നതിന്നു് തൊഴിലാളികൾക്കു് ഒരു പാർട്ടി ഉണ്ടായിരിക്കണം. ആ പാർട്ടി ചിന്തയുടെ വ്യക്തതയിലും വിപ്ലവാത്മകമായ കരളുറപ്പിലും മറെറല്ലാ പാർട്ടികളേയും കവച്ചുവെയ്ക്കുന്നതായിരിക്കണം.

ബോൾഷെവിക്ക് പാർട്ടി ഒന്നിലധികം തവണ മനുഷ്യരാശിയുടെ ചരിത്രത്തിൽ വെച്ച് ഏററവും അധികം വിപ്ലവാത്മകമായിരുന്ന പാർട്ടിയെന്ന് വിളിയ്ക്കപ്പെട്ടിട്ടുണ്ട്. അതു തികച്ചും ശരിവെയ്ക്കുകയും വേണം. റഷ്യയുടെ ആധുനിക ചരിത്രത്തിന്റെ അതിലെ ചലനാത്മകമായ എല്ലാററിന്റേയും ഒരു സജീവ സത്തായിരുന്നു ബോൾഷെവിക്ക് പാർട്ടി. സാമ്പത്തിക ഘടനയുടേയും സംസ്കാരത്തിന്റേയും വളർച്ചയ്ക്ക് ആവശ്യം വേണ്ട ഉപാധിയെന്ന നിലയിൽ ചക്രവർത്തി ഭരണത്തെ മറിച്ചിടേണമെന്ന് മുമ്പുതന്നെ അംഗീകരിയ്ക്കപ്പെട്ടിരുന്നു. പക്ഷെ ഈ കർത്തവ്യം നിറവേററുവാൻ വേണ്ട ശക്തികൾ ഉണ്ടായിരുന്നില്ല. മുതലാളി വർഗ്ഗത്തിന്നു വിപ്ലവത്തെ ഭയമായിരുന്നു. ബുദ്ധിജീവികൾ കൃഷിക്കാരനെ അവന്റെ കാലിന്മേൽ നിർത്താൻ ശ്രമിച്ചു. പക്ഷെ സ്വന്തം കഷ്ടപ്പാടുകളേയും സ്വന്തം ലക്ഷ്യങ്ങളേയും ഒരു പൊതു ആവശ്യമായി ഉയർത്താൻ കഴിവില്ലാതിരുന്ന കർഷകൻ ബുദ്ധിജീവികളുടെ അഭ്യർത്ഥന ചെവിക്കൊണ്ടില്ല. അപ്പോൾ ബുദ്ധിജീവികൾ പൊട്ടിത്തെറി വസ്തുക്കൾ ആയുധമാക്കി. ഈ സമരത്തിൽ ഒരു തലമുറ മുഴുവനും നശിച്ചുപോയി.

**1887** മാർച്ച് **1**-ാനു അലക്സാണ്ടർ ഉല്ല്യാനോവു അവസാനത്തെ ഭീകര ഗൂഢാലോചന നടത്തി. ചക്രവർത്തി അലക്സാണ്ടർ മൂന്നാമനെ കൊലപ്പെടുത്താനുണ്ടായ ആ പരിശ്രമം വ്യർത്ഥമായി. ആ പരിശ്രമത്തിൽ പങ്കെടുത്ത ഉല്ല്യാനോവും മററുള്ളവരും തൂക്കി കൊല്ലപ്പെട്ടു. വിപ്ലവകാരിയായ വർഗ്ഗത്തിന്നു പകരം രസതന്ത്രപ്രയോഗം ഉപയോഗിക്കാനുള്ള പരിശ്രമം തകർന്നുപോയി. അങ്ങേയററം വീരോചിതമായ ഗുണങ്ങളുള്ള ബുദ്ധിജീവികൾപോലും ജനങ്ങളുടെ പിന്തുണയില്ലെങ്കിൽ ഒന്നുമില്ല. ഉല്ല്യാനോവിന്റെ അനുജൻ ഈ വാസ്തവങ്ങളുടേയും നിഗമന സത്വരങ്ങളുടേയും സ്വാധീനതയേററുകൊണ്ടാണ് വളർന്നു വന്നതു്.

അദ്ദേഹമാണ് റഷ്യൻ ചരിത്രത്തിലെ ഏററവും മഹാനായ വ്യക്തിയായ ലെനിനായി തീർന്നതു്. വളരെ ചെറുപ്പത്തിൽ തന്നെ അദ്ദേഹം മാർക്സിസത്തിന്റെ അടിസ്ഥാന തത്വങ്ങളെ മാർഗ്ഗദർശകമായി സ്വീകരിച്ച് തൊഴിലാളി വർഗ്ഗത്തിന്നടുത്തേയ്ക്ക് തിരിഞ്ഞു. ഗ്രാമത്തെ അവഗണിക്കാതെ തന്നെ അദ്ദേഹം തൊഴിലാളികളിൽ കൂടി കർഷകനിലേയ്ക്കുള്ള മാർഗ്ഗമാരാഞ്ഞു. ത്യാഗത്തിന്നുള്ള സന്നദ്ധതയും അങ്ങേയററംവരെ പോകാനുള്ള ഒരുക്കവും അദ്ദേഹം വിപ്ലവകാരികളായ തന്റെ മുൻഗാമികളിൽ നിന്നു് പഠിച്ചിരുന്നു. അങ്ങിനെ അദ്ദേഹം നേരത്തെ തന്നെ ബുദ്ധിജീവികളിൽ യുവ തലമുറയുടേയും മുന്നോട്ടു വന്ന തൊഴിലാളികളുടേയും ഗുരുവായിത്തീർന്നു. പണിമുടക്കുകളിലും തെരുവു സമരങ്ങളിലും കൂടി, ജെയിലുകളിലും നാടുകടത്തലിലും കൂടി തൊഴിലാളികൾക്കാവശ്യമായ പരിചയവും കരുത്തും ലഭിച്ചു. ഏകാധിപത്യത്തിന്റെ ക്രൂരത

ട്ടിൽ തങ്ങളുടെ ചരിത്രപരമായ മാർഗ്ഗം തെളിഞ്ഞു കാണുവാൻ അവക്ക് മാർ
ക്സിസത്തിന്റെ വെളിച്ചം ആവശ്യമായിരുന്നു.

റഷ്യയ്ക്കു വെളിയിൽ താമസിച്ചിരുന്നവരിൽ നിന്നു ആദ്യത്തെ മാർ
ക്സിസ്റ്റ് ഗ്രൂപ്പ് 1883-ൽ ഉയന്നുവന്നു. 1898-ൽ ഒരു രഹസ്യയോഗത്തിൽ വെച്ച്
റഷ്യൻ സോഷ്യൽ ഡെമോക്രാററിക് തൊഴിലാളി കക്ഷിയുടെ സ്ഥാപനം
പ്രഖ്യാപിയ്ക്കപ്പെട്ടു. (ഞങ്ങളൊക്കെ അന്നു സോഷ്യൽ ഡെമോക്രാററുകാരെ
നാണു സ്വയം വിളിച്ചിരുന്നതു്) 1903-ൽ ബോൾഷെവിക്കുകാരും മെൻഷെ
വിക്കുകാരും തമ്മിലുള്ള ഭിന്നിപ്പുണ്ടായി. 1912-ൽ ബോൾഷെവിക്ക് വിഭാഗം
ഒരു സ്വതന്ത്ര പാർട്ടിയായിത്തീന്നു.

12 കൊല്ലത്തെ (1905-1917) സംഭവ ബഹുലമായ സമരങ്ങളിൽ കൂടി
ആ പാർട്ടി സമുദായത്തിന്റെ ചലന രീതികൾ മനസ്സിലാക്കി. മുൻകയ്യെടുത്തു
പ്രവൃത്തിക്കുവാനും, വേണ്ടി വന്നാൽ വഴങ്ങിക്കൊടുക്കുവാനും, ഒരേ രീതിയിൽ
കെൽപ്പുള്ള ഗ്രൂപ്പുകളെ അതു് വിദ്യാഭ്യാസം ചെയ്യിച്ചെടുത്തു് വിപ്ലവ പ്രവ
ത്തനങ്ങളിൽ അതിനുണ്ടായിരുന്ന അച്ചടക്കം സിദ്ധാന്തപരമായ ഐക്യത്തി
ന്മേലും പൊതുവായ സമര പാരമ്പര്യത്തിന്മേലും പരീക്ഷണങ്ങളിൽ കൂടി വിജയ
പൂർവ്വം കടന്നു പോന്ന അതിന്റെ നേതൃത്വത്തിലുള്ള വിശ്വാസത്തിന്മേലും അ
ടിസ്ഥാനപ്പെടുത്തിയതായിരുന്നു.

ഇങ്ങിനെയായിരുന്നു 1917-ൽ പാർട്ടിയുടെ നില. ഔദ്യോഗിക പൊതു
ജനാഭിപ്രായം അതിനെ വെറുത്തു. ബുദ്ധിജീവികളുടെ പത്രങ്ങൾ അതിന്നെ
തിരായി കടലാസു വെടി മുഴക്കി. പക്ഷെ പാർട്ടി ജനങ്ങളുടെ നീക്കങ്ങൾക്ക
ചുവടൊപ്പിച്ചു നിന്നു. ഫാക്ടറികളിലും പട്ടാള വിഭാഗങ്ങളിലുമുള്ള സ്വാധീനം
ഒരിക്കലും അതിന്റെ കയ്യിൽ നിന്നു വഴുതിപ്പോയിരുന്നില്ല. കർഷക ജനങ്ങൾ
അധികമധികം അതിന്റെ നേരെ തിരിഞ്ഞു. ജനത എന്ന പദം കൊണ്ടു
നാമുദ്ദേശിക്കുന്നതു് പ്രത്യേകാധികാരങ്ങളും അവകാശങ്ങളുമുള്ള ഉയർന്നവരെയല്ല,
ജനങ്ങളിലെ ഭൂരിപക്ഷത്തെ—തൊഴിലാളികളേയും കൃഷിക്കാരേയും—ആണെ
ങ്കിൽ 1917-ൽ ബോൾഷെവിക്കുകാർ യഥാർത്ഥമായും ഒരു ദേശീയ റഷ്യൻ
പാർട്ടിയായി കഴിഞ്ഞിരുന്നു.

ഒളിവിൽ ജീവിക്കാൻ നിർബ്ബന്ധിതനായിത്തീന്ന ലെനിൽ 1917
സെപ്റ്റംബറിൽ സൂചന നൽകി: "കുഴപ്പം മൂത്തിരിയ്ക്കുന്ന സായുധാക്രമണത്തി
ന്റെ സമയം വന്നിരിക്കുന്നു." അദ്ദേഹം പറഞ്ഞതു് ശരിയായിരുന്നു. യുദ്ധ
ത്തിന്റേയും കൃഷിഭൂമിയുടേയും ദേശീയ വിമോചനത്തിന്റേയും പ്രശ്നങ്ങളെ
അഭിമുഖീകരിക്കേണ്ടിവന്ന ഭരണാധികാരി വർഗ്ഗങ്ങൾ രക്ഷാമാർഗ്ഗമില്ലാത്ത
വിഷമങ്ങളിൽ ചെന്നു പെട്ടിരുന്നു. മുതലാളി വർഗ്ഗത്തിന്നു തലയ്ക്കു ലക്കി
ല്ലാതായി തീർന്നിരുന്നു. ജനാധിപത്യ പാർട്ടികളും മെൻഷെവിക്കുകാരും

എസ്സാർ കക്ഷിക്കാരും സാമ്രാജ്യ യുദ്ധത്തെ അനുകൂലിക്കുകയും അനുരഞ്ജനത്തിന്റെ നയം പിൻതുടരുകയും മുതലാളിത്ത—ജന്മിത്വ സ്വത്തുടമക്കാർക്ക് വിട്ടുവീഴ്ചകൾ ചെയ്യുകയും കാരണം ജനങ്ങൾക്കവരിലുണ്ടായിരുന്ന വിശ്വാസത്തിന്റെ അവസാനത്തെ കണികയും കളഞ്ഞു കുളിച്ചിരുന്നു. ഉണർന്നെഴുന്നേററ പട്ടാളക്കാർ സാമ്രാജ്യത്വത്തിന്റേതു് മാത്രമായ താല്പര്യങ്ങൾക്കുവേണ്ടി യുദ്ധം ചെയ്യാൻ തയ്യാറായില്ല. ജനാധിപത്യക്കാരുടെ ഉപദേശത്തെ കൂസലാക്കാതെ കൃഷിക്കാർ ജന്മി പ്രഭുക്കന്മാരെ അവരുടെ എസ്റ്റേററുകളിലിട്ടു പുകച്ചു കളഞ്ഞു. തലസ്ഥാന നഗരിയിലെ ഉദ്യോഗസ്ഥ മേധാവിത്വത്തിനെതിരായി വിദൂരാതിർത്തികളിലെപ്പോഴും മർദ്ദിത ജനവിഭാഗങ്ങൾ മുന്നോട്ടു വന്നു. തൊഴിലാളികളുടേയും പട്ടാളക്കാരുടേയും സോവ്യററുകളിൽ ഏററവും പ്രധാനപ്പെട്ടവയിലെല്ലാം ബോൾഷെവിക്കുകാർക്ക് ഭൂരിപക്ഷമുണ്ടായിരുന്നു. പഴപ്പിന്നു മൂപ്പെത്തിക്കഴിഞ്ഞിരുന്നു. കത്തികൊണ്ടു് ഒരു വെട്ടു മാത്രമെ അതിന്നു കിട്ടേണ്ടിയിരുന്നുള്ളു.

സാമൂഹ്യവും രാഷ്ട്രീയവുമായ ഈ പരിതസ്ഥിതികളിൽ മാത്രമേ സായുധാക്രമണം സാധിക്കുമായിരുന്നുള്ളു. ആ രീതിയിൽ അത് അനിവാര്യവുമായിരുന്നു. പക്ഷെ സായുധാക്രമണം കളിക്കാനുള്ളതല്ല. ശസ്ത്രക്രിയയിൽ അശ്രദ്ധമായി കത്തിയുപയോഗിക്കുന്ന ഡോക്ടർക്ക് വ്യസനിക്കേണ്ടിവരും. സായുധാക്രമണം ഒരു പ്രായോഗിക കലയാണ്. അതിന്ന് അതിന്റേതായ നിയമങ്ങളും നിർദ്ദേശങ്ങളുമുണ്ടു്.

ഒക്ടോബറിലെ സായുധാക്രമണത്തിന്റെ യാഥാർത്ഥ്യങ്ങളെ തണുത്തുറച്ചു കണക്കു കൂട്ടലുകളോടും പതറാത്ത നിശ്ചയ ദാർഢ്യത്തോടും കൂടിയാണ് പാർട്ടി നേരിട്ടതു്. ഇക്കാരണം കൊണ്ടു് മിക്കവാറും രക്തച്ചൊരിച്ചിലില്ലാതെ അതു വിജയിച്ചു. വിജയം വരിച്ച സോവിയററുകളിൽ കൂടി ബോൾഷെവിക്കുകാർ ഭൂഗോളത്തിന്റെ ആറിലൊരു ഭാഗം സ്ഥലമുള്ള ഒരു രാജ്യത്തിന്റെ നേതൃസ്ഥാനത്ത് സ്വയം പ്രതിഷ്ഠിച്ചു.

എന്റെ പ്രസംഗം കേൾക്കുന്നവരിൽ ഭൂരിഭാഗവും 1917–ൽ രാഷ്ട്രീയ കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്നില്ലെന്ന് വിചാരിക്കണം; അത്രയും നല്ലതു്. യുവ തലമുറയുടെ മുമ്പിൽ എപ്പോഴും എളുപ്പമായില്ലെങ്കിലും രസകരമായ പലതും കിടക്കുന്നുണ്ടു്. പക്ഷെ ഈ ഹാളിലിരിയ്ക്കുന്ന പഴയ തലമുറക്കാർ തീർച്ചയായും നല്ല പോലെ ഓർക്കുന്നുണ്ടായിരിക്കും ബോൾഷെവിക്കുകാരധികാരം കൈക്കലാക്കിയതിനെ ലോകമെങ്ങിനെയാണ് സ്വീകരിച്ചതെന്ന്. ഒരു കൌതുകം, ഒരു തെററിദ്ധാരണ, ഒരപവാദം, നേരം പുലർന്നാലവസാനിക്കുന്ന ഒരു ദുസ്വപ്നം—ഈ നിലയിലൊക്കെ. ബോൾഷെവിക്കുകാർ 24 മണിക്കൂർ നില നിന്നേക്കും. അല്ലെങ്കിൽ ഒരാഴ്ച, ഒരു മാസം, ഒരു കൊല്ലം—കാലപരിധി അങ്ങിനെ നീട്ടി

കൊണ്ടുപോകേണ്ടിവന്ന ലോകത്തിലെങ്ങോളമുള്ള ഭരണാധികാരികൾ ആദ്യത്തെ തൊഴിലാളി രാഷ്ട്രത്തിനെതിരായി ആയുധമേന്തി. ഞങ്ങളുടെ രാജ്യത്തിൽ അഭ്യന്തര യുദ്ധം ഇളക്കിവിട്ടു. വീണ്ടും വീണ്ടും അവർ ഇടപെടൽ നടത്തി. രാജ്യത്തിനു ചുററും സാമ്പത്തികാപരോധം പടുത്തുയർത്തി. അങ്ങിനെ കൊല്ലങ്ങളോരോന്നും കടന്നു പോയി. അതിനിടയ്ക്കു് സോവ്യററു് രാഷ്ട്രത്തിന്റെ 15 കൊല്ലത്തെ നിലനില്പ്പ് ചരിത്രം രേഖപ്പെടുത്തിക്കഴിഞ്ഞു.

## സോവ്യററ് ഭരണത്തിന്റെ 15 കൊല്ലങ്ങൾ

"ശരിയാണ്", വല്ല പ്രതിയോഗിയും ഒരു പക്ഷെ പറഞ്ഞേക്കാം, "ഒക്ടോബറിലെ ആ സാഹസകൃത്യം ഞങ്ങളിൽ പലരും വിചാരിച്ചിരുന്നതിലുമധികം ഗൌരവമേറിയതായിരുന്നുവെന്നാണ് കരുതേണ്ടതു്. ഒരു പക്ഷെ അതൊരു സാഹസകൃത്യം തന്നെ ആയിരുന്നില്ല. എന്നിരുന്നാലും ഒരു ചോദ്യം സകല ശക്തിയോടും കൂടി ബാക്കി നില്ക്കുന്നുണ്ടു്. ഇത്ര വലിയ വിലകൊടുത്തിട്ടു് എന്താണ് നേടിയതു്? വിപ്ലവത്തിനു മുമ്പ് ബോൾഷെവിക്കുകാർ ചെയ്തിരുന്ന കണ്ണഞ്ചിക്കുന്ന വാഗ്ദാനങ്ങൾ നിറവേററപ്പെട്ടുവോ?"

ഈ സാങ്കല്പിക പ്രതിയോഗിക്കു് മറുപടി പറയുന്നതിനു മുമ്പു് നമുക്കു ഒരു കാര്യം ഓർമ്മിക്കുക. ഈ ചോദ്യം പുതിയതൊന്നുമല്ല. ഒക്ടോബർ വിപ്ലവത്തിന്റെ പിറവി മുതൽ ഈ ചോദ്യം അതിന്റെ പിന്നാലെ കൂടിയിട്ടുണ്ടു്.

വിപ്ലവ കാലത്തു് പെട്രോഗ്രാഡിലായിരുന്ന ക്ലോഡ് ആനെ എന്ന ഫ്രഞ്ച് പത്ര പ്രവർത്തകൻ 1917 ഒക്ടോബർ 27—ാംനു- തന്നെ ഇങ്ങിനെ എഴുതുകയുണ്ടായി:

"മേക്സിമലിസ്ററുകാർ (അങ്ങിനെയാണ് ഫ്രഞ്ചുകാർ അക്കാലത്തു് ബോൾഷെവിക്കുകാരെ വിളിച്ചിരുന്നതു്) അധികാരം പിടിച്ചെടുത്തിരിക്കുന്നു. ഇതാ ആ സുദിനം വന്നെത്തി. ഞാൻ സ്വയം പറയുകയാണ്: വളരെ കൊല്ലങ്ങളായി വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന ആ സോഷ്യലിസ്റ്റ് സ്വർഗ്ഗം സാക്ഷാത്കരിക്കപ്പെടുന്നതു് ഇനിയൊന്നു കാണാമല്ലോ. അഭിനന്ദനാർഹമാണ് ഈ കൃത്യം! ഉന്നതമായ ഒരു പദവിയാണ് കിട്ടാൻ പോകുന്നതു്". അങ്ങിനെ പലതും. വിരോധാഭാസം നിറഞ്ഞ ഈ അഭിവാദനത്തിനു പിന്നിൽ എന്തൊരു വിദ്വേഷമാണുള്ളതെന്നു നോക്കൂ. സാർ ചക്രവർത്തിയുടെ ശരൽക്കാല കൊട്ടാരം ഞങ്ങൾ പിടിച്ചെടുത്ത ദിവസം രാവിലെ തന്നെ ഈ പിന്തിരിപ്പൻ പത്രപ്രവർത്തകൻ സ്വർഗ്ഗത്തിലേയ്ക്കുള്ള തന്റെ ടിക്കററു് ബുക്കു് ചെയ്യാൻ വെമ്പുന്നു. വിപ്ലവത്തിനു ശേഷം 15 കൊല്ലം കഴിഞ്ഞു. സോവ്യററു നാടു് ഇനിയും ക്ഷേമം പുലരുന്ന ഒരു രാഷ്ട്രത്തോടു് യാതൊരു സാമ്യവും വഹിക്കുന്നില്ല, എന്ന

വസ്തുതയെ മുൻനിർത്തി ഞങ്ങളുടെ ശത്രുക്കൾ മുമ്പത്തെ ഔപചാരിക മര്യാദ പോലും വിട്ടുകൊണ്ടു് ഇന്നു് സന്തോഷിക്കുന്നു. അവർ ചോദിക്കുന്നു: വിപ്ലവവും അതിൽ പങ്കെടുത്തവർ സഹിച്ച ത്യാഗങ്ങളും എന്തിനുവേണ്ടിയായിരുന്നുവെന്നു്?

ഒരു കാര്യം ഞാനിവിടെ തുറന്നു പറഞ്ഞു കൊള്ളട്ടെ: സോവ്യറ്റ് ഭരണത്തിന്റെ വൈരുദ്ധ്യങ്ങളും വിഷമങ്ങളും തെറ്റുകളും പോരായ്മകളും മറ്റാർക്കുമെന്നപോലെ എനിക്കും നന്നായറിയാം. പ്രസംഗത്തിലാകട്ടെ എഴുത്തിലാകട്ടെ ഞാനവയെ ഒരിക്കലും മറച്ചു വെച്ചിട്ടില്ല. യാഥാസ്ഥിതിക രാജ്യ കാര്യങ്ങളിൽ നിന്നു വ്യത്യസ്തമായ രീതിയിൽ വിപ്ലവാത്മക രാജ്യ കാര്യങ്ങൾ വളർത്തിക്കൊണ്ടു വരണമെങ്കിൽ കാര്യങ്ങൾ മറച്ചു വെച്ചാൽ കഴിയുകയില്ലെന്നു് ഞാൻ വിശ്വസിച്ചിട്ടുണ്ടു്; ഇപ്പോഴും വിശ്വസിക്കുന്നു. 'ഉള്ളതു് തുറന്നുപറയുക' എന്നതു് തൊഴിലാളി രാഷ്ട്രത്തിന്റെ അത്യുന്നതാദർശമായിരിക്കണം.

പക്ഷെ സൃഷ്ടിപരമായ പ്രവത്തിയിലെന്നപോലെ വിമർശനത്തിലും ഒരു വീക്ഷണകോടിയുണ്ടായിരിക്കണം. വികാര പരത്വം വിവരമില്ലാത്ത ഒരുപദേശകനാണു്—വിശേഷിച്ചും വലിയ പ്രശ്നനങ്ങളിൽ കാലപരിധി കർത്തവ്യങ്ങളുമായിട്ടാണു്, വ്യക്തികളുടെ ചാപല്യങ്ങളുമായിട്ടല്ലാ, പൊരുത്തപ്പെടേണ്ടതു്. പതിനഞ്ചു കൊല്ലങ്ങൾ! മനുഷ്യ ജീവിതത്തിൽ എത്ര നീണ്ട ഒരു കാലമാണിതു്! നമ്മുടെ തലമുറയിൽ പലരും പതിനഞ്ചു കൊല്ലത്തിന്നിടയിൽ ശവക്കുഴിയിലേയ്ക്കു കൊണ്ടുപോകപ്പെട്ടു; ബാക്കിയുള്ളവരിൽ പലർക്കും നര കയറിയിട്ടുമുണ്ടു്. പക്ഷെ അതേ പതിനഞ്ചു കൊല്ലങ്ങൾ തന്നെ ഒരു ജനതയുടെ ജീവിതത്തിൽ എത്ര നിസ്സാരമായ കാലഘട്ടമാണു്! ചരിത്രത്തിന്റെ ക്ലോക്കിൽ ഒരു നിമിഷം മാത്രം.

മദ്ധ്യ യുഗങ്ങൾക്കെതിരായ സമരത്തിൽ സ്വന്തം നിലനിൽപ്പുറപ്പിക്കാൻ, ശാസ്ത്രത്തിന്റേയും സാങ്കേതിക വൈദഗ്ദ്ധ്യത്തിന്റേയും നിലവാരമുയർത്താൻ, റയിൽവേ പാതകളുണ്ടാക്കാൻ, വിദ്യുച്ഛക്തി ഉപയോഗിക്കാൻ മുതലാളിത്തത്തിനു നൂററാണ്ടുകൾ തന്നെ വേണ്ടി വന്നു. എന്നിട്ടോ? മുതലാളിത്തം മനുഷ്യ രാശിയെ കുഴപ്പങ്ങളുടേയും യുദ്ധങ്ങളുടേയും നരകത്തിലേയ്ക്കു തള്ളിവിട്ടു. പക്ഷെ എല്ലാ ആധുനിക പരിഷ്ക്കാരങ്ങളോടും കൂടി ഭൂമിയിൽ സ്വർഗ്ഗം പണി തീർക്കുവാൻ സോഷ്യലിസത്തിനു അതിന്റെ ശത്രുക്കൾ—മുതലാളിത്തത്തിന്റെ അനുകൂലികൾ—പതിനഞ്ചു കൊല്ലമേ അനുവദിക്കുകയുള്ളു. അത്തരം യാതൊരുത്തരവാദിത്വവും ഞങ്ങളൊരിക്കലും ഏറെറടുത്തിട്ടില്ല.

വമ്പിച്ച പരിവത്തനങ്ങളെ അതേ വിധം വമ്പിച്ച അളവുകോലു കൊണ്ടു വേണം അളക്കുവാൻ. സോഷ്യലിസ്റ്റു് സമുദായം ബൈബിളിൽ പറഞ്ഞിട്ടുള്ള സ്വർഗ്ഗ രാജ്യത്തെപ്പോലെ ആയിരിക്കുമോ എന്നെനിക്കറിഞ്ഞുകൂടാ;

സംശയമാണുതാനും. പക്ഷെ സോവ്യററ് യൂണിയനിൽ ഇനിയും സോഷ്യലിസമായിട്ടില്ല. വൈരുദ്ധ്യങ്ങൾ നിറഞ്ഞതും കഴിഞ്ഞ കാലത്തു നിന്നു ബാക്കി നിന്നിട്ടുള്ള ഒട്ടേറെ കനത്ത ഭാരങ്ങളുള്ളതുമായ പരിവർത്തന ഘട്ടമാണ് ഇന്നവിടെയുള്ളത്. ചുററുപാടുമുള്ള മുതലാളിത്ത രാഷ്ട്രങ്ങളുടെ പ്രതികൂല സമ്മർദ്ദം ഇതിനു പുറമേയും. ഒക്ടോബർ വിപ്ലവം പുതിയ സമുദായത്തിന്റെ തത്വങ്ങൾ പ്രഖ്യാപിച്ചിരിക്കുന്നു. അതിന്റെ സാക്ഷാത്ക്കരണത്തിന്റെ ആദ്യ ഘട്ടം മാത്രമേ സോവ്യററ് റിപ്പബ്ളിക്ക് തെളിയിച്ചിട്ടുള്ളു. എഡിസൺ കണ്ടുപിടിച്ച ആദ്യത്തെ വൈദ്യുത വിളക്ക് വളരെ ചീത്തയായിരുന്നു. പക്ഷെ അപൂർണ്ണമായ അത്തരം കാര്യങ്ങളിൽ ഭാവിയെ കണ്ടറിയാൻ നമുക്കു കഴിയണം.

എങ്കിലും ജീവിച്ചിരിക്കുന്ന മനുഷ്യർക്കനുഭവിക്കേണ്ടി വരുന്ന കഷ്ടപ്പാടുകൾ! വിപ്ലവത്തിന്റെ ഫലങ്ങൾ അതിനു വേണ്ടി ചെയ്യപ്പെട്ട ത്യാഗങ്ങളെ ന്യായീകരിക്കുന്നുണ്ടോ? നിഷ്ഫലമായ ഒരു ചോദ്യം. ആദ്യവസാനം വെറും വാചാലത മാത്രമേ അതിലുള്ളു. ഇതു് കേട്ടാൽ തോന്നും ചരിത്രത്തിന്റെ പുരോഗതിയെക്കുറിച്ചു ഒരു ലാഭചേത കണക്കുണ്ടാക്കാൻ കഴിയുമെന്നു്. മനുഷ്യജീവിതത്തിലെ ബുദ്ധിമുട്ടുകളും കഷ്ടപ്പാടുകളുമോർത്തു് ജനിക്കുന്നതുകൊണ്ടു് എന്തു പ്രയോജനമാണുള്ളതെന്നും നമുക്കു ചോദിക്കാം. ഹൈനെ ഇതിന്നു മറുപടി പറഞ്ഞതു് ഇങ്ങിനെയാണ്: "ഈ ചോദ്യം ചോദിക്കുന്ന വിഡ്ഢിക്കു് ഒരു മറുപടിയും വേണമത്രെ!" ദുഃഖാകുലമായ ഇത്തരം ചിന്തകൾ ജനിക്കുന്നതിൽ നിന്നും ജനിപ്പിക്കുന്നതിൽ നിന്നും മനുഷ്യനെ പിന്തിരിപ്പിച്ചിട്ടില്ല. മുമ്പുണ്ടായിട്ടില്ലാത്തത്ര വമ്പിച്ച ഒരു കുഴപ്പം ലോകത്തെ പിടികൂടിയിട്ടുള്ള ഇന്നും ഭാഗ്യവശാൽ ആത്മഹത്യകൾ വളരെ കുറച്ചേ നടക്കുന്നുള്ളു. ജനതകൾ ഒരിക്കലും ആത്മഹത്യക്കൊരുങ്ങാറില്ല. അവരുടെ ഭാരങ്ങൾ അസഹ്യമാവുമ്പോൾ അവർ വിപ്ലവത്തിൽ കൂടി ഒരു പോംവഴിയന്വേഷിക്കും.

ഇതിനും പുറമെ, സോഷ്യലിസ്റ്റ് വിപ്ലവത്തിന്നിരയായവരെപ്പററി കണ്ണീരൊഴുക്കുന്നവരാരാണ്? അധിക പക്ഷവും സാമ്രാജ്യത്വ യുദ്ധത്തിന്റെ കുരുതിക്ക് കളമൊരുക്കിയവർ, അതിനെ വാഴ്ത്തിയവർ, അതിനോടു് പ്രയാസമില്ലാതെ ചുവടൊപ്പിച്ചു നിന്നവർ. ഇനി ഞങ്ങൾക്കു് അവരോടു ചിലതു ചോദിക്കാനുണ്ടു്: യുദ്ധം സ്വയം ന്യായീകരിക്കപ്പെട്ടിട്ടുണ്ടോ? അതെന്താണ് നമുക്കു നല്കിയതു്? എന്താണു് അതു നമ്മെ പഠിപ്പിച്ചതു്?

ഹിപ്പോലിററ് ടൈൻ എന്ന പിന്തിരിപ്പൻ ഫ്രഞ്ച് ചരിത്രകാരൻ 11 ഭാഗങ്ങളിലായി മഹത്തായ ഫ്രഞ്ച് വിപ്ലവത്തെ എതിർത്തു കൊണ്ടു് ഒരു പുസ്തകമെഴുതിയിട്ടുണ്ടു്. ജെക്കോബിൻകാരുടെ സർവ്വാധിപത്യത്തിന്റെ കാലത്തും അതിനു ശേഷവും ഫ്രഞ്ചുകാർക്കനുഭവിക്കേണ്ടി വന്ന കഷ്ടപ്പാടുകളെ അദ്ദേഹം വിദ്വേഷം നിറഞ്ഞ സന്തോഷത്തോടു കൂടി വിവരിച്ചിരിക്കുന്നു. വിപ്ലവത്തിനു വേണ്ടി സർവ്വവും അർപ്പിച്ചു്, ഒന്നുമില്ലാത്തവരായ, നഗരങ്ങളിലെ സാധു ജന

ങ്ങൾക്കാണ് ഏററവുമധികം കഷ്ടപ്പെടേണ്ടിവന്നതു്. തണുത്ത രാത്രികളിൽ അവരൊ അവരുടെ ഭാര്യമാരോ ഭക്ഷണത്തിനു വേണ്ടി വരി വരിയായി കടകൾക്കു മുമ്പിൽ കാത്തു നില്ക്കും; അവസാനം വെറും കയ്യോടെ വെളിച്ചമില്ലാത്ത തങ്ങളുടെ വീടുകളിലേക്കു മടങ്ങുകയും ചെയ്യും. വിപ്ലവത്തിന്റെ 10–ാമത്തെ കൊല്ലം പാരീസ് നഗരം വിപ്ലവത്തിനു മുമ്പത്തേക്കാൾ ദരിദ്രമായിരുന്നു. ശ്രദ്ധാപൂർവ്വം തിരഞ്ഞെടുത്തു കൃത്രിമമായി അടുക്കി വെച്ച വസ്തുതകളാണ് വിപ്ലവത്തിനു മേൽ വിനാശകാരിയായ ഒരു വിധി പാസ്സാക്കാൻ ടൈനിനെ സഹായിച്ചതു്. "നോക്കു! സാധുക്കൾ സർവ്വാധിപതികളാവാൻ ശ്രമിച്ചു. അതിന്റെ ഫലമായി അവരിന്നു് കഷ്ടപ്പാടിലേക്കു് വീണിരിക്കുകയാണു്".

ഇതിലുമധികം വരണ്ടുറച്ച ഒരു ധാർമ്മികോപദേശത്തെപ്പററി ഊഹിക്കാൻ തന്നെ വിഷമമാണു്. ഒന്നാമതായി വിപ്ലവം രാജ്യത്തെ കഷ്ടപ്പാടിലേക്കു തള്ളി വിട്ടുവെങ്കിൽ അതിനുള്ള പ്രധാന ഉത്തരവാദിത്വം ജനങ്ങളെ വിപ്ലവത്തിലേക്കുന്തി നീക്കിയ ഭരണാധികാരി വർഗ്ഗങ്ങൾക്കാണു്. രണ്ടാമതായി അപ്പക്കടകളുടെ മുമ്പിൽ വിശക്കുന്നവർ വരി വരിയായി നിന്നു എന്നതു് മാത്രമായിരുന്നില്ല വിപ്ലവത്തിന്റെ ഫലം. ആധുനിക ഫ്രാൻസ് മുഴുവനും, പല രീതികളിലും ആധുനിക പരിഷ്ക്കാരം തന്നെയും, വളന്നു വന്നിട്ടുള്ളതു ഫ്രഞ്ചു വിപ്ലവത്തിൽ കൂടിയാണു്.

1860–ൽ തുടങ്ങിയ അമേരിക്കൻ അഭ്യന്തര യുദ്ധത്തിന്റെ ഫലമായി 50000 ആളുകൾ കൊല്ലപ്പെട്ടു.* ഈ ത്യാഗങ്ങളെ ന്യായീകരിക്കാമോ? പാടില്ലെന്നു പറയും അമേരിക്കയിലെ അടിമയുടമകളും അവരോടൊപ്പം നിന്ന ഇംഗ്ലീഷ് ഭരണാധികാരി വർഗ്ഗങ്ങളും. പക്ഷെ നീഗ്രോ വർഗ്ഗക്കാരുടേയൊ ഇംഗ്ലണ്ടിലെ തൊഴിലാളി വർഗ്ഗത്തിന്റേയൊ നിലപാടനുസരിച്ചു് ഇതു തികച്ചും ന്യായീകരിക്കാം. മനുഷ്യരാശിയുടെ ആകെക്കൂടിയുള്ള വളർച്ചയുടെ നിലപാടിൽ നിന്നു നോക്കിയാലൊ? ഇതിനെപ്പററി സംശയത്തിന്നവകാശമില്ല. അഭ്യന്തര യുദ്ധത്തിൽ നിന്നാണു് വമ്പിച്ച കർമ്മോന്മുഖതയും അങ്ങേയററം വളന്ന സാങ്കേതിക വൈദഗ്ദ്ധ്യവും സാമ്പത്തിക ചൈതന്യവുമുള്ള ഇന്നത്തെ അമേരിക്ക ഉയന്നു വന്നതു്. അമേരിക്കയുടെ ഈ നേട്ടങ്ങളിന്മേൽ മനുഷ്യരാശി ഒരു പുതു സമുദായം പടുത്തുയത്തും.

മുമ്പുണ്ടായ മറേറതു വിപ്ലവത്തേക്കാളുമധികം സമുദായത്തിന്റെ ശ്രീകോവിലിലേക്കു് — സാമ്പത്തിക ബന്ധങ്ങളിലേക്കു് — ഇറങ്ങിച്ചെല്ലുവാൻ

---

* ഈ പറയുന്ന കണക്കു് ശരിയല്ല. അഭ്യന്തര യുദ്ധത്തിന്റെ ഫലമായി രണ്ടു ഭാഗത്തും കൂടി 10 ലക്ഷത്തോളം ആളുകൾ മരിച്ചിരുന്നു.

വിവത്തകൻ.

ഒക്ടോബർ വിപ്ലവത്തിനു കഴിഞ്ഞിട്ടുണ്ട്. ജീവിതത്തിൻെറ എല്ലാ വശങ്ങളിലും വിപ്ലവത്തിൻെറ ക്രിയാത്മക ഫലങ്ങൾ പ്രത്യക്ഷപ്പെടണമെങ്കിൽ അത്രയേറെ കാലതാമസം വേണ്ടി വരും. പക്ഷെ വിപ്ലവത്തിൻെറ ഗതി എങ്ങോട്ടാണെന്ന് ഇപ്പോൾ തന്നെ വ്യക്തമായിരിക്കുന്നു. സോവ്യററ് റിപ്പബ്ളിക്കിന്ന് അതിനെ കുററപ്പെടുത്തുന്ന മുതലാളിത്ത ചിന്തകന്മാരുടെ മുന്നിൽ തല കുനിച്ചു നിന്നു മാപ്പു ചോദിക്കേണ്ട യാതൊരാവശ്യവുമില്ല.

മനുഷ്യ വളർച്ചയുടെ നിലപാടിൽ നിന്നു കൊണ്ടു് പുതിയ ഭരണ ക്രമത്തെ വിലയിരുത്തണമെങ്കിൽ ആദ്യമായി നാം ഒരു ചോദ്യത്തിനുത്തരം കാണണം. "സാമൂഹ്യ പുരോഗതി ഏതു രീതിയിലാണ് സ്വയം പ്രകടിതമാവുന്നതു്? എങ്ങിനെയാണ് അതിനെ അളക്കുവാൻ കഴിയുക?"

## ഒക്ടോബർ വിപ്ലവത്തിൻെറ ഫലങ്ങൾ

ഏററവുമധികം ആണ്ടിറങ്ങിച്ചെല്ലുന്ന, ഏററവും വസ്തുനിഷ്ഠമായ, അവിതർക്കിതമായ, നിലപാടു് ഇതാണു്: പുരോഗതിയെ അളക്കാൻ കഴിയുക സാമൂഹ്യാദ്ധ്വാനത്തിൻെറ ഉല്പാദന ക്ഷമതയുടെ വളർച്ച കൊണ്ടാണ്. ഈ വീക്ഷണഗതിയനുസരിച്ച് ഒക്ടോബർ വിപ്ലവത്തിൻെറ മതിപ്പ് അനുഭവത്തിൽ നിന്നു തന്നെ ലഭിച്ചിരിക്കുന്നു. ചുരുങ്ങിയ കാലയളവിൽ ഇതിനു മുമ്പൊരിക്കലും സാധിച്ചിട്ടില്ലാത്ത ഫലങ്ങൾ സാധിക്കുവാൻ സോഷ്യലിസ്റ്റ് സംഘടനയ്ക്കുള്ള കഴിവ് ചരിത്രത്തിലാദ്യമായി വ്യക്തമാക്കപ്പെട്ടിരിക്കുന്നു

റഷ്യയുടെ വ്യാവസായിക വളർച്ചയെ സൂചക സംഖ്യകളായി താഴെ കാണിക്കാം. യുദ്ധത്തിനു തൊട്ടു മുമ്പത്തെ കൊല്ലമായ 1913ൽ അതു് 100 ആണെന്നു് വിചാരിക്കുക. അഭ്യന്തര യുദ്ധം അതിൻെറ മൂർദ്ധന്യത്തിലെത്തിയിരുന്ന 1920 ൽ വ്യവസായം അധഃപതനത്തിൻെറ അടിവരെ എത്തിയിരുന്നു—അക്കൊല്ലത്തെ സൂചക സംഖ്യ 25 മാത്രമായിരുന്നു—അതായതു് യുദ്ധത്തിനു മുമ്പുണ്ടായിരുന്ന ഉല്പാദനത്തിൻെറ നാലിലൊരു ഭാഗം. 1925ൽ അതു് 75 ആയി ഉയർന്നു—യുദ്ധത്തിനു മുമ്പുണ്ടായിരുന്നതിൻെറ മുക്കാൽ ഭാഗം. 1929ൽ 200 ആയിരുന്നു; 1930ൽ 300—അതായതു് യുദ്ധത്തിനു മുമ്പുണ്ടായിരുന്നതിൻെറ മൂന്നിരട്ടി.

അന്തർരാഷ്ട്രീയ സൂചക സംഖ്യയുമായി താരതമ്യപ്പെടുത്തിയാൽ ഈ ചിത്രം കൂടുതൽ ആകർഷകമാണ്. 1925-നും 1932-നുമിടയിലുള്ള കാലത്തിൽ ജർമ്മനിയുടെ വ്യവസായികോല്പാദനം ഒന്നര ഇരട്ടി കുറഞ്ഞിട്ടുണ്ടു്; അമേരിക്കയുടേതു് രണ്ടിരട്ടിയും. സോവ്യററ് യൂണിയനിൽ അതു് നാലിരട്ടി വർദ്ധിച്ചിട്ടുണ്ടു്. സംസാരിക്കുന്ന കണക്കുകളാണിവ.

സോവ്യററ് സാമ്പത്തിക സംഘടനയുടെ മുഴച്ചു നില്ക്കുന്ന വശത്തെ

നിഷേധിക്കണമെന്നോ മറച്ചു വെയ്ക്കണമെന്നോ എനിക്കുദ്ദേശമില്ല. വ്യാവസായിക വളർച്ചയുടെ ഫലങ്ങളെ കാർഷിക വളർച്ചയുടെ പ്രതികൂലമായ വളച്ച് അസാധാരണമാം വിധം സ്വാധീനിച്ചിട്ടുണ്ട്. കർഷക രംഗം ഇനിയും സോഷ്യലിസ്റ്റ് മാർഗ്ഗങ്ങളിലേയ്ക്കുയർന്നിട്ടില്ല. അതേ അവസരത്തിൽ തന്നെ കൃഷിയെ കൂട്ടുടമയുടെ മാർഗ്ഗത്തിലേയ്ക്ക് നയിച്ചിരിക്കുന്നത്, സാങ്കേതികവും സാമ്പത്തികവുമായി വേണ്ടത്ര ഒരുക്കങ്ങൾ ചെയ്യാതെ ഭരണപരമായ ഒരുക്കങ്ങൾ മാത്രം ചെയ്തു കൊണ്ടാണ്. ഇതു് വലിയൊരു പ്രശ്നമാണ്. പക്ഷെ അതു് എന്റെ പ്രസംഗപരിധിക്കപ്പുറമാണ്.

മുകളിൽ കാണിച്ച സൂചക സംഖ്യകൾക്ക പ്രധാനമായ മറെറാരു വകയിരുത്തൽ കൂടി വേണ്ടതുണ്ട്; സോവ്യററ് വ്യവസായവൽക്കരണത്തിന്റെ അനിഷേധ്യവും ഉജ്ജ്വലവുമായ ഫലങ്ങളെ സാമ്പത്തികമായി ഒന്നു കൂടി തട്ടിച്ചു നോക്കേണ്ടതുണ്ട്. സാമ്പത്തിക സംഘടനയുടെ വിവിധ വശങ്ങൾ പരസ്പരം ചുവടൊപ്പിച്ച് നില്ക്കുന്നതിന്റേയും അവയുടെ ചലനാത്മകമായ സമതുലനാവസ്ഥയുടേയും ഉല്പാദന ക്ഷമതയുടേയും നിലപാടിൽ നിന്നുകൊണ്ടു വേണം ഇതു ചെയ്യുക. ഇവിടെ വമ്പിച്ച വിഷമങ്ങളും പിൻതള്ളപ്പെടൽ കൂടിയും ഉണ്ടായേക്കാം. ശിവന്റെ തലയിൽ നിന്നു ഗംഗ പ്രവഹിക്കുന്ന * പോലെയോ കടൽ നിരയിൽ നിന്നു വീനസ് ഉണ്ടായ പോലെയോ പഞ്ചവത്സര പദ്ധതിയിൽ നിന്നു സോഷ്യലിസം അതിന്റെ പൂർണ്ണ രൂപത്തിൽ പുറത്തു ചാടുകയില്ല. തെററുകളും തിരുത്തവും പുനഃസ്സംഘടനയുമെല്ലാമടങ്ങുന്ന, ദശാബ്ദങ്ങൾ നീണ്ടു നില്ക്കുന്ന, പ്രവത്തനം ആവശ്യമാണതിനു്. തന്നെയുമല്ല, സോഷ്യലിസ്റ്റ് നിർമ്മാണത്തിനു്, സ്വഭാവേന അന്താരാഷ്ട്രീയ രംഗത്തിൽ വെച്ച് മാത്രമേ പൂർണ്ണത പ്രാപിക്കാൻ കഴിയുകയുള്ളുവെന്നു നാമോർമ്മിക്കണം. പക്ഷെ ഇതുവരെയുണ്ടായിട്ടുള്ള ഫലങ്ങളുടെ സാമ്പത്തികമായ ലാഭ ചേത കണക്ക് അങ്ങേയററം പ്രതികൂലമായാൽ തന്നെയും പ്രാഥമിക കണക്ക കൂട്ടലുകളിൽ പററിപ്പോയ പിശകുകളും ആസൂത്രണത്തിൽ വന്ന തെററുകളും നിയന്ത്രണത്തിലുള്ള പോരായ്മകളും മാത്രമേ അതു വെളിപ്പെടുത്തുകയുള്ളു; സോഷ്യലിസ്റ്റ് മാർഗ്ഗങ്ങളിൽ കൂടി കൂട്ടായ അദ്ധ്വാനത്തിന്റെ ഉല്പാദന ക്ഷമതയെ മുമ്പുണ്ടായിട്ടില്ലാത്തത്ര ഉയർത്താൻ കഴിയുമെന്നു അനുഭവത്തിൽ കൂടി സുസ്ഥാപിതമായിക്കഴിഞ്ഞിട്ടുള്ള വസ്തുതയെ അതിനു യാതൊരു രീതിയിലും നിഷേധിക്കാൻ കഴിയുകയില്ല. ലോക ചരിത്രത്തെ സംബന്ധിച്ചിടത്തോളം അതീവ പ്രധാനമായ ഈയൊരു നേട്ടത്തെ യാതൊന്നിനും യാതൊരാൾക്കും ഞങ്ങളിൽ നിന്നു അപഹരിക്കാൻ കഴിയുകയില്ല.

ഇത്രയുമൊക്കെ പറഞ്ഞു കഴിഞ്ഞ ശേഷം ഒക്ടോബർ വിപ്ലവം റഷ്യയെ പരിഷ്കാരത്തിന്റെ അധഃപതനത്തിലെത്തിച്ച എന്ന ആക്ഷേപത്തെപ്പററി

---

* Like Minerva flowing from the head of Jupitor.

പറയാൻ സമയം മിനക്കെടുത്തിയിട്ട് കാര്യമില്ല. സ്ഥാനഭ്രംശം വന്ന ഭരണാധികാരികളുടേയും അവരൊത്തു കൂടാറുള്ള വിശ്രമ മുറികളുടേയും ശബ്ദമാണ് ആ ആക്ഷേപത്തിൽ കൂടി കേൾക്കുന്നത്. തൊഴിലാളി വിപ്ലവം മറിച്ചിട്ടു കളഞ്ഞ ആ പരിഷ്ക്കാരം വാസ്തവത്തിൽ അലങ്കാരമണിഞ്ഞ കിരാതത്വമായിരുന്നു. റഷ്യൻ ജനതയ്ക്കു് ആ പരിഷ്കാരത്തിലേക്ക് പ്രവേശമുണ്ടായിരുന്നില്ല. മനുഷ്യ രാശിയുടെ ഭണ്ഡാരത്തിലേക്ക അതു പുതുതായൊന്നും നല്കിയിട്ടില്ല. റഷ്യക്കു പുറത്തു പോയി ഞങ്ങളെ എതിർക്കുന്നവർ ഇത്രയധികം കണ്ണീരൊഴുക്കുന്ന ആ പരിഷ്കാരത്തെപ്പററിയുള്ള ചോദ്യം തന്നെ കുറച്ചു കൂടി ക്ലിപ്തമായി ചോദിക്കപ്പെടേണ്ടതാണ്: ഏതർത്ഥത്തിലാണ് ഈ പരിഷ്കാരം നശിപ്പിക്കപ്പെട്ടതു്? ഒരൊററ അർത്ഥത്തിൽ മാത്രം. ഒരു ചെറിയ ന്യൂനപക്ഷത്തിനു പരിഷ്കാരത്തിൻെറ അമൂല്യ വസ്തുക്കളിന്മേലുണ്ടായിരുന്ന കുത്തകാവകാശം നശിപ്പിക്കപ്പെട്ടിരിക്കുന്നു. പക്ഷെ പഴയ റഷ്യൻ പരിഷ്കാരത്തിൽ സാംസ്കാരികമായി വിലയുണ്ടായിരുന്ന യാതൊന്നിന്മേലും ഞങ്ങൾ കൈ വെച്ചിട്ടില്ല. മനുഷ്യ മനസ്സിൻെറ വിജയങ്ങളേയൊ കലാസൃഷ്ടികളേയൊ ബോൾഷെവിസത്തിൻെറ ഹൂണന്മാർ തകർത്തു കളഞ്ഞിട്ടില്ല. നേരെ മറിച്ച് മനുഷ്യൻെറ സൃഷ്ടിക്ഷമതയുടെ സ്മാരക സ്തംഭങ്ങളെയെല്ലാം ശ്രദ്ധാപൂർവ്വം ശേഖരിച്ച് മാതൃകായോഗ്യമായ ക്രമത്തോടു കൂടി ചിട്ടപ്പെടുത്തി വെയ്ക്കുകയാണവർ ചെയ്തതു്. രാജ ഭരണത്തിൻെറയും പ്രഭുക്കന്മാരുടേയും മുതലാളി വർഗ്ഗത്തിൻേറയുമായ സംസ്കാരം ഇന്നു ചരിത്രത്തിൻെറ കാഴ്ച ബംഗ്ലാവിൻെറ സംസ്കാരമായിത്തീർന്നിരിക്കുന്നു.

ജനങ്ങൾ ഈ കാഴ്ചബംഗ്ലാവുകൾ ആകാംക്ഷയോടു കൂടി സന്ദർശിക്കാറുണ്ടു്; പക്ഷെ അവർ ജീവിക്കുന്നതു് അവിടങ്ങളിലല്ല. അവർ പഠിക്കുന്നു; പുതുതായി സൃഷ്ടിക്കുന്നു. ഒക്ടോബർ വിപ്ലവം റഷ്യൻ ജനങ്ങളെ—സാറിസ്റ്റ് റഷ്യയിലെ ഡസൻ കണക്കായ ജന വിഭാഗങ്ങളെ—എഴുതാനും വായിക്കാനും പഠിപ്പിച്ചുവെന്ന ഒരൊററ കാര്യം മാത്രം മുമ്പത്തെ റഷ്യൻ പരിഷ്കാരത്തിൻെറ ആകത്തുകയേക്കാൾ അളക്കാനാവാത്ത വിധം ഉയർന്നു നില്ക്കുന്നു.

ഒക്ടോബർ വിപ്ലവം ഒരു പുതിയ പരിഷ്കാരത്തിന്നടിസ്ഥാനമായിട്ടുണ്ട്. അല്പം ചില ആളുകൾക്കല്ല; എല്ലാവർക്കുമായിട്ടുള്ളതാണ് ആ പരിഷ്കാരം. ലോകത്തിലെല്ലായിടത്തുമുള്ള ബഹുജനങ്ങൾ ഇതറിയുന്നുണ്ടു്. അതുകൊണ്ടാണ് സോവ്യററ് യൂണിയനോട് അവർക്കനുഭാവമുണ്ടാകുന്നതു്. മുമ്പ് സാറിസ്റ്റ് റഷ്യയോടു അവർക്കുണ്ടായിരുന്ന വെറുപ്പ് എത്ര ശക്തമായിരുന്നുവോ അത്രയും ശക്തമാണ് സോവ്യററ് യൂണിയനോടവർക്കുള്ള അനുഭാവം.

സംഭവങ്ങൾക്ക് പേർ കൊടുക്കുവാൻ മാത്രമല്ല, അവയ്ക്കു് വിലയിരുത്തുവാനും മനുഷ്യ ഭാഷ ഒഴിച്ചുനിർത്താൻ വയ്യാത്ത ഉപകരണമാണ്. യാദൃച്ഛികവും താല്ക്കാലികവും കൃത്രിമവുമായതിനെ ചോർത്തിക്കളഞ്ഞു്, ഭാഷ അവശ്യവും മാതൃകാ പരവും കനമുള്ളതുമായതെല്ലാം സ്വയം ഉൾക്കൊള്ളുന്നു. എല്ലാ

പരിഷ്കൃത രാജ്യങ്ങളുടേയും ഭാഷകൾ എത്ര മാത്രം കാര്യബോധത്തോടു കൂടി യാണ് റഷ്യയുടെ വളർച്ചയിലെ രണ്ടു കാലഘട്ടങ്ങളെ വേർതിരിച്ചിരിക്കുന്ന തെന്നു് നോക്കുക. പ്രഭു വർഗ്ഗത്തിന്റെ സംസ്കാരം, 'സാർ' 'കൊസ്സാക്ക്' 'പൊഗ്രോം' 'നഗൈക്ക്' * മുതലായ കിരാത ശബ്ദങ്ങളെ ലോകം മുഴുവനും എത്തിച്ചു. ഈ വാക്കുകൾ നിങ്ങൾക്കു പരിചിതമായിരിക്കും. അവയുടെ അർത്ഥമെന്താണെന്നും നിങ്ങൾക്കറിയും. ഒക്ടോബർ വിപ്ലവം ലോക ഭാഷകളിൽ 'ബോൾഷെവിക്ക്', 'സോവ്യററ്', 'കോൾഖോസ്', 'ഗോഡ്പ്ലാൻ, 'പ്യാതിലെത്ക' † എന്നീ വാക്കുകളാണു് ചേർത്തിരിക്കുന്നതു്. ഇവിടെ പ്രായോഗിക ഭാഷാശാസ്ത്രം അതിന്റെ ചരിത്രപരമായ സുപ്രീം കോടതി നടത്തുന്നു.

വിപ്ലവത്തിന്റെ ഏററവും ഗഹനമായ അർത്ഥം അതു ജനങ്ങളുടെ സ്വഭാവത്തിൽ രൂപം നല്കുകയും ഗുണപരമായി ഉയർത്തുകയും ചെയ്യുന്നുവെന്നതാണു്. ഇതിനെ പെട്ടെന്നു അളന്നു തിട്ടപ്പെടുത്തുവാൻ അങ്ങേയററം വിഷമമാണു്. റഷ്യൻ ജനങ്ങൾ മന്ദഗതിക്കാരും, സഹനശീലരും, വ്യാകുല ചിത്തരും, മിസ്റ്റിക്ക് ചിന്താഗതിയോടു കൂടിയവരുമാണെന്ന ധാരണ വളരെയധികം പ്രചരിപ്പിച്ചിട്ടുണ്ടു്; അതു യാദൃച്ഛികവുമല്ല. കഴിഞ്ഞ കാലത്തിൽ ഈ ധാരണക്കു് ദൃഢമായ വേരുകളുണ്ടു്. പക്ഷെ വിപ്ലവം ജനങ്ങളുടെ സ്വഭാവത്തിൽ വരുത്തിയ ദൂരവ്യാപകമായ മാററങ്ങൾ പാശ്ചാത്യ രാജ്യങ്ങളിൽ ഇന്നു വരെ വേണ്ടത്ര പരിഗണിക്കപ്പെട്ടിട്ടില്ല. അതു അങ്ങിനെയല്ലാതെ വരാൻ തരമുണ്ടോ?

ജീവിതാനുഭവങ്ങളുള്ള ഏതൊരാൾക്കും തനിക്കു പരിചയമുള്ള വല്ല യുവാവിന്റേയും ചിത്രം അനുസ്മരിക്കാൻ കഴിയും.—ആശയങ്ങളുൾക്കൊള്ളുവാനൊരുക്കമുള്ള, കവിതാത്മക ഹൃദയമുള്ള, എളുപ്പം സ്വാധീനിക്കാവുന്ന ഒരു യുവാവു്. ഇങ്ങിനെയുള്ളൊരു ചെറുപ്പക്കാരൻ തന്നെ പിന്നീടു് കൂടുതൽ ശക്തമായ, കൂടുതൽ ഉള്ളുറപ്പുള്ള, പക്ഷെ മിക്കവാറും തിരിച്ചറിയാൻ കഴിയാത്ത വല്ല ധാർമ്മികാവേശത്തിന്റേയും സ്വാധീനതയിൽ പെട്ടെന്നു പെടുന്നതു

---

* സാർ = റഷ്യൻ ചക്രവർത്തി.

കൊസ്സാക്ക് = തെക്കൻ റഷ്യയിലെ ഒരു ജന വിഭാഗം. മട്ടനത്തിനു കുപ്രസിദ്ധരായ ഒരു വിഭാഗം. പട്ടാളക്കാരെ ഇവരിൽ നിന്നു് രൂപീകരിച്ചിരിക്കുന്നു.

പൊഗ്രോം = പോലീസുകാരുടേയും ഉദ്യോഗസ്ഥന്മാരുടേയും പ്രേരണ നിമിത്തം റഷ്യക്കാർ ജൂതന്മാരെ കൊല്ലുവാൻ നടത്തിയിരുന്ന കൂട്ടാക്രമണം.

നഗൈക്ക് = കുററവാളികളെ അടിക്കുവാൻ റഷ്യയിലുപയോഗിച്ചിരുന്ന ഒരു തരം ചാട്ടവാർ.

† കോൾഖോസ് = കൂട്ടുകൃഷിസ്ഥാപനം. ഗോഡ്പ്ലാൻ=സ്റ്റെയിററ് പ്ലാൻ. പ്യാതിലെത്ക=പഞ്ചവത്സര പദ്ധതി.

കാണാം. അത്തരത്തിലുള്ള ധാർമ്മിക പരിവർത്തനങ്ങളാണ് വിപ്ലവം ഒരു ജനതയുടെ വളർച്ചയിൽ ഉണ്ടാക്കുന്നത്.

ഏകാധിപത്യത്തിന്നെതിരായ ഫെബ്രുവരി വിപ്ലവം; പ്രഭു വർഗ്ഗത്തിനും സാമ്രാജ്യത്വ യുദ്ധത്തിനും എതിരായും, സമാധാനത്തിന്നും കൃഷി ഭൂമിയ്ക്കും ദേശീയ സമത്വത്തിനും വേണ്ടിയുള്ള സമരം; ഒക്ടോബറിലെ സായുധാക്രമണം; മുതലാളി വർഗ്ഗത്തേയും അവരെ അനുകൂലിക്കുന്നവരേയും അവരുമായി സഖ്യത്തിലേർപ്പെടാൻ ശ്രമിക്കുകയും ചെയ്ത പാർട്ടികളേയും മറിച്ചിടാൻ; 5000 നാഴിക വിസ്തൃതമായിരുന്ന ഒരു രംഗത്തു വെച്ച് മൂന്നു കൊല്ലം നടന്ന അഭ്യന്തര യുദ്ധം; സാമ്പത്തികോപരോധം; വിശപ്പ്, കഷ്ടപ്പാട്, പകർച്ചവ്യാധികൾ, മുതലായവ നിറഞ്ഞ കൊല്ലങ്ങൾ; ഉൽക്കടമായ സാമ്പത്തിക പുനർ നിർമ്മാണം നടന്നു കൊണ്ടിരുന്ന വർഷങ്ങൾ; പുതിയ വിഷമതകളും ത്യാഗങ്ങളും— ഇവയെല്ലാം കൂടി വിഷമം പിടിച്ചതെങ്കിലും ഗുണപ്രദമായ ഒരു വിദ്യാഭ്യാസം റഷ്യൻ ജനതയ്ക്കു നൽകിയിട്ടുണ്ട്. കനമുള്ള ചുററികകൊണ്ടടിച്ചാൽ ഗ്ലാസ്സ് പൊട്ടിപ്പോകും; പക്ഷെ അതേ അടിയേററാൽ ഉരുക്കു കൂടുതൽ നന്നാവും. വിപ്ലവത്തിൻെറ ചുററിക, ജനങ്ങളുടെ സ്വഭാവമാകുന്ന ഉരുക്കിനെ നന്നാക്കിയെടുക്കുകയാണ്.

വിപ്ലവത്തിനു ശേഷം അധികം കഴിയുന്നതിനു മുമ്പ്, സലെവ്സ്കി എന്ന ഒരു സാറിസ്റ്റ് പട്ടാളോദ്യോഗസ്ഥൻ രോഷാകുലനായി ഇങ്ങിനെ എഴുതുകയുണ്ടായി: "ചുമടെടുക്കുന്നവനൊ, പാറാവു നില്ക്കുന്നവനോ പെട്ടെന്നു ഒരു ജഡ്ജിയാവുക; ആശുപത്രിയിലെ അററൻഡർ അതിൻെറ ഡയറക്ടറാവുക; ക്ഷുരകൻ ഒരു ഓഫീസ്സ് ഉദ്യോഗസ്ഥനാകുക; സാധാരണ പട്ടാളക്കാരൻ സർവ്വ സൈന്യാധിപനാവുക; തൊഴിലാളി നഗരത്തിൻെറ മേയറാവുക; താക്കോലുണ്ടാക്കുന്ന കൊല്ലൻ, ഫാക്ടറിയുടെ ഡയറക്ടറാവുക—ഇതൊക്കെ ആരാണ് വിശ്വസിക്കുക?"

അതെ, ഇതൊക്കെ ആരാണ് വിശ്വസിക്കുക? പക്ഷെ അവർക്കു അതൊക്കെ വിശ്വസിക്കേണ്ടി വന്നു. വിശ്വസിക്കയല്ലാതെ നിവൃത്തിയില്ലായിരുന്നു; കാരണം സാധാരണ പട്ടാളക്കാരൻ, സൈനിക മേധാവികളെ തോല്പിച്ചിട്ടുണ്ട്. മുമ്പത്തെ തൊഴിലാളിയായിരുന്ന ഇന്നത്തെ മേയർ, പഴയ ഉദ്യോഗസ്ഥ മേധാവിത്വത്തിൻെറ എതിർപ്പ് തകർത്തിട്ടുണ്ട്; വണ്ടിച്ചക്രങ്ങൾക്കു എണ്ണയിട്ടു കൊടുത്തിരുന്ന മനുഷ്യൻ ഗതാഗത വ്യവസ്ഥയെ പ്രവർത്തന ക്രമത്തിൽ വരുത്തിയിട്ടുണ്ട്; മുമ്പ് താക്കോലുണ്ടാക്കിയിരുന്ന ഇന്നത്തെ ഡയറക്ടർ വ്യവസായികോപകരണങ്ങളെ പ്രവർത്തന ക്ഷമമാക്കുകയും ചെയ്തിട്ടുണ്ട്. 'ഇതൊക്കെ ആരാണ് വിശ്വസിക്കുക?' ആരെങ്കിലും ഇതു വിശ്വസിക്കാതിരിക്കാൻ ശ്രമിച്ചു നോക്കട്ടെ!

വിപ്ലവം നടന്നു കൊണ്ടിരുന്ന കൊല്ലങ്ങളത്രയും സോവ്യററ് യൂണിയനിലെ ബഹുജനങ്ങൾ പ്രദർശിപ്പിച്ച അസാധാരണമായ ധൈര്യത്തെ വിശദീകരിക്കാൻ വേണ്ടി, ചില വിദേശ നിരീക്ഷകന്മാരും, പഴയ പതിവനുസരിച്ച്, എല്ലാം സഹിക്കുന്ന കൂട്ടത്തിലാണ് റഷ്യക്കാരൻെറ സ്വഭാവം എന്ന പല്ലവിയെ ആശ്രയിച്ചിട്ടുണ്ട്. ഇതു ഒരു വലിയ പൊരുത്തക്കേട് മാത്രമാണ്. വിപ്ലവകാരികളായ ജനങ്ങൾ കഷ്ടപ്പാടുകൾ സഹിക്കുന്നത് ക്ഷമയോടു കൂടിയാണ്, പക്ഷെ നിർജ്ജീവരായിട്ടല്ല. സ്വന്തം കൈകൾ കൊണ്ട് അവരൊരു നല്ല ഭാവി സൃഷ്ടിക്കുകയാണ്; എന്തു വില കൊടുത്തും അതു സൃഷ്ടിക്കാൻ അവരുറച്ചിരിക്കുകയുമാണ്. ക്ഷമയുള്ള ഈ ജനങ്ങളുടെ മേൽ സ്വന്തം അഭിലാഷം കെട്ടിയേല്പിക്കാൻ ശത്രു വർഗ്ഗം പുറമേ നിന്നു ഒന്നു ശ്രമിച്ചു നോക്കട്ടെ! പക്ഷെ, വേണ്ട; ശ്രമിച്ചു നോക്കാതിരിക്കുകയാണ് അവർക്കു നല്ലതു്.

## വിപ്ലവത്തിനു ചരിത്രത്തിലുള്ള സ്ഥാനം

റഷ്യൻ ചരിത്രത്തിൽ മാത്രമല്ല, ലോക ചരിത്രത്തിൽ തന്നെ, ഒക്ടോബർ വിപ്ലവത്തിന്നുള്ള സ്ഥാനമെന്തെന്ന് നിർണ്ണയിക്കാൻ ശ്രമിച്ചു കൊണ്ട് ഞാനവസാനിപ്പിയ്ക്കാം. **1917**—ാമതു് വർഷത്തിൽ, എട്ടു മാസങ്ങളിടവിട്ടുള്ള ഒരു കാലയളവിൽ, ചരിത്രപരമായ രണ്ടു രേഖകൾ പരസ്പരം ഛേദിച്ചു. ഫിബ്രവരി വിപ്ലവം ബൂർഷ്വാ വിപ്ലവങ്ങളുടെ കൂട്ടത്തിൽ പെടുന്നു—ഹോളണ്ടിൽ, ഇംഗ്ലണ്ടിലും, ഫ്രാൻസിലും, മിയ്ക്കവാറും യൂറോപ്യൻ ഭൂഖണ്ഡത്തിലെല്ലായിടത്തും തന്നെ, കഴിഞ്ഞ നൂററാണ്ടുകളിൽ നടത്തപ്പെട്ട ആ മഹൽ സമരങ്ങളുടെ, കാലം വൈകിയ ഒരു പ്രതിധ്വനി മാത്രമായിരുന്നു അതു്. ഒക്ടോബർ വിപ്ലവം തൊഴിലാളി വർഗ്ഗാധിപത്യം പ്രഖ്യാപിച്ചു; അതിൻെറ കാലഘട്ടം ആരംഭിക്കുകയും ചെയ്തു. ലോക മുതലാളിത്വത്തിനു് റഷ്യൻ മണ്ണിൽ വെച്ച് അതിൻെറ ആദ്യത്തെ വമ്പിച്ച പരാജയം പററി. ചങ്ങല അതിൻെറ ഏററവും ദുർബ്ബലമായ കണ്ണിയിൽ വെച്ചു പൊട്ടി. പക്ഷെ, പൊട്ടിയതു് കണ്ണി മാത്രമല്ല; ചങ്ങല തന്നെയായിരുന്നു.

മുതലാളിത്തം ഒരു ലോക വ്യവസ്ഥയെന്ന നിലയിൽ സ്വയം അതിജീവിച്ചു കഴിഞ്ഞിരിക്കുന്നു. മനുഷ്യ ശക്തിയുടെയും മനുഷ്യ സമ്പത്തിൻേറയും നിലവാരമുയർത്തുകയെന്ന പ്രധാന കർത്തവ്യം അതു് ഇന്നു് നിറവേററാതായിട്ടുണ്ട്. മനുഷ്യരാശിക്ക്, ഇന്നെത്തിച്ചേർന്നിരിക്കുന്ന നിലയിൽ തന്നെ കെട്ടി കിടക്കുവാൻ നിവൃത്തിയില്ല. ഉല്പാദന ശക്തിയിൽ വമ്പിച്ച വർദ്ധനവും, ആരോഗ്യകരവും ആസൂത്രിതവുമായ, എന്നു വെച്ചാൽ, സോഷ്യലിസ്റ്റ് രീതിയിൽ സംഘടിപ്പിച്ച ഉല്പാദന—വിതരണവും മാത്രമേ മനുഷ്യരാശിക്ക്—മനുഷ്യരാശിക്ക് മുഴുവൻ—മെച്ചപ്പെട്ട ഒരു ജീവിത നിലവാരവും അതേ അവസരത്തിൽ തന്നെ സ്വന്തം സാമ്പത്തിക ഘടനയെ സംബന്ധിച്ചേടത്തോളം തങ്ങൾ സ്വതന്ത്രരാണെന്ന അമൂല്യമായ ബോധവും നേടികൊടുക്കുകയുള്ളു. ഈ സ്വാതന്ത്ര്യ ബോധം രണ്ടു വിധത്തിലുള്ളതാണ്—ഒന്നാമതായി

ജീവിതത്തിലധിക ഭാഗവും ദേഹാദ്ധ്വാനത്തിനു വേണ്ടി ചിലവാക്കുവാൻ മനുഷ്യൻ നിർബ്ബന്ധിതനാവുകയില്ല. രണ്ടാമതായി, അവനു്, മാക്സിന്റെ നിയമങ്ങളെ, അവന്റെ പിന്നിൽ നിന്നു് പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന അന്ധവും കാണാൻ കഴിയാത്തതുമായ ശക്തികളെ ആശ്രയിക്കേണ്ടി വരില്ല. സാമ്പത്തിക ഘടനയെ അവൻ സ്വതന്ത്രമായി പ്ലാനനുസരിച്ചു്, കോമ്പസ്സ് കൈയിൽ വെച്ചുകൊണ്ടു്, പണി തീർത്തെടുക്കും. സമുദായ ഘടനയെ കമ്പോടുകമ്പു് ഒരു എക്സ്റേ പരിശോധനയ്ക്കു് വിധേയമാക്കി, അതിന്റെ സകല രഹസ്യങ്ങളും പുറത്തു കൊണ്ടു വന്നു്, അതിന്റെ പ്രവർത്തനങ്ങളെ മുഴുവൻ മനുഷ്യ രാശിയുടെ കൂട്ടായ ശക്തിക്കും അഭിലാഷത്തിനും വശഗമാക്കുക, എന്നതാണു് ഇനിയത്തെ പ്രശ്നം. ഈ അർത്ഥത്തിൽ, സോഷ്യലിസം മനുഷ്യ രാശിയുടെ പുരോഗതിയിൽ ഒരു പുതിയ കാൽ വെപ്പായിരിക്കും. ആദ്യമായി കല്ലു കൊണ്ടുള്ള ഒരായുധമുപയോഗിക്കാൻ തുടങ്ങിയ നമ്മുടെ ആ പ്രാചീന പിതാമഹന്റെ മുമ്പിൽ, പ്രകൃതി മുഴുവനും തന്നെ, അജ്ഞേയമായ ശത്രു ശക്തികളുടെ ഒരു ഗൂഢാലോചനയായിട്ടാണു് പ്രത്യക്ഷപ്പെട്ടതു്. പക്ഷെ, അതിനു ശേഷം, പ്രകൃതി ശാസ്ത്രവും, പ്രയോഗിക സാങ്കേതിക ശാസ്ത്രവും കൈ കോർത്തു പിടിച്ചുകൊണ്ടു് പ്രകൃതിയുടെ ഏററവും നിഗൂഢമായ വശങ്ങളിൽ പോലും പ്രകാശ മെത്തിച്ചിട്ടുണ്ടു്. വിദ്യുച്ഛക്തി ഉപയോഗിച്ചുകൊണ്ടു് ഭൌതിക ശാസ്ത്രജ്ഞൻ പരമാണുവിന്റെ ഘടനയെപ്പററി വിധിയെഴുതുന്നു. വളത്തെ സ്വർണ്ണവും, സ്വർണ്ണത്തെ വളവുമാക്കി മാററുകയെന്ന, പുരാതന കാലങ്ങളിലെ രാസ വസ്തു നിർമ്മാതാക്കളുടെ ആ കർത്തവ്യം, ആധുനിക ശാസ്ത്രം എളുപ്പം ചെയ്തു തീർക്കുന്ന കാലം വിദൂരമല്ല. പ്രകൃതിയുടെ ഭൂത പ്രേതകൾ ചീറി നടന്നേടത്തു് പ്രവർത്തനോത്സുകനായ മനുഷ്യന്റെ, ഇച്ഛാശക്തി അധികമധികം ധീരമായി ഭരണം നടത്തുകയാണിന്നു്.

പക്ഷെ, പ്രകൃതിയുമായി വിജയപൂർവ്വം മല്ലടിച്ചുകൊണ്ടിരുന്ന കാലത്തു്, മനുഷ്യൻ തന്റെ സഹ ജീവികളെ, ഉറുമ്പിനേയും തേനീച്ചയേയും എന്ന പോലെ, ആട്ടിത്തെളിയ്ക്കാൻ പററിയ രീതിയിലാണു് സാമൂഹ്യ ബന്ധങ്ങൾ വളർത്തിയെടുത്തതു്. മനുഷ്യ സമുദായത്തിന്റെ പ്രശ്നങ്ങളെ അവൻ സമീപിച്ചതു് സാവധാനത്തിൽ, വേച്ചു വേച്ചു നടന്നു കൊണ്ടാണു്. മരവിച്ച പാരമ്പര്യം ആധിപത്യം നടത്തിയിരുന്ന ഒരു രംഗത്തിൽ, ബൂർഷ്വാ വ്യക്തിത്വവാദവും യുക്തി ചിന്തയും നേടിയ ആദ്യത്തെ വിജയമായിരുന്നു മത പരിഷ്കരണം. പള്ളിയെവിട്ടു്, നിരൂപണചിന്ത, പിന്നീടു് ഭരണകൂടത്തെ പിടികൂടി. അനിയന്ത്രിത രാജാധിപത്യത്തിനും, മദ്ധ്യകാലങ്ങളിലെ സമുദായ ഘടനയ്ക്കുമെതിരായ സമരത്തിൽ കൂടി ഉയർന്നു വന്ന തത്വങ്ങൾ—ജനകീയ മേധാവിത്വത്തെപ്പററിയും, മനുഷ്യാവകാശങ്ങളെയും പൌരാവകാശങ്ങളെയും സംബന്ധിച്ച തത്വങ്ങൾ—കൂടുതൽ ശക്തിപ്പെട്ടു. അങ്ങിനെയാണു് പാർലിമെന്ററി വ്യവസ്ഥ ഉയർന്നു വന്നതു്. നിരൂപണ ചിന്ത ഭരണ നടത്തിപ്പിന്റെ രംഗത്തിലേയ്ക്കും കടന്നു ചെന്നു. ജനാധിപത്യത്തിന്റെ രാഷ്ട്രീയ യുക്തിചിന്തയാണു്

വിപ്ലവകാരിയായിരുന്ന മുതലാളിവൎഗ്ഗത്തിന്റെ ഏററവും ഉയൎന്ന നേട്ടം.

പക്ഷെ, പ്രകൃതിയ്ക്കും ഭരണരത്തിന്നുമിടയിലാണു് സാമ്പത്തീക ജീവിതത്തിന്റെ നില്പു്. സാങ്കേതികശാസ്ത്രം മനുഷ്യനെ മണ്ണു്, വെള്ളം, വായു മുതലായ പഞ്ചഭൂതങ്ങളുടെ ക്രൂരമായ മേധാവിത്വത്തിൽ നിന്നു് മോചിപ്പിച്ചു. പക്ഷെ, അപ്പോഴെക്കും മനുഷ്യൻ ഈ സാങ്കേതിക ശാസ്ത്രത്തിന്റെ തന്നെ ക്രൂരമായ മേധാവിത്വത്തിന്നടിപ്പെട്ടു പോയി. മനുഷ്യൻ പ്രകൃതിയുടെ അടിമയല്ലാതായി; യന്ത്രത്തിന്റെ അടിമയാകുകയും ചെയ്തു. സപ്ലൈ, ഡിമാണ്ടു്, എന്നിവയുടെ അടിമയായതാണു് കൂടുതൽ ക്രൂരം. ആഴിയുടെ അടിത്തട്ടിലേയ്ക്കാണ്ടിറങ്ങുകയും, വായുമണ്ഡലത്തിന്റെ അത്യുന്നത തലങ്ങളോളം പറന്നെത്തുകയും, അദൃശ്യമായ കാലതരംഗങ്ങളിലേറി പ്രാകൃത ജീവികളോടു സംസാരിക്കുകയും ചെയ്യുന്ന മനുഷ്യൻ—പ്രകൃതിയുടെ അഭിമാനിയും നിർഭയനുമായ, ഈ അധിനായകൻ—ഇപ്പോഴും സ്വന്തം സാമ്പത്തിക ഘടനയുടെ അന്ധശക്തികളുടെ അടിമയാണെന്നു് ലോകത്തെ ഇപ്പോൾ പിടി കൂടിയിരിക്കുന്ന കുഴപ്പം അത്യധികം വ്യസനകരമായ രീതിയിൽ വ്യക്തമാക്കുന്നു. മാക്കററിന്റെ അനിയന്ത്രിത വിഹാരത്തെ അവസാനിപ്പിച്ചു്, അതിന്റെ സ്ഥാനത്തു് യുക്ത്യാധിഷ്ഠിതമായ ആസൂത്രണമേർപ്പെടുത്തുക, ഉല്പാദനശക്തികളെ അച്ചടക്കത്തിന്നു് വിധേയമാക്കുക, പരസ്പരം ഉരസലുണ്ടാകാതെ, കൂട്ടു ചേൎന്നു മൈത്രിയിൽ വർത്തിച്ചു്, മനുഷ്യരാശിയുടെ ആവശ്യങ്ങളെ അനുസരണാപൂർവ്വം സേവിക്കുവാൻ അവയെ നിബന്ധിക്കുക—ഇതൊക്കെയാണു് നമ്മുടെ കാലഘട്ടത്തിന്റെ ചരിത്രപരമായ കടമകൾ. പുതിയ ഈ സാമൂഹ്യാടിസ്ഥാനത്തിൽ മാത്രമേ, മനുഷ്യനു്—ചില മനുഷ്യൎക്കു് മാത്രമല്ല, എല്ലാ സ്ത്രീ പുരുഷന്മാൎക്കും—തന്റെ തളരുന്ന അവയവങ്ങളെ വിശ്രമാൎത്ഥം, ഒന്നു മൂരി നിവൎത്തുവാനും, ചിന്താമണ്ഡലത്തിൽ പൂൎണ്ണ ശക്തിയോടു കൂടിയ പൌരനായിത്തീരാനും കഴിയുകയുള്ളു.

പക്ഷെ, ഇതു് പുരോഗതിയുടെ അന്ത്യഘട്ടമല്ല; ആരംഭം മാത്രമാണു്. താൻ സൃഷ്ടിയുടെ മകുടമാണെന്നാണു് മനുഷ്യൻ അവകാശപ്പെടുന്നതു്; ആ അവകാശത്തിന്നു് അവന്നു് ഒട്ടൊക്കെ ന്യായവുമുണ്ടു്. പക്ഷെ, മനുഷ്യൻ തന്നെ ജനുസ്സിലെ അവസാനത്തേതും ഏററവും ഉയൎന്നതുമായ പ്രതിനിധിയാണു് ഇന്നത്തെ മനുഷ്യനെന്നു് ആരാണു് പറഞ്ഞിരിക്കുന്നതു? ശാരീരികമായും മാനസികമായും പൂൎണ്ണതയിൽ നിന്നു് ബഹു ദൂരം വിട്ടാണു് ഇന്നത്തെ മനുഷ്യൻ നില്ക്കുന്നതു്; ജീവശാസ്ത്രപരമായി അവൻ കാലം തികയുന്നതിനു മുമ്പാണു് ജനിച്ചതു്; ദുർബ്ബലമാണു് അവന്റെ ചിന്ത; ആന്തരമായ ഒരു സമ തുലനാവസ്ഥ അവന്നിനിയും കൈവന്നിട്ടുമില്ല.

ചിന്തയിലും പ്രവൃത്തിയിലും അത്യുന്നതരായിരുന്ന ചില മഹദ്വ്യക്തികൾ മനുഷ്യ രാശിയിൽ നിന്നുയർന്നു വന്നിട്ടുണ്ടു്, എന്നതു വാസ്തവം തന്നെ. മല നിരകളിൽ ശിഖരങ്ങൾ പോലെ അവർ അവരുടെ സമകാലികരെക്കാളുയർന്നു നില്ക്കുന്നു. അരിസ്റ്റോട്ടൽ, ഷെയ്ക്സ്പീയർ, ഡാർവിൻ, ബെയാ

തോറൻ, ഗൊയ്ഥെ, മാർക്സ്, എഡിസൺ, ലെനിൻ എന്നിവരെപ്പററി മനുഷ്യ രാശിക്ക് തീർച്ചയായും അഭിമാനത്തിന്നവകാശമുണ്ട്. പക്ഷെ, ഇത്തരം മഹദ്വ്യക്തികൾ എന്തു കൊണ്ടാണ് ഇത്ര കുറച്ചുപേർ മാത്രമായിരിക്കുന്നതു്? സർവ്വോപരി, അവരെല്ലാം, മിക്കവാറും ഒന്നൊഴിയാതെ, ഉയർന്ന വർഗ്ഗത്തിൽ നിന്നോ, മദ്ധ്യവർത്തികളിൽ നിന്നോ, വന്നവരാണെന്നതുകൊണ്ട്. വളരെ ചുരുക്കം ചിലരെ ഒഴിച്ചു നിർത്തിയാൽ, അടിച്ചമർത്തപ്പെട്ടു കിടക്കുന്ന ജനങ്ങൾക്കിടയിൽ നിന്നുണ്ടാകുന്ന പ്രതിഭയുടെ തീപ്പൊരികൾ, ജ്വാലയായി വളരാൻ കഴിയുന്നതിനു മുമ്പുതന്നെ, കെട്ടു പോവുന്നു. മാത്രവുമല്ല, ഒരു മനുഷ്യജീവിയെ സൃഷ്ടിക്കുകയും വളർത്തിക്കൊണ്ടു വരികയും, വിദ്യാഭ്യാസം ചെയ്യിക്കുകയും ചെയ്യുക എന്ന പ്രവർത്തി പ്രധാനമായും ഒരു യാദൃശ്ചിക സംഭവമായിരുന്നു ഇതുവരെ; ഇന്നും അങ്ങിനെയാണ്; താത്വികവും പ്രയോഗികവുമായ വെളിച്ചം ഈ പ്രശ്നത്തിന്മേലേററിട്ടില്ല; ബോധപൂർവ്വകമായ പ്രവർത്തനത്തിന്നോ, മനുഷ്യചര്യക്കോ ഈ പ്രശ്നത്തെ വിധേയമാക്കിയിട്ടുമില്ല.

നരവംശ ശാസ്ത്രം, ജീവ ശാസ്ത്രം, ശരീര ശാസ്ത്രം, മനഃശാസ്ത്രം എന്നിവ, മനുഷ്യൻെറ ശരീരത്തെയും മനസ്സിനേയും വളർത്തി കൊണ്ടുവന്ന് പൂർണ്ണതയിലെത്തിക്കുകയെന്ന കർത്തവ്യത്തെ, അതിൻെറ സകല സാദ്ധ്യതകളോടും കൂടി മനുഷ്യ രാശിയുടെ മുന്നിൽ പ്രദർശിപ്പിയ്ക്കാൻ വേണ്ടത്ര വിവരങ്ങൾ സ്വരൂപിച്ചു വെച്ചിട്ടുണ്ട്. കവിതയുടെ ഭാഷയിൽ 'ആത്മാവ്' എന്നറിയപ്പെടുന്ന, ആ അടച്ചുകിടക്കുന്ന കിണററിൻെറ ആവരണത്തെ, മാനസികാപഗ്രഥന ശാസ്ത്രം, സിഗ്മണ്ട് ഫ്രോയ്ഡിൻെറ ആവേശ പ്രേരിതമായ കൈകളുടെ സഹായത്തോടു കൂടി, ഉയർത്തിയിട്ടുണ്ട്. അറിയപ്പെടാതെ കിടക്കുന്ന മാനസിക ശക്തികളുടെ പ്രവർത്തനത്തിൻെറ നേരിയ ഒരംശം മാത്രമാണ് നമ്മുടെ ബോധപൂർവ്വമായ ചിന്ത. വെള്ളത്തിൽ മുങ്ങിത്തപ്പുന്നതിൽ പരിശീലനവും വിജ്ഞാനവുമുള്ള ആളുകൾ, സമുദ്രത്തിൻെറ അടിത്തട്ടിലോളമിറങ്ങിച്ചെന്ന്, അജ്ഞാതമായ മത്സ്യങ്ങളുടെപടമെടുക്കുന്നു: ഇതേ രീതിയിൽ തന്നെ, മനുഷ്യൻെറ ചിന്ത, സ്വന്തം മാനസീക ശക്തികളുടെ ഉറവിടത്തോളമിറങ്ങിച്ചെന്ന്, ആത്മാവിനെ മുന്നോട്ടുനീക്കുന്ന അജ്ഞാത ശക്തികളുടെ മേൽ വെളിച്ചം വീശണം; അവയെ യുക്തിയ്ക്കും ഇച്ഛയ്ക്കും വശഗമാക്കുകയും വേണം.

സ്വന്തം സമുദായത്തിലെ ലക്കില്ലാത്ത ശക്തികളെ കീഴടക്കി കഴിഞ്ഞാൽ പിന്നെ, മനുഷ്യൻ, രസതന്ത്ര ശാസ്ത്രജ്ഞൻെറ ടൂബും തളികയുമുപയോഗിച്ച്, തൻെറ മേൽ തന്നെ പ്രവർത്തനമാരംഭിയ്ക്കും. അങ്ങിനെ, മനുഷ്യ രാശി ആദ്യമായി, സ്വയം ഒരു അസംസ്കൃത പദാർത്ഥമാണെന്ന്, അല്ലെങ്കിൽ, ശാരീരികമായും മാനസീകമായും, പകുതിപ്പണി മാത്രം തീർന്ന, ഒരു പദാർത്ഥമാണെന്ന് കരുതും. സോഷ്യലിസം, ഒരർത്ഥത്തിൽ കൂടി, ഗത്യന്തരമില്ലായ്മയിൽ നിന്ന് സ്വാതന്ത്ര്യത്തിലേയ്ക്കുള്ള ഒരു കുതിച്ചു ചാട്ടമായിത്തീരും. സകലവിധ വൈരുദ്ധ്യങ്ങളും പൊരുത്തക്കേടുകളുമുള്ള ഇന്നത്തെ മനുഷ്യൻ, കൂടുതൽ സുഖത്തിൽ ജീവിയ്ക്കുന്ന ഒരു പുതിയ നരവംശത്തിലെത്തിച്ചേരാനുള്ള മാർഗ്ഗം തുറക്കും.